കെ.പി. ... 

Reg: No. M. 2689
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൨൦ | കൊല്ലം ൧൯൪൮ ഫെബ്രുവരി ൯-ാംനു | ലക്കം ൨൦൩
പേജ് ൧൨ | ൧൧൨൩ മകരം ൨൭-ാംനു തിങ്കളാഴ്ച | ഒററപ്രതി അണ ൨

# ഗാന്ധിജിക്കു മരണമില്ല

## അനുശോചനസന്ദേശങ്ങൾ



### 'ഗാന്ധിജിയ്ക്കു മരണമില്ല'— താമങ്കർ

ലണ്ടൻ ഫെ: ൧—ഗാന്ധിജിയുടെ ശവസംസ്കാരത്തിന്റെ കഥ മുൻപുറത്തു ചേർക്കാതെ ഒരു ബ്രി: ഞായറാഴ്ചപ്പത്രവും ഇന്നു പുറത്തു വന്നിട്ടില്ല. ഓരോ പത്രത്തിലും ഗാന്ധിജിയെസംബന്ധിച്ച ഒരു ലേഖനമോ പത്രാധിപക്കുറിപ്പോ കാണപ്പെട്ടിരുന്നു. ഗാന്ധിജിക്കു പ്രശംസകൾ നൽകീട്ടുള്ളഎഴുത്തുകാരിൽ മി. ആമറിയും ബെല്ലു: കേസിയും ഉൾപ്പെട്ടും.

ഞായറാഴ്ചയാണിട്ടുകൂടി ഇന്ത്യാഹൌസിലുണ്ടായിരുന്ന തിക്കിനും തിരക്കിനും അറമില്ലായിരുന്നു. ഗ്രന്ഥശാലയിലുള്ള ഗാന്ധിജിയുടെ ഛായാപടത്തിന്റെ മുമ്പിൽ വെച്ചു പ്രാർത്ഥനനടത്തുവാൻ ഇന്ത്യൻ വിദ്യാർത്ഥികളും കച്ചവടക്കാരും വന്നു തടിച്ചുകൂടിയിരുന്നു.

എല്ലാ ചർച്ചുകളിലും ഗാന്ധിജിയ്ക്കുവേണ്ടി പ്രാർത്ഥന നടത്തപ്പെട്ടു.

റെയിനോൾഡ്സ് ന്യൂസിന്റെ ഇന്ത്യൻലേഖകനായ ഡി. വി. താമങ്കറാണു ഗാന്ധിജിയ്ക്കു ഏററവും ഹൃദ്യമായ പ്രശംസകൾ നൽകിയിട്ടുള്ളതു്. അദ്ദേഹം എഴുതുകയാണു്. "ഞാൻ ഗാന്ധിജിയെ കാണാൻചെന്നപ്പോഴെല്ലാം സ്വന്തം കുടുംബത്തിലെ ഒരനന്തിരവനോടെന്നപോലെയാണു അദ്ദേഹം എന്നോടു പെരുമാറിട്ടുള്ളതു്. ഞാൻ ഒടുവിൽകണ്ടപ്പോൾ അദ്ദേഹത്തിനു ഒരു ചോദ്യാവലി കൊടുക്കുകയുണ്ടായി. അതുനോക്കി അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു 'നിങ്ങളുടെ കയ്യെഴുത്തുപോലെതന്നെ മോശമാണല്ലോ നിങ്ങളുടെ അക്ഷരജ്ഞാനം' ഇതുന്നാലോചിക്കുമ്പോൾ എന്റെ സ്മരണയിൽവന്നു തിങ്ങിക്കൂടുന്ന ചെറിയ സംഭവങ്ങൾക്കു കണക്കില്ല.

അന്യോന്യവിശ്വാസത്തേയും സ്നേഹത്തേയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഏകീകൃതമായ ഒരു ഭാരതമായിരുന്നു അദ്ദേഹത്തിന്റെ ആദർശം. അദ്ദേഹം അതുകൊണ്ടു നിരാഹാരവ്രതമനുഷ്ഠിച്ചിട്ടുണ്ടു്. അദ്ദേഹം ഇതേദ്ദേശ്യത്തിൽ പരാജയപ്പെട്ടുവെന്നു ആർക്കു പറയാൻകഴിയും? ലോകത്തിൽ നശിപ്പിക്കാൻകഴിയാത്ത ഒരേ ഒന്നു് സ്നേഹമാണെന്നു അദ്ദേഹം എന്നോടു പറയുകയുണ്ടായി. ശരീരം നശിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ആത്മാവിന്നു് അവസാനമില്ല ഗാന്ധിജി അമരനത്രെ."

ഗാന്ധിജിയെ കൊലപ്പെടുത്തിയ ആളെന്നു പറയപ്പെടുന്ന നഥുറാംവിനായക്ഗോഡ്സെയെപ്പററി താമങ്കർ എഴുതുന്നു. "ഗാന്ധിജിയെ കൊല്ലുവാൻ പ്രതിജ്ഞചെയ്തിട്ടുള്ള അഞ്ചു, ആറു വ്യക്തികളിൽ ഒരാളാണു താനെന്നു ഗോഡ്സെ പോലീസിനോടു പറഞ്ഞിരിക്കുന്നു. ഞാൻ പൂനയിൽവെച്ചു് മൂന്നുമാസം മുമ്പു ഗോഡ്സെയെ കണ്ടിരുന്നു. അയാൾ മുസ്ലിങ്ങളുടെ ഒരു ബദ്ധശത്രുവാണു്. മുസ്ലീമിനു ഇന്ത്യയിൽ പൌരാവകാശമില്ലാതാക്കേണ്ടതിന്റെ ആവശ്യകതയേയും അതിനുള്ള താത്വികയുക്തികളേയും അയാൾ എനിക്കു വിവരിച്ചുതന്നു. ഹിന്ദുരാഷ്ട്രം എന്ന ഒരു പത്രത്തിന്റെ സമ്പാദകനാണു് ആ ബ്രാഹ്മണൻ. ഇന്ത്യയിലെ മുസ്ലിങ്ങൾ പാകിസ്ഥാനുവേണ്ടി ജിന്നായേയും ലീഗിനേയും അനുകൂലിച്ചു, ഇപ്പോൾ അവർക്കു പാകിസ്ഥാൻ കിട്ടിയിരിക്കുന്നു. ഇനിയവർ ഹിന്ദുസ്ഥാൻ വിട്ടുകൊള്ളട്ടെ എന്നായിരുന്നു അയാളുടെ വാദം. മാതൃഭൂമിയെ പങ്കിട്ടതിനു് ഹിന്ദുരാഷ്ട്രം പകവീട്ടുമെന്നും ആയാൾ പറഞ്ഞു. അവർ ഇന്ത്യയെ മുസ്ലിങ്ങൾക്കു വിൽക്കുകയാണു്. മഹാരാഷ്ട്രക്കാരുടെ പഴയ മഹിമയെപ്പററി പറയുമ്പോൾ അയാളുടെ കണ്ണുകളിൽ മതഭ്രാന്തിന്റെ ജ്വാലകൾ കാണാമായിരുന്നു. അയാൾ അമർഷത്തോടുകൂടി ഗാന്ധിജിയെ ശപിക്കുകയുണ്ടായി.

### "ഗാന്ധിജിയുടെ നേട്ടം"

സൺഡെക്രോണിക്കിൾ പത്രത്തിലെഴുതിയ ഒരു ലേഖനത്തിൽ മി. ആമറി ഇങ്ങിനെ പ്രസ്താവിക്കുന്നു. "ആററംബോംബിൽനിന്നു നമ്മെ സംരക്ഷിക്കുവാനും നമുക്കു സമാധാനവും സംതൃപ്തിയും അരുളുവാനും ഭൌതികവും യാന്ത്രികവുമായ പദ്ധതികളേക്കാൾ ഗാന്ധിജിയുടെ പന്ഥാവല്ലേ പ്രയോജനപ്പെടുക എന്നു് ഇന്നു നാം സംശയിച്ചുതുടങ്ങിയിരിക്കുന്നു, തന്റെ ജീവിതോദ്ദേശ്യം നിർവഹിച്ചുകാണുവാൻ അദ്ദേഹം ജീവിച്ചിരുന്നു എന്നതുതന്നെ ഒരു വലിയ കാര്യമാണു്. ബ്രിട്ടീഷ്ഗവൺമെന്റു ഭരണം കോൺഗ്രസ്സിനു നിരുപാധികമായി വിട്ടുകൊടുത്തു. അതു് ഒരു ഗംഭീരിച്ച നേട്ടമാണു്. അത്രയും ഒരാളുടെ; ഗ്രാമീണന്മാരെത്തന്നെ കോൺഗ്രസ്സിന്റെ പിന്നിൽ അണിനിരത്തിയിരുന്നതു് ഗാന്ധിജിയുടെ വ്യക്തിമഹാത്മ്യം ഒന്നുമാത്രമായിരുന്നു.

### 'അദ്ദേഹം അപൂർവമായ ഒരു സങ്കരമാണു്'—കേസി

ലണ്ടൻ ഫെ: 1—ബങ്കാൾഗവർണ്ണറായിരുന്ന ആർ ജി കേസി സൺഡേടൈംസ് പത്രത്തിൽ ഇങ്ങിനെ എഴുതുന്നു:—"ഇതു ഒരുവേള സാമുദായികവികാരങ്ങളുടെ നേരിട്ടുള്ള പ്രവർത്തനത്തിന്റെ ഫലമല്ലായിരിക്കാം. എങ്കിലും നാട്ടുകാരെ അടക്കിനിർത്തണമെങ്കിൽ പണ്ഡിററ്നെഹ്റുവിന്റേയും മി: ജിന്നായുടേയും മുഴുവൻ സ്വാധീനതാബലവും ആവശ്യമായിവരും. ഇന്ത്യ ഉദ്വേഗങ്ങളുടെ രാജ്യമാണു്. ഒരു കാററത്തിനു് ഏററവും അകന്ന ഒരു സാമുദായികമായ നൽകപ്പെട്ട എന്നിരിക്കുലുള്ള അതിന്റെ ഫലങ്ങൾ എന്തെല്ലാമായിരിക്കുമെന്നു് പറയുവാൻ കഴികയില്ല.

ഗാന്ധിജിയുമായി നടത്തിയ നീണ്ട ചർച്ചകൾക്കിടയിൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലേയ്ക്കു് തെല്ലെങ്കിലും ചുഴിഞ്ഞു കടക്കുവാൻ എനിയ്ക്കു സാധിച്ചിട്ടുണ്ടു്. അപൂർവ്വമായ ഒരു സങ്കരമാണു് അദ്ദേഹം. വ്യക്തിഗതമായ പല 'വശ'ങ്ങളും അദ്ദേഹത്തിനുണ്ടു്. തനിയ്ക്കു ബുദ്ധിപരമായ വലിയ കഴിവുകളുണ്ടെന്നോ വലിയ പഠിപ്പുണ്ടെന്നോ അദ്ദേഹം അവകാശപ്പെട്ടിട്ടില്ല. അദ്ദേഹം കുശലനും ഒരു നല്ല സംഭാഷണചതുരനുമാണു്.

നാട്ടുകാരുടെ മേൽ അദ്ദേഹത്തിനുള്ള സംശയാതീതമായ സ്വാധീനശക്തിയുടെ പ്രഭവം കണ്ടെത്തുവാൻ ഞങ്ങളുടെ സംഭാഷണങ്ങൾക്കിടയിൽ ഞാൻ ശ്രമിച്ചുനോക്കി. വ്യക്തിഗതമായ ഒരുതരം ഉൽക്കർഷമല്ലയും അദ്ദേഹത്തിനുള്ളതായിത്തോന്നിയില്ല. പല തെററുകളും അദ്ദേഹം ചെയ്തിട്ടുണ്ടു്. എന്നാലും അദ്ദേഹത്തിന്റെ നേട്ടങ്ങളുടെയോ യോഗ്യതകളുടെയോ എത്ര നീണ്ട പട്ടികയ്ക്കും നാട്ടുകാരുടെമേൽ അദ്ദേഹത്തിനുള്ള സ്വാധീനശക്തിയെ വിവരിക്കാൻ കഴികയില്ല. അതു വിവരിച്ചു തരുവാൻ ഞാനദ്ദേഹത്തോടാവശ്യപ്പെട്ടു. അതിലേയ്ക്കു വെളിച്ചം വീശുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഉണ്ടായതിതാണു്. ഞാനദ്ദേഹത്തെകണ്ടു; അദ്ദേഹത്തെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തിനു് ദുഃഖമയമായ പര്യവസാനത്തിൽ ഇന്ത്യക്കാർക്കും മറെറല്ലാവർക്കുമുള്ള ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു."

### 'ആ നാലുവെടികളുടെ ഫലങ്ങൾ ദീർഘദർശനം ചെയ്യുവാൻ ആർക്കും കഴികയില്ല'

സൺഡെ ഡിസ്പാച്ച്പത്രം ഒരു മുഖപ്രസംഗത്തിൽ പറയുന്നു. "തന്റെ ജീവിതകാലത്തുതന്നെ ഒരു കഥയായിത്തീർന്നുകഴിഞ്ഞിരുന്ന ഈ മനുഷ്യനെക്കുറിച്ചു വിരുദ്ധാഭിപ്രായങ്ങളുണ്ടായിരിക്കാം. പക്ഷെ, വർഗ്ഗീയമായ സംഘട്ടനങ്ങളുണ്ടായപ്പോൾ താൽക്കാലികശാന്തിയെങ്കിലും ഉളവാക്കുവാൻ അദ്ദേഹത്തിന്നാണു് കഴിഞ്ഞതു്. ഗാന്ധിജിയുടെ മരണത്തിൽമാത്രമല്ല അതു സംഭവിച്ച രീതിയിലും ഇന്ത്യക്കാർക്കു നഷ്ടം പററീട്ടുണ്ടു്. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ നാലുവെടികളുടെ ഫലങ്ങളെ തികച്ചും ദീർഘദർശനം ചെയ്യുവാൻ ആർക്കും കഴികയില്ല,"

### അന്യാദൃശമായ സ്വാധീനത

'ദപീപ്പ രം' എന്നപത്രം പ്രസ്താവിക്കുന്നു: "നാട്ടുകാരുടെമേൽ ഇത്രയും സ്വാധീനതചെലുത്താൻ കഴിഞ്ഞിട്ടുള്ള മററൊരഭിജ്ഞതയും നമ്മുടെകാലത്തുണ്ടായിട്ടില്ല. ഗാന്ധിജി എന്നും ഒരു സന്യാസിയല്ലായിരുന്നു. ചെറുപ്പകാലത്തു ഒരു ചെറിയ ഇന്ത്യൻവക്കീലായിരുന്നു അദ്ദേഹം. തെക്കെ ആഫ്രിക്കയിലേയ്ക്കു പോയപ്പോൾ സന്യാസിത്വത്തിന്റെ ഒരു തീപ്പൊരി അദ്ദേഹത്തിലുണ്ടായിരുന്നു. ജീവിതദർശനമാണു അദ്ദേഹത്തെ രൂപാന്തരപ്പെടുത്തിയതു്. സ്വതന്ത്രഭാരതമെന്ന ലക്ഷ്യം അദ്ദേഹത്തിന്റെ നേതൃത്വത്തിനു പ്രേരകമായി എല്ലാം കൃസ്ത്യാനികളും ക

(ശേഷം രണ്ടാംപേജിൽ)

(ഒന്നാംപേജിൽനിന്നും തുടർച്ച)
രിരിലേററപ്പെടുന്നുഎന്നതു മനുഷ്യവർഗ്ഗത്തിനു നേരിടുന്ന പരമമായ അത്യാഹിതമാണ്. അവർ അനശ്വരന്മാരായി വീണ്ടും ഉയർത്തെഴുന്നേല്ക്കുമെന്നതാണ് മനുഷ്യസമുദായത്തിന്റെ ഒരേ ഒരാശ."

## ഗാന്ധിജിയുടെ മരണം—ലണ്ടനിലെ പ്രതികരണങ്ങൾ

ലണ്ടൻ, ജനു: ൩൦—മി: കൃഷ്ണമേനോൻ പ്രാർത്ഥനയാരംഭിച്ചപ്പോൾ ഇൻഡ്യാഹൗസ് ഗ്രന്ഥശാലാംഗങ്ങളെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞിരുന്നു. അത്യാഹിതത്തെ പരാമർശിച്ചുകൊണ്ടു കൃഷ്ണമേനോൻ പറഞ്ഞു: "ഗാന്ധിജി പ്രതിഷ്ഠാപിച്ച ധാർമ്മികനിലകളുടെ പത്തിലൊരംശം നമ്മുടെ ജീവിതകാലത്തു നിർവ്വഹിക്കുവാൻകഴിഞ്ഞാൽമതി നമ്മുടെ നില നന്നാകുവാൻ."

ഇന്ത്യാഹൗസിലെ ഗാന്ധിജിയുടെ ഛായാപടത്തിന്റെമുമ്പിൽ പത്തുദിവസത്തേക്കു വിളക്കുവെയ്ക്കുന്നതായിരിക്കും.

മഹാത്മജിയുടെ മരണവർത്തമാനം ഗ്ലോബ്പ്രതിനിധി അറിയിച്ചപ്പോൾ മിസ്സ് അഗതാഹാരിസൺ പറഞ്ഞതു് "സ്തംഭിച്ചുപോയി" എന്നാണ്. ഒഴിവെടുത്തു കെൻറിൽ താമസിക്കുകയായിരുന്ന ഹാരിസൺ ഒഴിവുവേണ്ടെന്നുവെച്ച് ഉടനെ ലണ്ടനിലേക്കുപോയി. ഒരു വലിയ പൊതുയോഗം വിളിച്ചുകൂട്ടുകയാണ് അവരുടെ ഉദ്ദേശം.

"മരണവർത്തമാനം തന്നെ അഗാധമായി സ്പർശിച്ചിരിക്കുന്നു" എന്നാണു വെസ്റ്റ്മിൻസ്റ്ററിലെ ആർച്ച്ബിഷപ്പു പറഞ്ഞതു്. തങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരംകാണുവാനാവശ്യമായ പ്രേരണ ഗാന്ധിജിയുടെ സമാധാനപ്രേമം ഇന്ത്യാക്കാർക്കും പാകിസ്ഥാൻകാർക്കും നൽകുമെന്നു് അദ്ദേഹം വിശ്വസിച്ചു.

ലണ്ടനിലെ ആരബ്തന്ത്രപ്രതിനിധി നാളെ ഹൈക്കമ്മീഷണരെക്കണ്ടു തന്റെ അനുശോചനം അറിയിക്കുന്നതായിരിക്കും. പൗരസ്ത്യദേശത്തിനും ലോകത്തിനും പററിയ ഒരു വലിയ നഷ്ടമാണ് ഗാന്ധിജിയുടെ മരണം" എന്നു് അദ്ദേഹം ഗ്ലോബിനോടു പറഞ്ഞു.

ഈസ്റ്റ്ലണ്ടനിലെ പാവപ്പെട്ട തൊഴിലാളികൾ, തങ്ങൾ ൧൭ കൊല്ലംമുമ്പു കണ്ട ഗാന്ധിജിയുടെ സ്മരണയെ, ലണ്ടൻസന്ദർശനാവസരത്തിൽ മഹാത്മജി കിടന്നുറങ്ങിയിരുന്ന അറയുടെമുമ്പിൽനിന്നു പ്രാർത്ഥനനടത്തിക്കൊണ്ടു മാനിക്കുന്നു.

ദുഃഖമയമായ ഈ അവസരത്തിൽ നിന്നു പ്രാദുർഭവിച്ചിട്ടുള്ള വികാരൈക്യം കാഷ്മീറിലെ ഹിതപരിശോധനയുടെകാര്യത്തിൽ ഏറെത്താമസിയാതെ ഒരു യോജിപ്പുണ്ടാകുവാൻ സഹായിക്കുമെന്നു കരുതപ്പെടുന്നു.

## അദ്ദേഹം ഗാന്ധിജിയെ കാണുവാൻ വന്നു. പക്ഷെ—

ന്യൂഡൽഹി, ജനു: ൩൧ ബർമ്മാ പ്രധാനമന്ത്രി താക്കിൻനൂവിന്റെ രാഷ്ട്രീയകാര്യദർശിയായ യുകാൻ മഹാത്മാഗാന്ധിക്കു സമ്മാനിക്കുവാനുള്ള ഒരു ബർമ്മാ കർഷകത്തൊപ്പിയുമായി റംഗൂണിൽനിന്നു വിമാനമാർഗ്ഗം ഇവിടെയെത്തിയതു മഹാത്മാഗാന്ധി മരിച്ചു ഒരുമണിക്കൂർ കഴിഞ്ഞതിനുശേഷമായിരുന്നു.

## "പരമമായ ഒരു അത്യാഹിതം"

### ഗാന്ധിജിയുടെ മരണത്തെപ്പററി ഈവർ

ലണ്ടൻ, ജനു: ൩൧—താൻ വളരെയേറെ സ്നേഹിച്ചിരുന്ന നാട്ടുകാരിൽ ഒരാളുടെ കൈകൊണ്ടുതന്നെ ഇങ്ങനെയൊരാൾക്കു മരിക്കേണ്ടിവരുക എന്നതു പരമമായ ഒരു അത്യാഹിതമാകുന്നു എന്നാണു ഡെയിലി ഹെറാൾഡിലെ ഡബ്ളിയു എൻ. ഈവർ പറഞ്ഞതു്. എന്നാലും രാജ്യത്തിൽ സമാധാനം സ്ഥാപിക്കുവാനുള്ള ഒരു യത്നത്തിനിടയിലാണു അദ്ദേഹം മരിച്ചിട്ടുള്ളതു്. ഇതു ഒട്ടു വിലപെട്ട ഒരു പരാജയമോ അതോ വിജയത്തിന്റെ ഒടുക്കത്തെ മണിമുടിച്ചൂടലോ? എന്തോ വന്നുകൊള്ളട്ടെ, അദ്ദേഹം വ്യക്തിപരമായ വിജയം നേടിയിരിക്കുന്നു."

കൂടിക്കാഴ്ചയ്ക്കുചെന്ന ഒരു പത്രപ്രതിനിധിയോടു ഗാന്ധിജി ഈയിടെ പറഞ്ഞതിനെ ഇവിടുത്തെ നിരീക്ഷകന്മാർ അനുസ്മരിക്കുന്നു: "ഞാൻ എന്തിനുവേണ്ടി നിലകൊണ്ടിരുന്നുവോ ആ കാര്യങ്ങളെ നാട്ടുകാർ മാനിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഞാൻ പ്രചരിപ്പിച്ചിരുന്ന കാര്യങ്ങളെ അവർ ജീവിക്കുവാൻ അനുവദിക്കുന്നിടത്തോളംകാലം അവരെന്നെ കൊന്നാലും ഞാൻ അത്ര സാരമാക്കുകയില്ല."

മാഞ്ചെസ്റ്റർഗാർഡിയനെഴുതിയ ഒരു പത്രാധിപക്കുറിപ്പിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: 'ഇന്ത്യയ്ക്കു പൊതുജീവിതത്തിൽ ഒരു പുതിയതരം ധർമ്മബോധവും ഐശ്വര്യവും അദ്ദേഹം നൽകി. പാശ്ചാത്യരാജ്യത്തിനു്, എല്ലാററിലുംമീതെ, മതത്തിന്റെ വിലയും അർത്ഥവും പുതുക്കുകയും പുനരുദ്ധരിക്കുകയുംചെയ്ത ഒരാളാകുന്നു അദ്ദേഹം"

## കിങ്സ്ലിഹാൾ സെററിൽമെൻറിൽ ഗാന്ധിജിയുപയോഗിച്ചിരുന്ന അറ

ലണ്ടൻ, ജനു: ൩൧—കിങ്സ്ലിഹാൾ സെററിൽമെൻറിൽ ഗാന്ധിജി ഉപയോഗിച്ചിരുന്ന അറ അദ്ദേഹത്തിന്റെ ഒരു സ്ഥിരസ്മാരകമായിത്തീർന്നേക്കാം.

ഗാന്ധിജിക്കു വളരെ താല്പര്യമുള്ള പ്രവൃത്തികളുമായി സമ്പർക്കമുള്ള ഒന്നാണ് കിങ്സ്ലിഹാൾ. ഗാന്ധിജി ഒടുവിൽ ഇവിടെ വന്നപ്പോൾ ഉറങ്ങിയിരുന്നതും പ്രാർത്ഥന നടത്തിയിരുന്നതും സാധാരണ തൊഴിലാളികളുമായി സംസാരിച്ചിരുന്നതും ഈ അറയിൽവെച്ചായിരുന്നു. ഈ അറയെ വാർഡന്മാർ ശ്രദ്ധാപൂർവ്വം സംരക്ഷിച്ചുവരുന്നുണ്ടു്.

"ഈ അറയെ മഹാത്മാവിനെ ആരാധിക്കുവാനുള്ള ഒരു ക്ഷേത്രമായി സംരക്ഷിച്ചുപോരുവാൻ ഞാൻ തികച്ചും ഇഷ്ടപ്പെടുന്നു" എന്നാണു ഒരു വാർഡനായ എസ്സ്. ജെ. റസ്സൽ ഗ്ലോബ്പ്രതിനിധിയോടു പറഞ്ഞതു്, "അദ്ദേഹത്തിനു ഏററവും ഉചിതമായ സ്മാരകം ഇതായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു."

## കൃഷ്ണമേനോൻ ഡൽഹിയുമായി ആലോചന നടത്തുന്നു

ലണ്ടൻ, ജനു. ൩൧ ദിവംഗതനായ മഹാത്മാവിന്റെ ഒരു ക്ഷേത്രമായി മാറിക്കഴിഞ്ഞിട്ടുള്ള ഇന്ത്യാഹൗസിൽ പല വർഗ്ഗക്കാരുമായ ഇന്ത്യാക്കാർവന്നു തടിച്ചുകൂടിക്കൊണ്ടിരിക്കുന്നു. പല പ്രധാന കൃത്യങ്ങളും നിർത്തിവെച്ചു പലേടങ്ങളിൽനിന്നും ഇവിടെ വന്നെത്തുന്ന ഇന്ത്യാക്കാർക്കു കണക്കില്ല

ഒട്ടേറെ യൂറോപ്യന്മാർ അനുശോചനത്തിൽ പങ്കെടുത്തതായിരുന്നു ഇന്ത്യാഹൗസിലെ ഇന്നത്തെ ദൃശ്യങ്ങളുടെ ഒരു പ്രത്യേകത.

ഹൈക്കമ്മീഷണർ കൃഷ്ണമേനോൻ ഇന്ത്യാഹൗസിൽ അദ്ദേഹത്തിനുള്ള സ്വകാര്യമുറിയിലാണു ഇരിക്കുന്നതു്. അദ്ദേഹം ഡൽഹിയുമായി ടെലഫോൺസംഭാഷണം നടത്തുകയാണെന്നറിയുന്നു. കൃഷ്ണമേനോൻ കാര്യാലോചനകൾക്കുവേണ്ടി അടുത്തു ഡൽഹിക്കു പോവാനിടയുണ്ടെന്നു ഇന്ത്യൻവൃത്തങ്ങൾ സൂചിപ്പിക്കുന്നു.

## ബി: ബി. സി. ഒരു പ്രത്യേക ഗാന്ധിസ്മാരകപരിപാടി തുടങ്ങുവാനാലോചിക്കുന്നു

ലണ്ടൻ, ജനു: ൩൧—ബി. ബി. സി യുടെ യൂറോപ്യൻസർവ്വീസുകളിലും ആഭ്യന്തരസർവ്വീസുകളിലും ഗാന്ധിസ്മാരകമായ ഒരു പ്രത്യേകപരിപാടി ഉൾപ്പെടുത്തുന്നതിന്റെ സാദ്ധ്യതയെക്കുറിച്ച് ഇന്നു ആലോചന നടത്തിവരുന്നു.

അഞ്ചാംജോർജിന്റെ മരണത്തിനുശേഷം ഗാന്ധിജിയുടെ മരണത്തേക്കാൾ മറെറാരാളുടേതിനും ബി. ബി: സി. അതിന്റെ പരിപാടിയിൽ കൂടുതൽ പ്രാധാന്യം കൊടുക്കയുണ്ടായിട്ടില്ല.

മഹാന്മാരുടെ ശവദാഹങ്ങളുടെ ബഹുമതമായ ഈടുവെപ്പിൽ ബി ബി. സി. മഹാത്മജിയുടേതുകൂടി ചേർത്തിരിക്കുന്നു ഈ ഈടുവെപ്പിൽ ഗ്ലാഡ്സ്റ്റണിന്റേയും നൈററിംഗേലിന്റേയും ടെന്നിസന്റേയും റെക്കാർഡുകളുണ്ടു്.

## എല്ലാ ചർച്ചുകളിലും പ്രാർത്ഥന നടത്തുന്നു

ലണ്ടൻ ഫെ: ൧ - ഇന്നു ഞായറാഴ്ച ബ്രിട്ടനിലുള്ള എല്ലാ ചർച്ചുകളിലും ഇന്ത്യയ്ക്കുവേണ്ടി പ്രാർത്ഥനകൾ നടത്തുന്നുണ്ടു്.

ക്രിസ്ത്യൻആദർശങ്ങളുടെ മൂർത്തിമദ്ഭാവമെന്നു വിവരിക്കപ്പെടുന്ന ഒരാളുടെ ജീവിതത്തിന്റേയും മരണത്തിന്റേയും ആത്മീയപ്രാധാന്യം ശ്രോതാക്കളെ അനുസ്മരിപ്പിക്കുന്ന പരാമർശങ്ങൾ അസംഖ്യം പ്രസംഗപീഠങ്ങളിൽനിന്നു നടത്തിവരുന്നു.

'യേശുക്രിസ്തുവിന്റെ മാർഗ്ഗത്തിലൂടെ നമ്മെ നയിച്ച ആൾ' എന്നാണു ഇന്ത്യാഹൗസിലെ ഇന്നലത്തെ സമർപ്പണാഘോഷത്തിൽ പങ്കെടുത്ത ഇംഗ്ലീഷു പുരോഹിതന്മാർ മഹാത്മജിയെക്കുറിച്ചു പറഞ്ഞതു്.

## ബർമിങ്ങാമിൽ സ്മാരകസമ്മേളനം

ലണ്ടൻ ഫെ ൧—ഇന്നു ബർമ്മിങ്ങാമിലെ ഒരു വലിയ സ്കൂൾഹാളിൽവച്ചു നടത്തപ്പെട്ട ഗാന്ധിസ്മാരകസമ്മേളനത്തിൽ അനേകം ഇന്ത്യാക്കാരും ബ്രിട്ടീഷുകാരും പങ്കെടുത്തു. ബർമിങ്ങാം ഇന്ത്യൻസമാജത്തിന്റെ ആഭിമുഖ്യത്തിലാണു സമ്മേളനം നടത്തപ്പെട്ടിരുന്നതു്. സമാജാദ്ധ്യക്ഷനായ ഡാ: ഭിവാൻസിങ് ആദ്ധ്യക്ഷതവഹിച്ചു. ഗാന്ധിജിയുടെ ഒരുററമിത്രമായ ഡാ: കെ. വർഡിയും സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. വർഡി ഗായത്രിചൊല്ലി ഇംഗ്ലീഷിലേയ്ക്കു തർജ്ജിമചെയ്തു. ഒരു ഇംഗ്ലീഷ്‌യുവാവു ഗാന്ധിജിയുടെ മഹാത്മ്യത്തെക്കുറിച്ചു ഗുജറാത്തിയിൽ സംസാരിച്ചു.

ഹാമ്പ്ടണിലെ വികാരിയായ റെവ: സെസന്റ് ക്ലെയർഗാരഡ്ടൺ ഗാന്ധിജിയുടെ ആത്മാവിന്റെ ശാന്തിയ്ക്കുവേണ്ടി പ്രത്യേകപ്രാർത്ഥനനടത്തി.

## മലയായിലെ ഇന്ത്യൻ സമുദായക്കാർ

ലണ്ടൻ ഫെ: ൧—ക്വലാലമ്പൂരിൽ ഉദ്ഘാടനംചെയ്ത പുതിയ ഫെഡറൽപദ്ധതിയുടെ പ്രവർത്തനത്തിൽ മലയായിലെ ഇന്ത്യാക്കാരുടേയും പാകിസ്ഥാനികളുടേയും ഭാവിയെന്തായിരിക്കുമെന്നു ഒരു ലണ്ടൻപത്രപ്രവർത്തകസമ്മേളനത്തിൽവച്ചു മലയായിലെ ഗവർണ്ണർജനറലായ മാൽക്കം മാക്ഡൊണാൾഡിനോടു ഇന്നു ചോദിക്കയുണ്ടായി. മലയാക്കാരല്ലാത്തവരെ പൗരാവകാശങ്ങളിൽനിന്നൊഴിവാക്കണമെന്ന നിർദ്ദേശത്തെപ്പററി ചില ആക്ഷേപങ്ങളുണ്ടായിരുന്നു.

മലയായിൽ ജനിച്ചു പൗരാവകാശത്തിനു [illegible] അർഹത സമ്പാദിച്ചിട്ടുള്ള ഇന്ത്യക്കാരേയും പാകിസ്ഥാനികളേയും ഈ "ഒഴിവാക്കൽ" ബാധിക്കയില്ലെന്നു മാക്ഡൊണാൾഡ് പ്രഖ്യാപിക്കുകയുണ്ടായി.

## ഇന്ത്യയുടെ ഭാവിയെന്തായിരിക്കും

ലണ്ടൻ ഫെ: ൧—ഇന്ത്യയുടെ രാഷ്ട്രീയരംഗത്തിൽനിന്നു മഹാത്മജി അന്തർദ്ധാനം ചെയ്തതോടുകൂടി ഈ ചോദ്യമാണു് ഊഹാപോഹവിഷയമായി തീർന്നിട്ടുള്ളതെന്നു ഗ്ലോബിന്റെ തന്ത്രലേഖകൻ എഴുതുന്നു. കമ്യൂണിസ്റ്റ്പ്രേരണയ്ക്കും മാർഗ്ഗദർശനത്തിനും അനുസരിച്ചു പ്രവർത്തിക്കുന്ന പല പ്രസ്ഥാനങ്ങളും ഇന്ത്യയിൽ പ്രത്യേകിച്ചു തെക്കേഇന്ത്യയിൽ ഉണ്ടെന്നുള്ളതു നിസ്തർക്കമാകുന്നു. ഇന്നത്തെ ഇന്ത്യൻകാര്യങ്ങളിൽ തനിക്കുള്ള താല്പര്യങ്ങളെ മറച്ചുവെയ്ക്കുവാൻ റഷ്യ ഒട്ടും ശ്രമിച്ചിട്ടില്ല.

വികാസത്തിനും വിസ്താരത്തിനും പററിയ ഏററവും സമ്പുഷ്ടമായ നിലമാണു് ഇന്ത്യയിൽ റഷ്യകാണുന്നതു്. ഇന്ത്യയിലെ കർഷകന്മാരെ കമ്യൂണിസ്റ്റുതത്വസംഹിതയോടു കൂടുതൽ അടുപ്പിക്കുന്ന പ്രചരണവേലകൾ ഇന്ത്യയിൽ നടന്നിട്ടുണ്ടു്, നടക്കുന്നുമുണ്ടു്. കൂട്ടകൃഷിയുടെ ഗുണഗണങ്ങളെ പ്പററി ഭരണകർത്താക്കന്മാർതന്നെ കൃഷിക്കാർക്കിടയിൽ പ്രചരിപ്പിച്ചുവന്നിരുന്നു. ഇന്ത്യയിലെ ഈ സ്ഥിതിവിശേഷത്തെ നേരിടുവാൻ നെഹ്റുവും പട്ടേലും യോജിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

(ഗ്ലോബ്)

—0—

## ഇസ്പേഹാനി മടങ്ങുന്നു

ന്യൂയാർക്ക്, ജനുവരി ൩൧—കാശ്മീർതർക്കംസംബന്ധിച്ചു നോയൽബേക്കറുടെ ഉപദേഷ്ടാവായി ന്യൂയാർക്കിലേയ്ക്കു പോയിരുന്ന ഇസ്പേഹാനി അദ്ദേഹത്തിന്റെ ജോലി മുഴപ്പിച്ചിരിക്കുന്നു മിക്കവാറും. ഉടനെ അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു പുറപ്പെടുന്നതാണ്

ഇന്ത്യയിലേയും പാകിസ്ഥാനിലേയും കാര്യങ്ങളെക്കുറിച്ചു ഇസ്പേഹാനിയ്ക്കുള്ള പൂർണ്ണമായ ജ്ഞാനം എല്ലാ പ്രതിനിധിസംഘങ്ങൾക്കും നല്ലൊരു സഹായമായിരുന്നു എന്നു ഗ്ലോബിന്റെ തന്ത്രലേഖകൻ എഴുതുന്നു ഇസ്പേഹാനി ഇന്ത്യൻ സമ്മതിക്കുന്നതായി ഗ്ലോബിന്റെ തന്ത്രലേഖകൻ എഴുതുന്നു ഇസ്പേ സ്വകാര്യജീവിതം നയിക്കാൻവേണ്ടിയാണു ഇംഗ്ലണ്ടിലേയ്ക്കു മടങ്ങുന്നതു് പക്ഷെ എത്രകാലം എന്നാണു ഒരാളുടെ ചോദ്യം ജൂണിൽ മൗണ്ട്ബാറ്റൻപ്രഭു ഇന്ത്യയിലെ ഉദ്യോഗമൊഴിയുമ്പോൾ ഇസ്പേഹാനിയെപ്പററി കൂടുതൽ കേൾക്കുമാറാകുമെന്നു ചിലർ സൂചിപ്പിക്കുന്നു ഈ സമയത്തേയ്ക്കു ബ്രിട്ടനിലെ വാഷിംഗ്ടണിലെ തന്ത്രപ്രതിനിധിയുടെ കാര്യാലോചനയിൽ വരും ഉഴവംമെമ്പർമാരുടെ പേരിലും ഇതുമായി ബന്ധപ്പെടുത്തുന്നു.

—o—


# സ്തോത്രരത്നാകരം

(സവ്യാഖ്യാനം)

വ്യാഖ്യാതാ, എൻ. ബാപ്പുറാവു ബി ഏ; ബി. എൽ.

വില രൂപ ൧ ണ വ്

മാനേജർ, 'ശ്രീരാമവിലാസം'പ്രസ്സ്—കൊല്ലം

അന്താരാഷ്ട്രീയരംഗം V

# ഏഷ്യയും ഐക്യരാഷ്ട്ര സംഘടനയും

സർദാർ കെ. എം. പണിക്കർ

ഐക്യരാഷ്ട്രസഭയിൽ ആകെയുള്ള അൻപത്തിയെട്ടു വോട്ടിൽ നാലു വോട്ടിനു മാത്രമാണ് ലോകത്തിലെ ജനസംഖ്യയിൽ പകുതിയോളംവരുന്ന ൱ കോടി ജനങ്ങളുടെ പ്രാതിനിധ്യംവഹിക്കുന്ന ഏഷ്യയ്ക്കു അവകാശമുള്ളതു്. സെക്യൂറിറ്റികൗൺസിലിൽസീറ്റുള്ള ഏഷ്യയിലെഒരേ ഒരുരാജ്യം ചൈനയാണ്. ആ രാജ്യത്തിന്റെ സ്ഥാനംതന്നെ മററു മഹച്ഛക്തികളുടേതിനെക്കാൾ കീഴെയുമാണ്. ഇപ്പോൾ സ്വാതന്ത്ര്യംപ്രാപിക്കുന്ന ഏഷ്യൻ രാജ്യങ്ങൾക്ക് മെമ്പറാകാൻകഴിഞ്ഞെങ്കിൽ മാത്രമേ ഐക്യരാഷ്ട്രസഭയിൽ ഏഷ്യയ്ക്കു ശരിയായ അംഗീകാരം സിദ്ധിക്കുകയുള്ളു. അതുവരെ ഇന്ത്യയുടേയും ചൈനയുടേയും അഭിപ്രായങ്ങൾക്ക് പ്രസ്തുത സംഘടനയുടെ ചർച്ചകളിൽ യാതൊരു പ്രാബല്യവും ഉണ്ടായിരിക്കുകയില്ല.

ഏഷ്യയെ ലോകത്തിലെ ഒരു പ്രബലഘടകമായി ഐക്യരാഷ്ട്രസംഘം കണക്കാക്കിയിട്ടില്ല. ഭൂമിശാസ്ത്രപരമായി ഏഷ്യ ഛിന്നഭിന്നമാണ്. ഏഷ്യയിലുള്ള സോവ്യററ്പ്രദേശങ്ങൾക്ക സ്വതന്ത്രമായ പ്രാതിനിധ്യമില്ല. മദ്ധ്യപൂർവ്വദേശം ഒരു പ്രത്യേക പ്രദേശമായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ ഫലമായി ഇന്ത്യ, പക്കിസ്ഥാൻ, സയാം, ചൈന, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങൾക്ക മാത്രമാണ് ഐക്യരാഷ്ട്രസഭയിൽ പ്രാതിനിധ്യമുള്ളതു്. അധീശരാജ്യങ്ങൾക്ക വിധേയമായിക്കഴിയുന്ന ഇൻഡോനീഷ്യ, വിയററ്നാം, മലയാ എന്നിവയെ പ്രസ്തുത സംഘടനയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിന്റെ ഫലമായി ലോകത്തിലെ ആകെ ജനസംഖ്യയിൽ പകുതിയോളംവരുന്ന



൱ കോടി ജനങ്ങൾ അധിവസിക്കുന്ന ഏഷ്യക്കു ഐക്യരാഷ്ട്രസംഘത്തിൽ ആകെയുള്ള അൻപത്തിയെട്ടുവോട്ടിൽ നാലു വോട്ടിനുമാത്രമെ അവകാശമുള്ളു.

ഐക്യരാഷ്ട്രസംഘത്തിലുള്ള ഏഷ്യൻരാജ്യങ്ങളിൽ, ചൈനയ്ക്കു ഒരു മഹച്ഛക്തിയുടെ പദവി അനുവദിച്ചിട്ടുണ്ട്. സെക്യൂറിററികൗൺസിലിലെ വീറേറാഅവകാശമുള്ള ഒരു സ്ഥിരംമെമ്പറാണ് ചൈന. യൂറോപ്യൻകാര്യങ്ങളുടെ ചർച്ചയിൽ ഫ്രാൻസിനു എന്തു സ്ഥാനമാണോ ഉള്ളതു്, ആ സ്ഥിതിയാണ് വിദൂരപൗരസ്ത്യകാര്യങ്ങളിൽ ചൈനയ്ക്കുള്ളതു്. ജപ്പാനെ ചെറുത്തുനില്ക്കുകവഴി, ലോകത്തിന്റെ ആദരങ്ങൾക്ക ആ രാജ്യം പാത്രീഭവിച്ചിട്ടുണ്ട്. ആഭ്യന്തരസമരം, വമ്പിച്ച നാണയപ്പെരുപ്പം, പൊതുവിലുള്ള സാമ്പത്തികക്കുഴപ്പം എന്നീ കാരണങ്ങളാൽ ചൈനയുടെ നിലയ്ക്കു ക്ഷീണം തട്ടിയിട്ടുണ്ടെങ്കിലും ആ രാജ്യത്തിന്റെ ചരിത്രത്തിലെ ഏററവും വലിയ വിഷമസന്ധി തരണംചെയ്തു കഴിഞ്ഞിരിക്കുന്നു. അവ ക്രമേണ ശക്തിപ്രാപിച്ചുവരികയുമാണ്. ഭാവിയിലെ ഒരു മഹച്ഛക്തിയാണു ചൈന. ഇപ്പോൾതന്നെ അവരുടെ സ്വാധീനശക്തിയും അധികാരവും അവഗണിക്കത്തക്കതല്ല.

നയതന്ത്രപരമായ കളികളിൽ വളരെ സൂക്ഷിച്ചു, എന്നാൽ ഉറപ്പിച്ചും ഉള്ള ഒരു നിലയാണു ചൈന സ്വീകരിച്ചിട്ടുള്ളതു്. യാൾട്ടാതീരുമാനങ്ങൾക്കു ശേഷമാണു ചൈനയുടെ നയത്തിനു ഒരു പുതിയ വ്യതിയാനം സംഭവിച്ചതു. ചരിത്രപ്രസിദ്ധമായ ആ സമ്മേളനത്തിൽവച്ചു് റൂസ്‌വെൽററ്, ചർച്ചിൽ, സ്റ്റാലിൻ എന്നീയുദ്ധകാലനേതാക്കന്മാർ ചൈനയുടെ ഭാഗംകൂടി തങ്ങൾതന്നെ തീരുമാനിച്ചുകളഞ്ഞു. തന്നെയുമല്ല, ചൈനയെക്കൂടാതെ ചെയ്തതും ചൈനയെ ബന്ധിക്കുന്നതും ആയ ആ തീരുമാനങ്ങൾ സ്വീകരിക്കണമെന്നു അവരെ ഉപദേശിക്കകൂടി ചെയ്തു. യാൾട്ടാ ഉടമ്പടിപ്രകാരം ബാഹ്യമംഗോളിയയുടെ സ്വാതന്ത്ര്യം അംഗീകരിക്കപ്പെടുകയും ഡേരിയനിലെ സോവ്യററ് പ്രദേശങ്ങൾക്കും പോർട്ട് ആർതറിനും പ്രത്യേകാധികാരം നൽകുകയും ചെയ്തുകൂടാതെ മഞ്ചൂറിയൻറയിൽവേ ലൈനിൽ റഷ്യയുടെ താല്പര്യങ്ങൾ അംഗീകരിക്കുകയും ചെയ്തു. ഇതു ചൈനയ്ക്കു ഒരു ഞെട്ടൽ ഉളവാക്കി. ഈ തീരുമാനങ്ങളെ ചൈന അംഗീകരിച്ചെങ്കിലും, മേലാൽ പാശ്ചാത്യരാഷ്ട്രങ്ങളുടെ സഹായത്തെ അതിരുകടന്നു വിശ്വസിക്കരുതെന്ന നയത്തെ അടിസ്ഥാനമാക്കിയാണ് അതിൽ പിന്നെയുള്ള അവരുടെ നില. കമ്യൂണിസ്റ്റുകാരെ നേരിടുവാൻ അമേരിക്കയുടെ സഹായം ഒഴിച്ചുകൂടാൻ പാടില്ലാതെ വന്നതിനാൽ, സ്വതന്ത്രമായ ഒരു വിദേശനയം സ്വീകരിക്കുവാൻ ചൈനയ്ക്കു സാധിക്കാതെയായി. ചൈനയ്ക്കു വൻതോതിൽ ധനസഹായം ചെയ്യരുതെന്നാണ് വെഡമെയർറിപ്പോർട്ടു ശുപാർശചെയ്തതെന്നു കരുതപ്പെടുന്നു. ചൈനയ്ക്കു സഹായം ചെയ്യണമെന്നുള്ള ഉദ്ദേശം മാർഷൽപദ്ധതിയിൽ ആദ്യം ഉൾപ്പെട്ടിരുന്നില്ലെന്നുള്ളതു തീർച്ചതന്നെ. ബാഹ്യസഹായം ലഭിക്കാത്തപക്ഷം സ്വന്തരാജ്യത്തിലെ കമ്യൂണിസ്റ്റുകാരോടു സമരംചെയ്യാനോ, താറുമാറായ സാമ്പത്തികനില നല്ല സ്ഥിതിയിൽ എത്തിക്കുവാനോ അങ്ങിനെ ലോകരംഗത്തു ആ രാജ്യം അർഹിക്കുന്ന സ്ഥാനം കരസ്ഥമാക്കാനോ അടുത്തകാലത്തു സാധിക്കുകയില്ലെന്നുള്ളതു പ്രത്യക്ഷമാണ്. കൂടാതെ കമ്യൂണിസത്തെ എല്ലായിടത്തും ചെറുക്കുന്ന കാര്യത്തിലാണ് എല്ലാവിധത്തിലും ചൈന സഹായിക്കപ്പെടേണ്ടതും. അങ്ങിനെ വെഡമെയർറിപ്പോർട്ടിനെയും നാങ്കിങ്ങിലെ ഭരണവൈഷമ്യങ്ങളേയും അവഗണിച്ചും പുനരുദ്ധാരണപദ്ധതിയിൽ ചൈനയെക്കൂടി ഉൾപ്പെടുത്തുവാൻ വാഷിംഗ്ടൻ തീരുമാനിച്ചു, എന്നാൽ ഇതിന്റെ അർത്ഥം വാഷിംഗ്ടൺ ചൊല്ലിക്കൊടുക്കുന്നതു് ചൈന അതേപടി അനുസരിക്കുമെന്നാണോ? വാഷിംഗ്ടണിൽ നയരൂപീകരണം നടത്തുന്നവർ പ്രതീക്ഷിക്കുന്നിടത്തോളം അങ്ങിനെ ചെയ്യാതിരിക്കുവാൻ മതി. ലോകമാകെ റഷ്യയെ എതിർക്കുന്നതിൽ അമേരിക്ക നടത്തുന്ന സമരത്തിൽ ചൈന മർമ്മപ്രധാനമായ ഒരു സ്ഥാനമാണ് വഹിക്കുന്നതെന്നു അവർക്കറിയാം. അവരുടെ സഹായംകൂടാതെ ഈ സമരം തുടർന്നുനടത്തുവാൻ സാധിക്കുകയില്ലെന്നും അവർക്ക നിശ്ചയമുണ്ട്. അതിനാൽ ചൈനയുടെ സഹായസഹകരണത്തെ ആശ്രയിച്ചാണ് അമേരിക്കയുടെ വിജയം സ്ഥിതിചെയ്യുന്നതു്.

റഷ്യയുമായി ആദ്യമേയുണ്ടായിരുന്ന ബന്ധം സ്ഥാപിക്കുക എന്നതുകൂടാതെ, ചൈനയെ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം ജപ്പാന്റെ അത്ഭുതകരവും സത്വരവും ആയ പുനരുജ്ജീവനമാണ്. വിദൂരപൂർവ്വദേശസ്ഥിതിഗതികളിലെ ഒരു പ്രധാനപ്പെട്ട കാര്യമാണിതു്. തോററുപോയെങ്കിലും, ജപ്പാൻ അവഗണിക്കാൻപാടില്ലാത്ത ഒരു ഘടകമാണ്, അവരുടെ വ്യാപാരം വർദ്ധിച്ചുവരുന്നു. അവരുടെ വ്യവസായസംരംഭങ്ങളെ ജനറൽ മാക്കാർതർ സംരക്ഷിച്ചിരിക്കുന്നു. തോൽവിമൂലം സംഭവിച്ചിട്ടുള്ള കുറവുകൾക്കെല്ലാം പരിഹാരം ചക്രവർത്തിയുടെ നേതൃത്വത്തിൽ വരുത്തിക്കഴിഞ്ഞു. വിഭജിക്കുന്ന ജർമ്മനിയുടേയും, കക്ഷിമത്സരംമൂലവുംമററും ശക്തിഹീനമാക്കപ്പെട്ട ഇററലിയുടേയുംമാതിരിയല്ലാതെ ജപ്പാൻ ഒരു ഐക്യരാഷ്ട്രമായി തോൽവിമൂലം സംഭവിച്ച അപമാനം ഇല്ലായ്മചെയ്യുവാൻ ദൃഢനിശ്ചയത്തോടെ പ്രവൃത്തിച്ചുകൊണ്ടിരിക്കയാണ്. ജപ്പാൻ ഒഴിഞ്ഞുകൊടുത്ത സ്ഥാനത്തു പ്രവേശിക്കാമെന്നു കരുതിയിരുന്ന ചൈനക്കു ഇതു അത്ര സന്തോഷപ്രദമായ കാര്യമല്ല.

ഐക്യരാഷ്ട്രസംഘടനയിൽ (സെക്യൂരിററി കൗൺസിലിൽ) ആലോചനയ്ക്കുവന്നതും ഏഷ്യയെ സംബന്ധിച്ചതും ആയ ഒരു പ്രധാനപ്രശ്നം ഇൻഡോനീഷ്യൻ സമരത്തെ സംബന്ധിച്ചായിരുന്നു. സെക്യൂറിററി കൗൺസിലിന്റെ പ്രാതിനിധ്യസ്വഭാവത്തെ അവിടെ നടന്ന വാദപ്രതിവാദങ്ങൾ ഒന്നുകൂടി ഉറപ്പിക്കുകയേ ചെയ്തുള്ളു. മാതൃരാജ്യങ്ങൾക്കായിരുന്നു ഭൂരിപക്ഷം, കോളനികളെ സംബന്ധിച്ച കാര്യങ്ങളിൽ അവർക്കുണ്ടായിരുന്ന യോജിപ്പ് വെളിപ്പെടുത്തുവാൻ പ്രത്യേകം വാദമുഖങ്ങൾകൊണ്ടുവരേണ്ടതായിട്ടില്ലതന്നെ. തങ്ങളുടെ സാമ്രാജ്യത്വശക്തിയോട് കലഹിക്കുന്ന ഒരു ആശ്രിതജനതയെ ഇംഗ്ലണ്ടോ ഫ്രാൻസോ അനുകൂലിക്കുമെന്നു കരുതുന്നതു് കേവലം മൗഢ്യമാണ്. ഇന്നത്തെ ചുററുപാടിൽ അമേരിക്ക ഈ രാജ്യങ്ങളോടുചേർന്നു നിൽക്കുമെന്നുള്ളതും അനിവാര്യമായ ഒരു വസ്തുതയാണ്. ഇതിന്റെ ഫലമായി ത്രാസിന്റെഘനമുള്ളഭാഗം ഹോളണ്ടിന്റെ വശത്തേയ്ക്കാണ് ചാഞ്ഞുനിന്നിരുന്നതു്. ഇതാണ് സെക്യൂറിററി കൗൺസിലിൽ അംഗത്വംലഭിക്കുന്നതിനുള്ള ഇൻഡ്യയുടെ വാദത്തിനു അടിസ്ഥാനം. ഏഷ്യയെ സംബന്ധിച്ചിടത്തോളം സെക്യൂറിററികൗൺസിലിനു പ്രാതിനിധ്യസ്വഭാവം തീരെയില്ലെന്ന് മിസ്സിസ് പണ്ഡിററ് ഇന്നുതന്നെ പറഞ്ഞു. ഇതു അപത്ഥ്യപൂർണ്ണമായ ഒരു പ്രസ്താവനയാണ്. എന്തെന്നാൽ ഏഷ്യയുടെ സുരക്ഷയെ അപകടപ്പെടുത്തുന്ന മാതൃരാജ്യശക്തികൾ അവിടെ പ്രാബല്യത്തിൽ ഉണ്ട്.

ഉടനെ സ്വാതന്ത്ര്യംപ്രാപിക്കുന്ന മററു രാജ്യങ്ങൾക്ക് സെക്യൂറിററികൗൺസിലിൽ സ്ഥാനംലഭിച്ചെങ്കിൽമാത്രമെ ഐക്യരാഷ്ട്രസംഘത്തിൽ ഏഷ്യയ്ക്കു ശരിയായ പ്രാതിനിധ്യംലഭിച്ചു എന്നുപറയുവാൻ സാധ്യമാകൂ. സ്വതന്ത്രമായ ബർമ്മയും, സിലോണും, ഇൻഡൊനീഷ്യയും, വിയററ്നാമും സ്വാതന്ത്ര്യം ഉച്ചരിക്കുവാൻ തുടങ്ങുമ്പോഴേക്ക ഏഷ്യയ്ക്കും പ്രാമാണ്യം സിദ്ധിക്കും. ഈ സമ്മേളനനടപടി വെളിപ്പെടുത്തിയതുപോലെ അതുവരെ ചൈനയുടെയും, ഇൻഡ്യയുടേയും വാദങ്ങൾക്ക ഒരു പ്രാധാന്യമുണ്ടായിരിക്കയില്ല.

(എൻ. പി. എസ്)

—o—

## സ്തോത്രരത്നാകരം

—o—

(സവ്യാഖ്യാനം)

വില രൂപ ൧ ണ ൨.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

എളുപ്പമുള്ള പ്രശ്നം

## സമ്മാനം Rs. 25000

(മുഴുവൻ തുകയും പിരിയുന്നപക്ഷം)

പ്രശ്നം

I 48.

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

അഞ്ചുസമ്മാനം

ക: 1,0000
6,000
4,000
3,000
2,000

കഴിഞ്ഞ പ്രശ്നത്തിന്റെ ഉത്തരം

38

| | | | |
|---|---|---|---|
| 16 | 2 | 11 | 9 |
| 5 | 15 | 6 | 12 |
| 7 | 13 | 4 | 14 |
| 10 | 8 | 17 | 3 |

4 മുതൽ 19 വരെയുള്ള അക്കങ്ങൾകൊണ്ടു് പൂരിപ്പിക്കുക. ഓരോവരിയും നേരേയും കുറുകേയും കോണോടുകോണും കൂട്ടിയാൽ തുക 46 കിട്ടണം. ഒരക്കം ഒരു പ്രാവശ്യമേ ഉപയോഗിക്കാവൂ.

മദ്രാസ് റിലയൻസ് ബാങ്ക് ഓഫ് ഇൻഡ്യയിൽ സീൽവച്ചു സൂക്ഷിച്ചിട്ടുള്ള ഉത്തരത്തിനു സമമായിരിക്കുന്നതിനു് ഒന്നാംസമ്മാനം. ആദ്യത്തെ രണ്ടുവരിമാത്രം ശരിയാകുന്നവക്ക് രണ്ടാംസമ്മാനം. ഒന്നാമത്തെവരിമാത്രം ശരിയാകുന്നവക്ക് മൂന്നാംസമ്മാനം. ആദ്യത്തെ രണ്ടു് അക്കംമാത്രം ശരിയാകുന്നവക്ക നാലാംസമ്മാനം. ആദ്യത്തെ ഒരക്കംമാത്രം ശരിയാകുന്നവക്ക അഞ്ചാംസമ്മാനം.

അവസാനതിയതി 21-2-1948 ഫലം 7-3-1948

പ്രവേശനഫീസ്: ഒരുത്തരത്തിനു് 1 രൂപാ
6 ഉത്തരങ്ങൾക്കു് 5 രൂപാ മാത്രം.

നിബന്ധനകൾ — വെള്ളക്കടലാസിൽ എത്ര ഉത്തരം വേണമെങ്കിലും അയയ്ക്കാം. പ്രവേശനഫീസ് പോസ്റ്റൽ ആർഡറായോ മണിയാർഡറായോ അയയ്ക്കണം. രജിസ്റ്റർചെയ്തയയ്ക്കുന്നതു നന്നു്. അല്ലാത്തപക്ഷം കിട്ടാത്തതോ നഷ്ടപ്പെടുന്നതോ ആയ ഉത്തരങ്ങൾക്ക ഞങ്ങൾ ഉത്തരവാദികളല്ല. പിരിഞ്ഞുകിട്ടുന്ന തുക 25,000-ൽകുറവാണെങ്കിൽ അതനുസരിച്ചു സമ്മാനത്തുകയും കുറയ്ക്കുന്നതായിരിക്കും. എല്ലാ കാര്യങ്ങളിലും ഞങ്ങളുടേതു് അവസാനതീരുമാനമായിരിക്കും. മററു നിബന്ധനകൾ പതിവുപോലെ. ഒന്നും രണ്ടും സമ്മാനാർഹരെ കമ്പിമൂലം അറിയിക്കും. എല്ലാവർക്കും ഉത്തരം അയച്ചുകൊടുക്കുന്നതാണ്. എഴുത്തുകുത്ത് ഇംഗ്ലീഷിൽ.

ലക്കി & കമ്പനി (ഗവ: രജി: 1564)
43,5 ഈശ്വരൻ സ്ട്രീറ്റ്, മദ്രാസ്—17.

# തകർന്ന ഹൃദയം

എസ്. കെ. പെരിനാട്

അന്തിവന്നെത്തുംമുമ്പിലയ്യയ്യോ! പകലോന്റെ
പൊൻതിരുബിംബംഗ്രസിച്ചെന്തിനായ്, തമസ്സേ! നീ!
വിശ്വദീപത്തെക്കുത്തിക്കെടുത്ത കരിംവണ്ടേ!
വിശ്വസ്നേഹഹൃദയത്തിൽ കത്തിവച്ചല്ലോനീയും

* * *

രണ്ടായിരംവർഷത്തിനപ്പുറം "കാൽവരി"യിൽ
കണ്ടഭാരരംഗം വീണ്ടുമുണ്ടായിട്ടിതാപൊന്തി;
പണ്ടത്തെതാണ്ഡവംകളിക്കുന്നിതു കാലംഭസ്സിൽ
ചണ്ഡരൂപിണിഹിംസ,യഹിംസാവധത്തിനായ്.
മേൽക്കുമേൽ പരിഷ്കാരവെൺനുരവമിക്കിലും
വാശ്ശുന്ന മൃഗീയമാം ക്രൌര്യമീയാഴികളിൽ
എത്രനാളാന്തടച്ചിട്ടും മായുന്നില്ലഹോ! മർത്ത്യ-
ചിത്തത്തിൽപുരണ്ടോരപ്പാപധൂമത്തിൻരേഖ

* * *

പൂവൽമെയ്യേലുമോമൽ പൌത്രികാപാർശ്വങ്ങളിൽ
തൂവെള്ളഖദറണിച്ചിറകിൽ പററച്ചേർന്നും
ആമഞ്ഞ ജ്യോതിരുചിദീർഘനാഡികാതുണ്ഡ-
ശ്രീമണിഹംസം, ലോകശാന്തിതൻ രാഗംവാർന്നും
ആരെയും കഴക്കുമാറയരും നീരക്ഷീര-
കാര്യങ്ങൾ തിരിയ്ക്കുവാൻ-പ്രാർത്ഥിയ്ക്കുന്നയവെ,
തോക്കുചൂണ്ടിയ മർത്ത്യഘാതകാ! നിൻതാതന്റെ
നേർക്കുതാണെല്ലോ നീയുമീക്കൊടുംശരമെയ്തു.

* * *

തോക്കെടുക്കുവാൻ നിന്നെപ്പഠിപ്പിച്ചോരാവേട്ട-
നാട്ടുകാരുംവെള്ളക്കാരു മിന്നെന്തുദയാലുക്കാൾ
എന്തിനതിരിച്ചേക! സാമ്രാജ്യഗേഹത്തിന്റെ
വൻതുടത്താക്കോലവർ വൃദ്ധഹസ്തങ്ങളിൽ.
സ്വാതന്ത്ര്യപ്പെട്ടാൽനൽകി ത്തടവുംസത്യത്തിന്റെ
പൂതരാംകൈകൾക്കല്ലോ കടിച്ചുമൂർഖപ്പാമ്പേ!
കഷ്ടിച്ചുരണ്ടോമൂന്നോ കാരിരുമ്പിൻതുണ്ടുകൾ
നഷ്ടമായതോ ജീവാത്മക്കൾ നാല്പതുകോടി.

* * *

അക്കന്യാകുമാരിമുതാട്ടാ ഹിമാചലമതാ
ചിക്കെന്നുകരുവാളിച്ചന്ധമായ് നിശ്ശേഷമായ്
തൽക്ഷണം ഭൂഗോളത്തെച്ചുററിയാ വിഷജ്വാല
നിഷ്ക്രമിക്കുന്നുവാനിൽ ഗംഗതൻതറവാട്ടിൽ
അബ്ധിയുമാകാശവു മൊന്നുചേർന്നലയ്ക്കുന്നു

# വീണടിഞ്ഞെന്നോ!

ഈ. ഏ. കാർളോസ്
(കേക)

ഇൻഡ്യതൻജീവസ്പന്ദം നിലച്ചു വിശ്വപ്രേമ-
മന്ദിരം തകർന്നയ്യോ വീണടിഞ്ഞെന്നോ കേൾപ്പൂ!
മാറിലോമഹാത്മാവേ ശാന്തിതൻമൂർത്തേ നിൺ
മാറപോൽചിന്തുംമാറ തീയുണ്ടഭവാനോററ.
എന്തുവാനഹിംസയ്ക്കായുഴിഞ്ഞ ഏതാർ തോക്കിൻ-
നിന്ദ്യമാം ഹിംസാപാത്ര,മെങ്ങനെസഹിക്കേണ്ടു.
പാവത്രിമാർക്കുഴംതോളിൽ കൈകളർപ്പിച്ചാഗ്രൂ
പ്രാർത്ഥനായോഗത്തിന്റെ വേദിമേൽപദംവയ്ക്കെ,
പാദസീമനിവന്നു നമ്രനായ് 'വിനായക'
നീ ദയാഹീനം നോക്കിയാദിവ്യമുഖാംബുജം.
കാരുണ്യംതുളുമ്പുമക്കണ്ണിനു കണ്ടാലേതു
ക്രൂരനു തോക്കെന്തുവാൻ തോന്നീടും നിന്ദ്യാത്മാവേ,
കൃപ്പകൈയുമായ് നിന്നാപുണ്യധാമത്തെ ഞങ്ങ-
ളോർപ്പതിൻമുമ്പേ വെടിവച്ചുനീചീഴിച്ചല്ലോ.
ആർഷഭാരതത്തിലെ പൂർവ്വയോഗീന്ദ്രർക്കെല്ലാം
ഹർഷദായകംനിന്ന മന്ദാരമല്ലോവീണു
രാഷ്ട്രലക്ഷങ്ങൾക്കെല്ലാമേകമാമാധ്യാത്മിക-
നേട്ട,മാനേതാക്കളിന്നിരുളിൽ തപ്പീടുന്നു.

* * *

സ്നേഹദ്രുതനെക്കൊട്ടും ക്രൂശിലണിമേൽതൂക്കി-
ദേഹ പോയിട്ടും മാറ കത്തിനോക്കിയലോകം
ശാന്തിഘോഷകൻതന്മേൽ ശൌക്കൊഴിക്കുന്നു നമ്മ-
ളെന്തിനോനീങ്ങിപ്പോന്നു വർഷങ്ങൾരണ്ടായിരം!

---

സ്കന്ധരാകുന്നുവീണ്ടും ഭ്രാന്തരായ് ചിരിക്കുന്നു.
ദിക്കുകളെങ്ങും ശബ്ദവാഹിനീസിരചിന്തി
രക്തത്തിൽ കുറിക്കുന്നിച്ചരിത്രം പൈശാചികം.

* * *

എന്തിനിച്ചതിവിദ്യയന്തക! പീരങ്കികൾ
മുമ്പിലുംപിന്മാററാത്ത മാറിടംതകർക്കുവാൻ
പട്ടിണിപ്പുണയത്തിലിന്നലെയോളംനിന്റെ
ഉഷ്ണതക്കൂട്ടിൽപാർത്തജീവനെപ്പിടിപ്പാനോ?
യാതനപ്പാറപ്പുറത്തെററിയും പിഴിഞ്ഞുംഹാ!
പൂതമെങ്കിലുമെട്ടു ജീർണ്ണമാം തപസ്ത്രത്തിൽ
മൂഢാ! നീ തീകത്തിച്ച ചാമ്പലാക്കിലുംനവ്യ-
ശാടികപൂണ്ടേവൻ നാളെയുമെഴുന്നള്ളും.

# അനുതാപം

ബി. എസ്. കെ. ജ്യോത്സ്യർ,
വടിവീശ്വരം.

മകരേധരവൌ ഗാന്ധീ
സർവ്വജിന്നാമവത്സരേ
കൃഷ്ണപക്ഷമിതിഥ്യാം ച
ഭൃഗുവാരേ ദിവംഗതഃ

ഹൈന്ദവേഷു മഹാൻ ദിവ്യഃ
ബുദ്ധ്യാ മാൻ യോഗതത്വവിൽ
സത്യധർമ്മാദശ്രീമാൻ
പൂതാത്മ...ന്യകർമ്മിൽ.

ദേഹസ്യാനിത്യതല്പ ലോകേ
ദേഹിനാം നിത്യതാം തഥാ
...ൻ ദേഹനാം ഗാന്ധീ
...പഞ്ചതാം ഗതവാൻ മഹാൻ.

മഹാത്മനാം മൃതിം ശ്രുത്വാ
ദേവസംഘാസ്സുദുഃഖിതാഃ
വർഷധാരാശ്രുപാതേന
ശോചന്തി മനുജൈസ്സഹ

സ്വർഗ്ഗലോകേപ്സയാ ശ്രീമാൻ
ഭാരതീയാൻ വിഹായ സഃ
വ്യാജരൂപമൃതിം പ്രാപ്യ
തേജോരൂപീ ദിവംഗതഃ

വിവിധനിഗമവിദ്യാപാരഗസ്തത്വവേദീ
സുവിമലജനപൂജ്യസ്ത്യാഗശീലോമഹാത്മാ
ജിതരിപുകുലസംഘസ്സർവ്വജീവോപകാരീ
ശ്രിതജനഹിതദശ്രീഗാന്ധിജീസ്വർഗ്ഗയാതഃ

സംഘോഷസ്സർവ്വമസ്സുമേസത്ഭി-
രിഹലോകേ പരത്ര ച
തസ്മാത്സർവ്വേ വയം നിത്യം
ഭജാമോ നിത്യജീവിനം.

# *ബാഷ്പപൂജ

നാലാങ്കൽ

ഭാരതത്തിന്റെ ദീപംപൊലിഞ്ഞു
പാരിടത്തിന്റെ ഭാഗ്യമറഞ്ഞു;
തിങ്ങീടുമന്നോരീവേദന നമ്മ-
ളെങ്ങിനെയെന്നു താങ്ങിനിന്നീടും?

ഏതിനമ്മൾ, ഹാ സ്വാതന്ത്ര്യമാകും
മുഗ്ദ്ധമായ തുറമുഖത്തിങ്കൽ;
ഏതുകൈകൾ പിടിച്ചിതമരം
ജാതധൈര്യം - അക്കൈകൾമാഞ്ഞതോ?

മണ്ണിൽ നമ്മൾതന്നാത്മാഭിമാനം
മന്ദിതവീര്യം വീണപ്പൊഴൊക്കെ,
ഏതുശീലുകൾ പാടിയിച്ചുനമ്മിൽ
സ്ഫീതമാകും നവപ്രബോധത്തെ,
ദിവ്യമാ,മാമൊഴികളുതിർത്ത
ഭവ്യമാം ജിഹ്വ നിന്നുപോയെന്നോ?

ശസ്ത്രമില്ലാതരാതികളോടു
യുദ്ധമാർചെയ്തു പൂകീവിജയം,
സിദ്ധാന്തമധർമ്മയാലാവു
സത്യലോകംവിളക്കുവാൻപോയോ?

അർദ്ധനഗ്നനായ് പട്ടിണിക്കാരോ-
ടൊത്തു —; സാമ്രാജ്യരത്നകിരീടം
ഹാ, കളഞ്ഞോരഭൌമനാം കർമ്മ-
യോഗിയിദ്ഭാസ്സുതന്നിലലിഞ്ഞോ?

തോക്കിൽനിന്നും വെടിയുണ്ടചീറി
ത്തുഷ്ടമാം തവഗാത്രം പിളർക്കെ,
എന്തുകൊണ്ടു തകർന്നീപ്രപഞ്ചം
മൺതരിയായ്മാറീല, ദേവ!

(അങ്ങു ചാലെപാലിക്കുമഹിംസ
തന്നുടെശക്തിമൂലമൊന്നല്ലീ?)
ദില്ലിയിലെയാപ്രാർത്ഥനായോഗ-
മുല്ലസിച്ചോരാപ്പാവനഭൂവിൽ,
ജീവരക്തമൊഴുക ചൊല്ലു
സ്നേഹകാവ്യം, ഭഗവൻ മഹാത്മൻ.

മാനുഷനായിരിക്കില്ല, ഭൂമാ-
വോതിനാംരമാരു ചെകുത്താനാം,
ക്രിസ്തുദേവന്റെ രണ്ടാംപിറപ്പേ!
ക്രൂദ്ധനായ് ഭവാൻതന്നെ ഹനിച്ചോൻ

ശ്രീമദ്യോജപദം, തവകാത്മാവീ
ഭൂമിയിലെ തമസ്സുപായിക്കുവാൻ,
ധാർദ്രശ്മികൾ വിശ്വഗഗന-
മണ്ഡലത്തിൽപ്രതിഫലിച്ചാവൂ!!

---

* ഗാന്ധിജിയുടെ ദേഹവിയോഗത്തെക്കുറിച്ച്.

# ശബരിമലയിൽ അയ്യപ്പസേവാസംഘം നടത്തിയ പ്രവർത്തനങ്ങൾ

(എൻ. പി. എൻ.)

ശബരിമല ദർശനത്തിനു പോകുന്ന അയ്യപ്പന്മാരെ സേവിക്കുന്നതിനും ഹൈന്ദവസംഘടനയ്ക്കുംവേണ്ടി രണ്ടുകൊല്ലക്കാലമായി സ്ഥാപിച്ചു നടത്തിവരുന്ന ഒരു സ്ഥാപനമാണു "അയ്യപ്പസേവാസംഘം." സംഘത്തിന്റെ ഇക്കൊല്ലത്തെ മകരവിളക്കുസംബന്ധിച്ചുണ്ടായിരുന്ന സേവനം പൂർവ്വാധികം അഭിനന്ദനീയങ്ങളായിരുന്നു. എരുമേലിമുതൽ സന്നിധാനംവരെയും വണ്ടിപ്പെരിയാർ സത്രപ്രാന്തത്തിലും സേവാസംഘത്തിന്റെ ആഭിമുഖ്യത്തിൽ സേവനപരമായ പല ശുശ്രൂഷകളും ചെയ്തിട്ടുണ്ട്. സേവനങ്ങളിൽ അതിപ്രധാനമായവ വൈദ്യസഹായം, ജലവിതരണം, ധർമ്മപ്രചരണം മുതലായവയാണ്.

എരുമേലിൽ ധനു ൨൧-ാംതീയതിമുതൽ ൨൭-ാംതീയതിവരെ സംഘത്തിന്റെ ആഭിമുഖ്യത്തിൽ വൈദ്യശാല തുറന്നു സൗജന്യചികിത്സ നടത്തിയിരുന്നു. ദിവ്യസംതോഷം മതപ്രചരണാർത്ഥം സ്വാമിനാരായണജി പാതിരുവേലി നാരായണനു, കെ. വി കരപ്പു തുടങ്ങിയവർ ഹിന്ദുസംഘടനയെ ഉദ്ദേശിച്ചു പ്രസംഗങ്ങൾ നടത്തി. അവരുടെ പ്രസംഗത്തിൽ അയ്യപ്പന്മാരുടെയിടയിൽ വരുത്തേണ്ട സംസ്കാരത്തെ ചൂണ്ടിക്കാണിച്ചിരുന്നു. ഇഞ്ചിപ്പാറക്കോട്ട, കരിമലതട്ട് ഇസ്ഥലങ്ങളിൽ ജലവിതരണം നടത്തിയിരുന്നു. മുലവർഷക്കുറവുകൊണ്ടു സാർവ്വത്രികമായ ജലക്ഷാമം ഇഞ്ചിപ്പാറക്കോട്ടയിൽ സേവാസംഘപ്രവർത്തകരെ ജലവിതരണവിഷയത്തിൽ ക്ലേശിപ്പിച്ചു.

സേവാസംഘത്തിന്റെ പ്രവർത്തനരംഗങ്ങളിൽ അതിപ്രധാനമായതു പമ്പാതീരമായിരുന്നു. ധനു ൨൨-ാംതീയതിമുതൽ ൩൦-ാംതീയതിവരെ പമ്പയിൽ വിവിധ സേവനങ്ങൾ നടത്തുകയുണ്ടായി. ഇവിടെ കരണത്തിൽ സേവാസംഘത്തിന്റെ ശ്രദ്ധ പതിഞ്ഞതിന്റെഫലമായി പമ്പയിൽ ലക്ഷക്കണക്കിനു അയ്യപ്പന്മാർ തടിച്ചുകൂടിയിരുന്നു ൨൭-൨൮-൨൯ തീയതികളിൽ 'മലിനതയ്ക്കു' പറയത്തക്കവിധത്തിൽ കുറവുണ്ടായിരുന്നു. ഉച്ചഭാഷിണിവഴി നടത്തിയ പ്രസംഗങ്ങൾ ഈ വിഷയത്തിൽ കാര്യമായി പ്രയോജനപ്പെട്ടിരുന്നു. മുൻകൊല്ലങ്ങളിൽ വിരിവയ്ക്കുന്നതിനുപോലും നിവൃത്തിയില്ലാതെ മലമൂത്രങ്ങളാൽ മലിനപ്പെട്ടതായുണ്ടായിരുന്ന പമ്പാസരസ്സ്തടം ഇക്കൊല്ലത്തിൽ വലിയ വൃത്തികേടുകൂടാതെ സൂക്ഷിക്കുന്നതിനും മഴപെയ്തിട്ടും രോഗങ്ങൾ ബാധിക്കാതെ അയ്യപ്പന്മാരുടെ ആരോഗ്യത്തെ നിലനിർത്തുന്നതിനും സംഘപ്രവർത്തനത്താൽ സാധിച്ചു. പമ്പയിലെ ശുശ്രൂഷാരംഗങ്ങളിൽ അതിപ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു ഔഷധവിതരണം. ഡാ. ബി. കെ. പിള്ളയുടെ ഈ വിഷയത്തിലുള്ള സേവനം സ്തുത്യർഹമായിരുന്നു. ശസ്ത്രക്രിയയ്ക്കു വിധേയരായ രോഗികളും ഇക്കൂട്ടത്തിൽ പെട്ടിരുന്നു. ഏകദേശം ൧൫൦൦൦ രോഗികൾക്കു ആശ്വാസമരുളാൻ സാധിച്ചിട്ടുണ്ട്. ആയുർവേദചികിത്സയും ഇവിടെ സേവാസംഘം ശ്രദ്ധമായി നടത്തിയിരുന്നു. ഏഴുദിവസത്തേക്കു പതിവായി ഏട്ടുപത്തുമണിക്കൂർവീതം ഉച്ചഭാഷിണിയിൽക്കൂടി ധർമ്മപ്രസംഗങ്ങൾ നടത്തിയും ഹരികഥ, പാഠകം, ഭജന മുതലായവ നടത്തിയും സംസ്കാരപരമായി അയ്യപ്പന്മാരുടെ ഉന്നതിയെ ഉദ്ദേശിച്ചു സേവനങ്ങൾ നടത്തിയിട്ടുണ്ട്. കൂട്ടംപിരിഞ്ഞ അയ്യപ്പന്മാരെ തേടിപ്പിടിച്ച് ഏല്പിക്കുന്നതിനും കൈമോശംവന്ന സാധനങ്ങൾ അതിന്റെ ഉടമസ്ഥന്മാരെ കണ്ടുപിടിച്ചുകൊടുക്കുന്നതിനും വഴിതെററി ഒലത്തുനടന്നിരുന്ന കൊച്ചയ്യപ്പന്മാരേയും മാളികപ്പുറങ്ങളേയും അവരവരുടെ കൂട്ടുകാരെ ഏല്പിച്ചുകൊടുക്കുന്നതിനും മററും സേവാസംഘത്തിന്റെ പ്രവർത്തനങ്ങൾ പര്യാപ്തങ്ങളും ആയിരുന്നു. ഹിന്ദുസംഘടനയ്ക്കുംസനാതനധർമ്മപ്രചരണത്തിനും ശബരിമല തീർത്ഥാടനത്തിന്റെ പരിശുദ്ധതയെ പാലിക്കുന്നതിനും, ശ്രീ. ഏ. എൻ. പണിക്കർ, എം. ആർ. എം. കയ്യം, ധർമ്മാനന്ദസ്വാമികൾ മുതലായവർ ചെയ്തിരുന്ന പ്രസംഗങ്ങൾ ശ്രദ്ധേയങ്ങളായിരുന്നു. അയ്യപ്പസേവാസംഘത്തിന്റെ ആദർശത്തെ നിലനിർത്തുമാറു പല കേന്ദ്രങ്ങളിലായി വളരെയധികം ആളുകൾ അംഗങ്ങളായി ചേർന്നു സേവാസംഘംവകയായി ലഘുലേഖകളും പ്രസിദ്ധീകരണങ്ങളും വിതരണംചെയ്തിരുന്നു.

സന്നിധാനത്തിലും ധനു ൨൯-ാംനു-മുതൽ മകരം ൨-ാംനു-വരെ നടത്തിയ പ്രവർത്തനങ്ങൾ പ്രശംസനീയങ്ങൾതന്നെ. ഉച്ചഭാഷിണിയന്ത്രം മലനടയിലും വേണ്ടവിധം പ്രവർത്തിച്ചിരുന്നതിന്റെഫലമായി കൂട്ടംപിരിഞ്ഞുപോയവർക്കും, സാധനങ്ങൾ കളഞ്ഞുപോയവർക്കും വളരെ പ്രയോജനമുണ്ടായി. ഡാ. കിളിമാനൂർ കോയിത്തമ്പുരാന്റെയും, ഡാ. മാർത്താണ്ഡപ്പിള്ള (മദ്രാസ്)അവർകളുടേയും മേൽനോട്ടത്തിൽ നടത്തിയ അലോപ്പതിചികിത്സയും ആയുർവേദചികിത്സയും രോഗികളായ വളരെയധികം ഭക്തന്മാർക്കുപകാരപ്രദമായിരുന്നു. ദർശനത്തിനെത്തുന്ന അയ്യപ്പന്മാരെ നിയന്ത്രിക്കുന്നതിനും, അഭിഷേകം നടത്തിക്കുന്നതിനും സംഘപ്രവർത്തകരുടെ സഹായം വളരെ പ്രയോജനപ്പെട്ടിരുന്നു. വണ്ടിപ്പെരിയാർസത്രത്തിൽ ജലവിതരണവും ശ്രീ: പി. സുബ്രഹ്മണ്യത്തിന്റെ വകയായി അപ്പാച്ചിമേട്ടിൽ ചുക്കുവെള്ളവിതരണവും സേവാസംഘം നടത്തിയിരുന്നു. സന്നിധാനത്തിൽവെച്ചും സത്രത്തിൽവെച്ചും മരണം പ്രാപിച്ചവരുടെ അപരക്രിയകൾ നടത്തുന്നതിലും രോഗികളെ അവരുടെ നാട്ടിലെത്തിക്കുന്നതിലും പണമില്ലാതെ ക്ലേശിച്ചവരെ സഹായിക്കുന്നതിലും വിരികൾ കെട്ടിച്ചുകൊടുക്കുന്നതിലും മററും സേവാസംഘം സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തി. ഏവംവിധമുള്ള പ്രവർത്തനങ്ങളിൽ സേവാസംഘത്തെ അയ്യപ്പൻ അനുഗ്രഹിക്കട്ടെ!

—o—



# ജീവകാഹളം

കഥാകർത്താക്കൾ,
തെക്കാട്ട ചന്ദ്രശേഖരൻനായർ, വട്ടോളി കൊച്ചുകൃഷ്ണൻനായർ,
വിളാവത്തു ശങ്കരപ്പിള്ള

പ്രസാധകർ—എം. റി. എസ്. പ്രസ്സ്, ആലുവാ. വില 1 രൂ. 8 ണ.

ശ്രീ: തെക്കാട്ട ചന്ദ്രശേഖരൻനായർ മുന്നാരുലക്കം മലയാളരാജ്യം വാരികയിൽ പ്രകാശിപ്പിച്ചിരുന്നതാണു ജീവകാഹളത്തിലെ ആദ്യകഥ. എന്നാൽ അതു പുസ്തകരൂപം കൈക്കൊണ്ട ഇന്നത്തെ അവസ്ഥയിൽ അതിനൊപ്പിച്ച ചില ചമയങ്ങളും അദ്ദേഹം അതിനു ചെയ്തുകൊടുത്തിട്ടുണ്ട്. സ്നേഹസീമയിലെ ധാർമ്മികമായ പുരോഗമനംചെയ്യുന്ന കാഥികനിൽനിന്നു യാതൊരുവിധ അപശബ്ദങ്ങളും പുറപ്പെടുന്നില്ല. ഒരു കവിഹൃദയത്തിന്റെ ഭ്രമയാമസ്പന്ദങ്ങളായ സ്പന്ദനങ്ങളല്ലാതെ മദസ്ഖലിതസംലാപങ്ങളും അതിൽ കേൾക്കാൻ സാധിക്കയില്ല. നമ്മുടെ ചെറുകഥാപ്രപഞ്ചത്തിൽ ഒരു പ്രത്യേകമണ്ഡപത്തിനു ശിലാസ്ഥാപനം ചെയ്കയാണു മി: നായർ ഇതുകൊണ്ടു സാധിക്കുന്നതെന്നു പറയുകതന്നെ വേണം.

മൂന്നുതലമുറകൾ, ഒരു സാധാരണ ജ്യോതിഷക്കാരന്റെ കുടുംബപ്രശ്നംപോലെയുള്ള ഒരുമട്ടിൽ ഉപാകുന്നു. ഒരു കുടുംബചരിത്രം എന്ന നിലയെ കവിഞ്ഞു ഒരു കലാശില്പത്തിന്റെ പരിസൂക്ഷ്മവിധാനതയോ വിദഗ്ദ്ധതയോ അതു സ്പർശിച്ചുകാണുന്നില്ല. കാഥികൻ തന്റെ കഴിവിനെ ഉപയോഗിച്ചു അനുവാചകനെ രസിപ്പിക്കാൻ ഒരു വർണ്ണന നടത്തുന്നതാണ് അതിലേറെ രസമായിരിക്കുന്നത്. മാതൃകവേണമെങ്കിൽ കാണിക്കാം. മേഘത്തിന്റെ മുകളിൽ ചന്ദ്രബിംബം പോലെ തിളങ്ങിക്കൊണ്ടിരുന്ന കുന്നിൽ മാളിക അകലെനിന്നു നോക്കിയാൽ കാണാം. നിരയായി നില്ക്കുന്ന ചെറുനാരകച്ചെടികൾ നിറയെ കാച്ചുപഴുത്തു രസക്കുടുക്കകൾപോലെ നയനനന്ദം വളർത്തുന്നു. ആസ്വാദ്യവികത്ഥനമാക്കി പദ്യസാഹിത്യത്തെ ഇന്നു പലരും വികൃതപ്പെടുത്തിക്കഴിഞ്ഞു. ആ ഇനത്തിൽ കുന്നി ഗദ്യശാഖയിലും വേരോടിത്തുടങ്ങിയെന്നല്ലേ ആ രചനകൊണ്ടു നമുക്കറിയേണ്ടതു.

കത്തും മറുകത്തുംകൊണ്ടു ഒരു കഥാഗാത്രം സൃഷ്ടിക്കുന്നു. കാളേജ് വാളപ്പാണ് ഇതിന്റെ പശ്ചാത്തലം. ഒരു കമ്പാസതിക്കലിന്റെ 'ഇരനം' ഇതിൽ കേൾക്കാനുണ്ട്. കഥാപാത്രങ്ങളിൽ സ്വാഭാവികതയുടെ കുറവും കഥാസംഭവത്തിൽ അയഥാർത്ഥവിവരണവുംകൊണ്ടു അതിനു ചൈതന്യമില്ലെന്നാക്കിയിരിക്കുന്നു. വ്യാഴവട്ടം എന്ന അടുത്ത കഥ രവിമണ്ഡലത്തിൽവച്ചാരംഭിക്കുന്നു. പുള്ളിയും വരയും ഇല്ലാത്ത ശുഭ്രമായ വെള്ളഖദറായിരുന്നു ആ വൃള്ളിമൃഗാക്ഷി ധരിച്ചിരുന്നത്. ആ മോഹനമുഖത്തിന്റെ ഉഭയപാർശ്വങ്ങളിൽ വെള്ളക്കമ്മൽ, കൂടിയാകുമ്പോഴാണ് ഇതിലെ രസികത്വം പൂർത്തിയാകുന്നത്. പെൻഷൻപേഷ്കാരുടെ മകൾ അരിവെപ്പുകാരനോടു തോന്നിയ ക്രൂ് ഒരു വ്യത്യസ്തസംഭവമാണെന്നു വരുത്താൻ ആ അരിവയ്പുകാരനെ നിറംപിടിപ്പിക്കാനായി അല്പം കൃത്രിമച്ഛായം പെരുമാറിയിട്ടുള്ളതായിക്കാണാം. അങ്ങനെയുള്ള ഔസാല്യയെന്നുംകൂടാതെ അത്തരം ഇടപാടുകൾ ഇന്നു നിവില്ല, വടക്കാരതിരിക്കുന്നില്ല. ആ രഹസ്യസമാഗമങ്ങളും പരസ്യമായ വിവാഹച്ചടങ്ങായി വേഷമണിയുന്നില്ലെന്നു സമ്മതിക്കണം. കാഥികൻ സമുദായശുദ്ധിയ്ക്കു ഒരു പുണ്യാഹക്രിയ ഇതിൽ സങ്കല്പിച്ചിട്ടുള്ളപോലെ തോന്നും. സ്നേഹസീമകൊണ്ടു നമ്മുടെ അഭിനന്ദനത്തെ ആർജ്ജിച്ച ശ്രീ തെക്കാട്ടു രണ്ടാമതായി ഇറക്കിവിടുന്ന മലയാളിമദാമ്മ അതിന്റെ പേരിലെന്നപോലെ കഥാഗതിയിലും വഴിപിഴച്ചതായിപ്പോയിരിക്കുന്നു.

ഒരച്ഛൻ മക്കളെ യുവമിഥുനങ്ങളാക്കാൻ കഥാബീജത്തെ ചെന്നാക്കിൽ നിക്ഷേപിച്ചും, ക്ഷണനേരത്തേക്കു അവരെ ശിലാവിഗ്രഹങ്ങളാക്കി സ്ഥിതിചെയ്യിച്ചും ആ ദോഷപരിഹാരം വരുത്താൻ അദ്ദേഹം ഒരു വൃഥാശ്രമം നടത്തുന്നുണ്ട്.

കഥാപ്രണയം, എന്ന കഥയുടെ പോക്ക് ഒരു വിചിത്രമാർഗ്ഗത്തിലൂടെയാണ്. ആ കഥയ്ക്കുവേണ്ടി കാലദേശാവസ്ഥകളെ വാട്ടിവളച്ചു ഒരു കൂട്ടുണ്ടാക്കിയതാണെന്നു തോന്നും. അതിന്റെ നിർമ്മാണപ്രകൃതി കണ്ടാൽ, ഒരു കഥാകൃത്തിന്റെ തൂലികാപ്രവർത്തനത്തിൽ ഉൽകൃഷ്ടയായ ഒരു യുവതിയുടെ ബഹുമാനം സ്നേഹമായും അനുരാഗമായും പരിണമിക്കയെന്നതു സ്വാഭാവികം

അയ്യോ കഷ്ടമൊരുനാളിവനെ
ശയ്യാഗാരെ കണ്ടുവോ ഞാൻ

എന്നു പ്രാർത്ഥിക്കുക. അതിലുമേറെ അനുഭവരസമുറന്നതെന്നു സമ്മതിക്കാം. എന്നാൽ വരനെസംബന്ധിച്ച യാതൊരു പരീക്ഷണത്തിനുംപോകാതെ രക്ഷാകർത്താക്കൾ പെൺകൊട നടത്തിക്കളയുമെന്നു വിചാരിക്കത്തക്ക ഒരു ബുദ്ധിമോശം മലയാളത്തിനുണ്ടായിട്ടുണ്ടോയെന്നു മാത്രമാണ് സംശയം.

ഭാരതീക്ഷേത്രം, ജീവകാഹളത്തിലെ കഥകളിൽ ഒരുൽകൃഷ്ടപദവിയെ അർഹിച്ചുകൊണ്ടുതന്നെ നില്ക്കുന്നു. സംഭാഷണത്തിലും പാത്രസൃഷ്ടിയിലും ആദർശസംരക്ഷണയിലും അതിനു അന്യൂനമായ പ്രാഭവം ഉണ്ട്. അനേകവർഷങ്ങൾക്കുമുമ്പു സംഭവിച്ചതാണ് കഥയെങ്കിലും അതിന്റെ ചൈതന്യപ്രസരത്തിനു അശേഷം ഗ്ലാനിസംഭവിക്കാത്ത നിലയിൽ പ്രതിപാദനംകൊണ്ടു കാഥികൻ അതിനു പുനരുജ്ജീവനം നൽകുന്നു. നെടുവീർപ്പുകളിൽ നമ്മുടെ ഗ്രാമജീവിതത്തിന്റെ ഒരു ബീഭത്സചിത്രം ദർശിക്കാൻ സാധിക്കുന്നു. വള്ളത്തോൾ മഹാകവിയുടെ ഉണ്ണാനില്ല ഉടുപ്പാനില്ല. എന്ന വിശ്രുതകവിതാവിഭാഗത്തെ അനുസ്മരിപ്പിച്ചുകൊണ്ടു കരുണയിലെ ഉപഗുപ്തനായി കലാശം ചവിട്ടുന്ന ഇതിലെ രംഗവിധാനങ്ങളിൽ ഒരു ദയനീയത നടമാടുന്നുണ്ട്.

ഭിന്നരുചികളായ അനുവാചകരെ അനുരഞ്ജിപ്പിക്കുന്നതിനു അനന്യൂനമായ ഘട്ടനയും പ്രതിപാദനവും കഥാകർത്താക്കൾ സ്വീകരിക്കുകയാണു ചെയ്തിട്ടുള്ളതു. ഇതിൽ ജീവകാഹളത്തിൽ ആത്മാർത്ഥതയുടെ ആഹ്വാനങ്ങളുമുൾക്കൊള്ളുന്നു. അതാണ് ഈ കലാശില്പത്തിനു കല്പിക്കാനുള്ള ഉൽകൃഷ്ടമായ മെച്ചം.

(സി. എം. പി.)

## അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങൾ

Vijnana Ephemeris for 1948 with Market Forecasts and the Science of Astrology by Mr. R. Bhimacharya Logical Research Institute Bombay 25, Pages 30.

The Father of Political Agitation in Travancore: G. Parameswaran Pillai by 'Keralian". Radh Ind Publications, Trivandrum, Pages 65. Price Re. 1.

ഇന്ദ്രനീലം—ചെറുകഥകൾ. എസ്. കെ പൊറ്റെക്കാട്ട്, കെ. ആർ. ബ്രദേഴ്സ്, കോഴിക്കോട്ട്, പേജ് 100 വില 1 രൂ 8 ണ.

പൂമ്പട—(പദ്യം) കൊട്ടാരത്തിൽ രാമകൃഷ്ണൻനായർ, നേതാജിപ്രസ്സ് കൊല്ലം, പേജ് 46

ലളിതാസ്തോത്രരത്നശതനാമസ്തോത്രം— വ്യാഖ്യാനം, കണ്ടിയൂർ മഹാദേവശാസ്ത്രികൾ, പ്രകാശകൻ കെ. ആർ ഈശ്വരയ്യർ കണ്ടിയൂർ പേജ് 34

ശ്രീചക്രലേഖനവിധി—കണ്ടിയൂർ മഹാദേവശാസ്ത്രികൾ, പ്രസാധകൻ കെ. ആർ. ഈശ്വരശാസ്ത്രികൾ, വലിയമഠം കണ്ടിയൂർ, മാവേലിക്കര പേജ് 8

കാമകലാവിലാസം—വ്യാഖ്യാതാ, കണ്ടിയൂർ മഹാദേവശാസ്ത്രികൾ. ശ്രീവിദ്യാനികേതനം, തിരുവനന്തപുരം പേജ് 32 വില 8 ണ.

ശ്രീ പാദുകാപഞ്ചകം—കണ്ടിയൂർ മഹാദേവശാസ്ത്രികൾ, ധർമ്മദേശപ്രസ്സ്, തിരുവനന്തപുരം, പേ 6

പ്രശ്നഭാഷാപരിശിഷ്ടം — സംശോധകൻ, എം. ആർ. ഭീമാചാര്യ, ധർമ്മദേശപ്രസ്സ, തിരുവനന്തപുരം, പേജ് 13 ണ 2.

ഷോഡശന്യാസം -- പ്രകാശകൻ, കെ. എസ്. ധർമ്മരാജഅയ്യർ, ശ്രീവിദ്യാനികേതനം, തിരുവനന്തപുരം പേജ് 13 ണ 2

ജ്യോതിഃശാസ്ത്രരഹസ്യം—എം ആർ. ഭീമാചാര്യ, എം. വി. ആചാര്യ ആസ്ട്രോളോജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബാംബെ 25, പേജ് 11 വില 2 ണ

# യമുനാതടത്തിൽ

മേരിജോൺ കൂത്താട്ടുകുളം

മക്കളെ! പവിത്രരാം ഭാരതീയരാം പൊന്നു-
മക്കളെ! നിങ്ങൾക്കുള്ളൊരഗ്രജൻ യതീശ്വരൻ
എങ്ങുപോയ് എന്റെ ജീവതന്തു 'മോഹനദാസൻ'
എന്മകൻമനോഹരൻനിങ്ങൾതൻമഹാത്മജി.
എന്തയ്യോപറയുന്നുമക്കളെ! നിങ്ങൾ—എന്റെ
പൊന്മകൻ മൂഢീയമായ് വധിക്കപ്പെട്ടവെന്നോ?
ഭാരതം പെറു പോറ്റിവളർത്തും യുവാവൊരാൾ
ഭാരതത്തിന്റെപൊന്നുബാപ്പുവെവധിച്ചെന്നോ?
എന്തയ്യോപറയുന്നു മക്കളെ! പാരതന്ത്ര്യ-
ശൃംഖലാബദ്ധയായി മാഴ്കിടുംമാതാവിന്റെ
മോചനത്തിനായ് സ്വയം സർവ്വവുമുപേക്ഷിച്ചു
പോരിനായ്ിറങ്ങിയ വീരരാമെന്റെ മക്കൾ
എത്രപേരേവം യശശ്ശേഷരായെന്നാകിലു-
മിക്കുറിയെനിക്കിതു മർമ്മഭേദകംതന്നെ.
ഭാരതത്തിന്റെ ജീവനാഡിയാം പരിശുദ്ധ-
വാരൊളി ഖദർ നൂല്നൂറ്റുകരങ്ങളിൽ
ഉജ്ജ്വലരായ തന്റെ സോദരങ്ങൾക്കുവേണ്ടി-
യല്പ്പനിർമ്മിച്ച തന്റെ ശുഭ്രമാം കരങ്ങളിൽ
വൻകടൽതാണ്ടിവന്ന വെള്ളക്കാർ കാരിരുമ്പു-
കങ്കണമണിയിച്ചു വേദനിപ്പിച്ചതില്ലേ,
ധന്യമാം സ്നേഹത്തിന്റെ സൗരഭ്യംപരത്തുവാൻ
വന്ദ്യമാമൈക്യത്തിന്റെ സൗഭഗംപുലർത്തുവാൻ,
രമ്യഹർമ്മ്യങ്ങൾവിട്ടു പാദചാരിയായ് ഗ്രാമ-
മന്ദിരാങ്കണംതോറുമെട്ടുനാളലഞ്ഞില്ലേ,
ഒക്കെയുംസഹിച്ചുഞാൻ ശാന്തമായെന്നാകിലു-
മിക്കുറിയെനിക്കിതു മർമ്മഭേദകംതന്നെ.
സഹനം പഠിപ്പിച്ച സൽഗുരുനാഥനെന്റെ
മകനെ ചിതയ്ക്കുമേലിന്നിതാ കാണുന്നു ഞാൻ.
പേരെഴുമഹിംസതൻ പൊൽപ്രവാചകനെന്റെ
ധീരനാം 'കർമ്മചന്ദ്രൻ' ദഹിപ്പു ചിതാഗ്നിയിൽ
സത്യത്തിൻപ്രവാചകൻ 'മോഹനൻ'തച്ചിതാ-
ഭസ്മമായ്തീരുന്നു ഹാ യമുനാനദീതടേ.
ഗാന്ധിജി-ലോകത്തിന്റെഗാന്ധിജി-യതാനിത്യ-
ശാന്തിമണ്ഡലംതേടി പൊയ്പ്പോഴിഞ്ഞെന്നാകിലും
ക്രിസ്തുവെപ്പോലെ രക്തസാക്ഷിയായ്തീർന്നു സ്നേഹ-
മൂർത്തിയാമെന്റെപുത്രൻ ജയിപ്പൂ മഹാത്മജി!!
ഭഗവാൻ "കാൽവരി"യാം കുന്നിലനുയർത്തിയ
പരിപൂതമാംവിശ്വപ്രേമത്തിൻപ്രഭാനാളം
കർമ്മഭൂമിയിൽ വീണ്ടും കൊളുത്തിക്കാട്ടിത്തന്നു;
കർമ്മയോഗിയാമെന്റെ പൊന്മകൻജയിക്കുന്നു!!
വന്ദിക്കുകരംകൂപ്പി മക്കളെ! മഹാത്മാവി-
ന്നന്ത്യമാം ശയ്യതീർത്ത പുണ്യമാം ചിതാഗ്നിയെ.
ഇടയ്ക്കു കണ്ണീർകണം, തൂമിക്കു നിങ്ങൾ, കെട്ടി-
പ്പടുക്കുനായിടൈക്യഭാരതം മനോഹരം!

# "ബാഷ്പരേഖ"

തോട്ടപ്പള്ളി

ക്രൂരമാംമതഭ്രാന്തേ!നിൻവെടിപൊട്ടിക്കലിൽ
ഭാരതഹൃത്സ്പന്ദനമെന്നേയ്ക്കുംനിലച്ചല്ലോ...
കൈരാതകൃത്യം...ഹാ!ഹാ!ഘാതക!നിനക്കിതു
ധൈര്യമുണ്ടായോ—?ആർഷഭൂമിയാംനിൻമാതാവും?
സമ്മതിച്ചുവോനിന്റെ ഹൃദയംപൈശാചിക-
കർമ്മമാചരിക്കുവാൻ; പിതൃഹന്താവല്ലേനീ
അക്ഷരജ്ഞാനം നിനക്കുണ്ടെന്നോ;കലാലയ
ശിക്ഷണമധഃപതിപ്പിച്ചുവോ നിന്നേമാത്രം!
എന്തിനുപഴിക്കുന്നുനിന്നെ; നീയറിഞ്ഞില്ല,
ഇന്ത്യതന്നാത്മാവാമജ്ജീവിതമഹൽസത്യം

*    *    *

മതമാത്സര്യത്തിന്റെ തീക്കനലാറാതെന്തേ
മിതഭാഷണമഞ്ജുവർഷണംവരാമേലിൽ...
അന്ത്യമാമുപവാസയജ്ഞമാചരിക്കവെ,
എന്തിനുവിലക്കിയകർമ്മയോഗിയെ നിങ്ങൾ?

# മുസ്ലീംനാഷനൽഗാർഡ്സും ഖാക്സാർ സംഘടനയുംനിയമവിരുദ്ധമെന്നുപ്രഖ്യാപിച്ചു

## ഇൻഡ്യാഗവ: കമ്യൂണിക്കെ

ന്യൂഡെൽഹി, ഫെബ്രുവരി ൬—മുസ്ലീംലീഗ് നാഷനൽ ഗാർഡ്സിനേയും ഖാക്സാർസംഘടനയേയും ചീഫ് കമ്മിഷണരുടെ പ്രവിശ്യയിൽ നിയമവിരുദ്ധസംഘങ്ങളെന്നു ഇന്ത്യാഗവർമ്മെൻറ പ്രഖ്യാപിച്ചിരിക്കുന്നു. ഗവർണ്ണർമാരുടെ പ്രവിശ്യകളിലും ഇപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നു. ഇക്കാര്യം അറിയിച്ചുകൊണ്ടു ഡെൽഹിയിൽനിന്നു പുറപ്പെടുവിച്ച ഒരു കമ്യൂണിക്കെയിൽ രാജ്യത്തു വർത്തിച്ചുകൊണ്ടിരിക്കുന്ന വിദ്വേഷശക്തിയേയും അക്രമശക്തിയേയും പിഴുതുകളയുവാനുള്ള ഇന്ത്യാഗവർമ്മെൻറിൻെറ നയമനുസരിച്ചു കൈക്കൊണ്ട തീരുമാനമാണിതെന്നു പറഞ്ഞിരിക്കുന്നു. ഇക്കാരണങ്ങൾകൊണ്ടാണ് ആർ. എസ്. എസ്സിനേയും നിരോധിച്ചതെന്നും കമ്യൂണിക്കെ അനുസ്മരിപ്പിക്കുന്നു.

### നാഷനൽഗാർഡും കററക്കാരാണ്

നാഷനൽഗാർഡും രാജ്യത്തെ ഇന്നത്തെ അന്തരീക്ഷത്തിനു മററു സംഘടനകളോടൊപ്പം കുറ്റക്കാരാണെന്ന് കമ്യൂണിക്കെ പറയുന്നു. ലീഗ്നാഷനൽഗാർഡ് സംഘടന വർഗ്ഗീയവും അർദ്ധസൈനികവുമായ ഒരു സംഘടനയാണ്. ഇപ്പോഴും വർഗ്ഗീയ വിദ്വേഷവും അക്രമവും പ്രചരിപ്പിക്കുന്നതിൽ അതു വ്യാപൃതമായിരിക്കുന്നു. ഇന്ത്യയിലെ മുസ്ലീംപൗരന്മാരുടെയിടയ്ക്കു രഹസ്യപ്രചരണം നടത്തിക്കൊണ്ടിരിക്കയും ചെയ്യുന്നു. ആ സംഘടനയുടെ ചില പ്രാദേശികശാഖകൾ പാകിസ്ഥാനോടുള്ള ഭക്തി ഓരോ ഇന്ത്യൻമുസ്ലീമിൻെറയും ഒഴിച്ചുകൂടാൻ പാടില്ലാത്ത കർത്തവ്യമാണെന്നു പരസ്യമായി പ്രഖ്യാപിക്കുന്നു. ഈ രാജ്യത്തെ വിഘടിപ്പിക്കുകയാണ് അതിൻെറ ഉദ്ദേശം. ഈ ഉദ്ദേശത്തിൽ അവർ ആയുധങ്ങൾ സംഭരിക്കയും സംഘടനാംഗങ്ങൾക്കു ആയോധനപരിശീലനം നൽകുകയും ഇന്ത്യയിലുള്ള ഈ സംഘടനയുടെ അംഗങ്ങളും പാകിസ്ഥാനിലുള്ള അതേ സംഘടനയുടെ അംഗങ്ങളും തമ്മിലുള്ള സമ്പർക്കത്തെ വളർത്തുകയും ചെയ്തുവരുന്നു. ഈ സംഘടനയുടെ നേതാക്കന്മാർ പാകിസ്ഥാനിലുള്ള അതേസംഘടനയുമായി നേരിട്ടു ബന്ധപ്പെടുന്നതിനു ഒരു പ്രക്ഷോഭണം ഇളക്കിവിടുകയായിരുന്നുവെന്ന് ഇന്ത്യാഗവ: ചൂണ്ടിക്കാണിക്കുന്നു. ഇന്ത്യയോടു ഭക്തി പ്രദർശിപ്പിക്കാതിരിക്കാൻ അവർ ഇന്ത്യൻമുസ്ലീങ്ങളുടെയിടയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു.

ഈയിടെനടന്ന സംഭവങ്ങളെ പരിഗണിച്ചു രാജ്യത്തിൻെറ രക്ഷയ്ക്കും ഐക്യഭദ്രതയ്ക്കും ഒരു പ്രധാന വിപത്തായിരിക്കുന്ന ഇപ്രകാരമുള്ള ഒരു സംഘടനയുടെ സാന്നിദ്ധ്യവും പ്രവർത്തനവും ഇന്ത്യാഗവർമ്മെൻറിനു അനുവദിക്കുവാൻ സാധിക്കയില്ലെന്ന് ഈ പ്രസ്കമ്യൂണിക്കെയിൽ പറയുന്നു.

ഖാക്സാർസംഘടനയുടെ പ്രവർത്തനങ്ങളെ പരാമർശിച്ചു കമ്യൂണിക്കെ വ്യക്തമാക്കുന്നതു് ഹിന്ദുക്കളുടെയിടയിൽ ആർ. എസ്സ്. എസ്സ്. പ്രവർത്തിക്കാറുള്ള രീതിയിൽ ഖാക്സാർ സംഘടന മുസ്ലീങ്ങളുടെയിടയിൽ പ്രവർത്തിക്കുന്നുവെന്നു ഇന്ത്യാഗവർമ്മെൻറിനഭിപ്രായമുണ്ടെന്നാണ്. ഖാക്സാറന്മാർ ഹിന്ദുക്കൾക്കെതിരായി പോസ്റ്ററുകൾ വിതരണംചെയ്യുകയും വർഗ്ഗീയപ്രചരണം നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവർ മുസ്ലീങ്ങളെ ആയുധം ശേഖരിക്കാൻ ഇളക്കിവിടുകയായിരുന്നു. ഖാക്സാറുകൾതന്നെ ആയുധങ്ങൾ ശേഖരിക്കയും ചെയ്തു. ഇപ്പോഴത്തെ സ്ഥിതിയിൽ ഇത്തരം പ്രവർത്തനങ്ങൾ രാജ്യത്തിനു എത്രമാത്രം വിപൽക്കരമാണെന്നു വ്യക്തമാണ്. ഇത്തരംസംഘടനകൾക്കിന്ത്യയിൽസ്ഥാനമേയില്ല ഈ നിരോധനം മുസ്ലീംസമുദായത്തിനെതിരായി ഉദ്ദേശിച്ചിട്ടുള്ളതല്ലെന്നു ഗവർമ്മെൻറ വ്യക്തമാക്കുന്നു. ഇന്ത്യ ഒരു ലൗകികരാജ്യമായിരിക്കും. എല്ലാ സമുദായങ്ങൾക്കും തുല്യാവകാശവും സംരക്ഷണവും ഉണ്ടായിരിക്കും. സ്വകാര്യസൈന്യങ്ങളെ ഇന്ത്യയിൽ അനുവദിക്കുന്നതല്ല.

ഈ നിരോധനംസംബന്ധിച്ചു മുസ്ലീങ്ങളുടെയിടയിൽ അമർഷമില്ലെന്നു ന്യൂഡെ

ൽഹിയിൽനിന്ന് ബി ബി സി ലേഖകൻ ഒരു സന്ദേശത്തിൽ പറയുന്നു. (എ. പി)

### യു. പി യിൽ ൩൦൦ പേർ അറസ്റ്റിൽ

ലക്നൗ, ഫെ: ൬—ആർ എസ് എസിൻെറയും ഹിന്ദുമഹാസഭയുടെയും മുന്നൂറോളം അംഗങ്ങൾ ഐക്യസംസ്ഥാനത്ത് ഇതുവരെ അറസ്റ്റ്ചെയ്യപ്പെട്ടിട്ടുണ്ടെന്നറിയുന്നു. മൂന്നു പ്രമുഖ ആർ എസ് എസ് നേതാക്കന്മാർ ഇന്നു സ്വയം പിടികൊടുത്തു.

### നിരോധിച്ചു

കോലാഹാപ്പൂർ, ഫെ: ൬—രാഷ്ട്രീയ സ്വയം സേവക്സംഘ് എന്നു ഇവിടെ അറിയപ്പെടുന്ന ആർ എസ് എസ് എസിനെ സംസ്ഥാനമൊട്ടുക്ക് നിയമവിരുദ്ധസംഘമായി പ്രഖ്യാപിച്ചിരിക്കുന്നു. ഹിന്ദുമഹാസഭയുമായും ആർ എസ് എസ്സുമായും ബന്ധമുള്ള അരഡസനോളംപേരെ അറസ്റ്റുചെയ്തിരിക്കുന്നു. നഗരത്തിൽ നിശാനിയമം ഏർപ്പെടുത്തിയിരുന്നു.

### ആയുധങ്ങളും മററും കണ്ടെടുത്തു

ബെനാറിസ്, ഫെ: ൬—ആർ എസ് എസ്സുമായി ബന്ധമുള്ള നാല്പതോളംപേരെ പോലീസ് അറസ്റ്റുചെയ്യുകയും നഗരത്തിൽ നടത്തിയ അന്വേഷണങ്ങളുടെ ഫലമായി കുറെ വാളും റൈഫിളും കഠാരികളും പിടിച്ചെടുക്കുകയും ൧൫ പേരെ കസ്റ്റഡിയിലാക്കുകയും ചെയ്തു.

റാംപൂർ, ഫെ: ൬—റാംപൂർഗവർമ്മെൻറ ആർ എസ് എസിനെ ഒരു നിയമവിരുദ്ധസംഘടനയായി പ്രഖ്യാപിച്ചിരിക്കുന്നു.

### ന്യൂഡെൽഹിയിൽ

ന്യൂഡെൽഹി, ഫെ: ൬—൨൦൦-ൽപരം ആർ എസ് എസും ഹിന്ദുമഹാസഭയും പ്രവർത്തകരെ ഇതുവരെയായി ഇവിടെ അറസ്റ്റുചെയ്തിട്ടുണ്ട്.

### ൭൦൦ ആഫീസുകൾ മുദ്രവച്ചു

നാഗപ്പൂർ, ഫെ: ൬—മദ്ധ്യസംസ്ഥാനത്തെയും ബീറാറിലെയും ൨൨ ഡിസ്ട്രിക്ടുകളിലുമുള്ള ൭൦൦ ആർ എസ് എസ് ആഫീസുകൾ, സംഘത്തെ നിയമവിരുദ്ധമാക്കിയതിനെത്തുടർന്നു മുദ്രവച്ചിരിക്കുന്നു.

### ശ്രീ: റഫേൽറൊഡ്രിഗ്സ് വിജയിയായി

കൊല്ലം, മകരം ൨൫—കൊല്ലം നാലാം നിയോജകമണ്ഡലത്തിലെ ക്രിസ്ത്യൻസംവരണസീററിലേക്കുള്ള തെരഞ്ഞെടുപ്പുഫലം ഇന്നലെ രാത്രി ൧൦മണിക്കു പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത സീററിലേക്ക സ്റ്റേ: കാ: സ്ഥാനാർത്ഥിയായി നിന്നു മത്സരിച്ച ശ്രീ. റഫേൽറൊഡ്രിഗ്സിനു ൨൫൩൯൮ വോട്ടും, കെ എസ്. പി. സ്ഥാനാർത്ഥിപക്ഷത്തിൽ എതിർസ്ഥാനാർത്ഥിയായിനിന്ന ശ്രീ. ബേബിജാണിനു ൧൧൨൮൯ വോട്ടും ലഭിക്കുകയാൽ ശ്രീ. റഫേൽറൊഡ്രിഗസ് വിജയിയായതായി പ്രഖ്യാപിക്കപ്പെട്ടു. ബാക്കി വോട്ടുകൾ അസാധുവായിരുന്നു. ഇതോടുകൂടി പത്തനാപുരം നിയോജകമണ്ഡലത്തിലെയും കൊല്ലം നാലാംനിയോജകമണ്ഡലത്തി

ലെയും സ്റ്റേററകോൺഗ്രസ്സ്-മുസ്ലീംസ്ഥാനാർത്ഥികളായ ശ്രീമാ; റി. എം. വർഗ്ഗീസ്, എ. എം. മുസ്തഫാ (പത്തനാപുരം) ആർ. ശങ്കർ, കെ. എം. മുഹമ്മദ്, റഫേൽറൊഡ്രിഗ്സ് (കൊല്ലം) എന്നിവർ വിജയികളായിരിക്കുന്നു. (സ്വ-ലേ)

### ചിതാഭസ്മം

### തിരുവിതാംകൂറിൽക്കൂടി കന്യാകുമാരിയിലേക്ക്

തിരുവനന്തപുരം, മകരം ൨൫ -മഹാത്മജിയുടെ ചിതാഭസ്മം മദ്രാസിലെ ബ: മന്ത്രി ശ്രീ. കെ. മാധവമേനോൻ മകരം ൨൭-ാംനു- (ഫെ. ൯) ഒരുമണിക്കു അരൂർ ജട്ടിയിൽ കൊണ്ടുവരുന്നതും അവിടെവച്ച് തിരുവിതാംകൂർ ഗവർമ്മെൻറപ്രതിനിധി വേണ്ട ആചാരോപചാരങ്ങളോടുകൂടി സ്വീകരിക്കുന്നതുമാണ്. അരൂർനിന്നു ആലപ്പുഴ-കൊല്ലംവഴി തിരുവനന്തപുരത്തേക്കും ൨൮-ാംനു-തിരുവനന്തപുരത്തുനിന്നും കന്യാകുമാരിക്കുംകൊണ്ടുപോകുന്നതാണ് മാർഗ്ഗമദ്ധ്യേ അനേകംസ്ഥലങ്ങളിൽ സ്വീകരണങ്ങളുണ്ടായിരിക്കുന്നതാണ്. വിശദമായ കാര്യപരിപാടി പിന്നാലെ പ്രസിദ്ധംചെയ്യുന്നതാണ്. (സ്വ-ലേ)

ബോംബെ ഫെബ്രുവരി 7—ബോംബെ പോർട്ട് ട്രസ്റ്റ് ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽ ൨൭-ദിവസം നീണ്ടുനിന്ന പണിമുടക്കു അവസാനിച്ചിരിക്കുന്നു. ൩൦൦൦-തൊഴിലാളികൾ ഇതിൽ ഉൾപ്പെട്ടിരുന്നു.

### ഏജൻറന്മാരുടെ ശ്രദ്ധയ്ക്കു്

മഹാത്മാഗാന്ധിയുടെ വിവിധചിത്രങ്ങളോടുകൂടി പുറപ്പെടുവിക്കാനുദ്ദേശിക്കുന്ന അടുത്ത തിങ്കളാഴ്ചപ്പതിപ്പിൻെറ കൂടുതൽ പ്രതികൾ ആവശ്യമുള്ള ഏജൻറന്മാർ വിവരം ആഫീസിലേക്കു എഴുതേണ്ടതാണ്.

മാനേജർ,
മലയാളരാജ്യം

# റിഹാബിലിറേഷനും

## ഡെവലപ്പുമെൻറും

### ഇന്ത്യാഗവ ഒരു ബോർഡ് ഏർപ്പെടുത്തുന്നു

ന്യൂഡെൽഹി, ഫെബ്രുവരി ൬—ഇപ്പോൾ പ്രത്യേക്ഷനകരമായ തൊഴിലൊന്നുമില്ലാതിരിക്കുന്ന നിരവധി അഭയാർത്ഥികളെ പുനരധിവസിപ്പിക്കേണ്ടിയിരിക്കുന്നതുകൊണ്ടു രാജ്യത്തിൻെറ സാമ്പത്തികപുരോഗതി [illegible]ആവശ്യമായിരിക്കുന്നതിനാൽ ഇന്ത്യാഗവ: ഒരു റിഹാബിലിറേഷനും ഡെവലപ്പുമെൻറും ബോർഡ് ഏർപ്പെടുത്തിയിരിക്കുന്നതായി റിലീഫ് ആൻറ് റിഹാബിലിറേഷൻവകുപ്പു പുറപ്പെടുവിച്ച ഒരു കമ്യൂണിക്കെയിൽ പറയുന്നു. പുനരധിവാസത്തിനുപകരിക്കുന്ന പ്ലാനിംഗും മററു പദ്ധതികളും ബോർഡിൻെറ ജോലികളിൽ ഉൾപ്പെട്ടിരിക്കും. ബോർഡിൽ താഴെപ്പറയുന്നവർ അടങ്ങിയിരിക്കും. മി. അഫ്ത്താബ് റായി, ചെയർമാൻ, ൨) മെഹർചന്ദ്ഖന്നാ, മെമ്പർ ൩) കേണൽ ജി. എൻ. നായിഡു, മെമ്പർ മി. സി. ആർ. കോഹ്ലി ബോർഡ്സെക്രട്ടറിയും മി: സി. ജി. കേണൽ ധനകാര്യോപദേഷ്ടാവും പ്രൊഫസർ പി. സി. മഹാലനോബിസ് സ്റ്റാററിസ്ററിക്കൽ അഡൈ്വസറുമായിരിക്കും.

പ്രവിശ്യാഗവർമ്മെൻറുകളും നാട്ടുരാജ്യഗവർമ്മെൻറുകളും പിലവുചെയ്തു നടത്തുന്ന പദ്ധതികളുടെ നിർവ്വഹണത്തിൽ ബോർഡ് പ്രസ്തുത ഗവർമ്മെൻറുകളെ സഹായിക്കുന്നതായിരിക്കും. കേന്ദ്രത്തിൽനിന്നു ഒരംശം ചിലവുവഹിച്ചുകൊണ്ടുള്ള പദ്ധതികളെ സംബന്ധിച്ചു അതുമായി ബന്ധപ്പെട്ട ഗവർമ്മെൻറുകൾ ഈ ബോർഡുമായി സഹകരിച്ചു പ്രവർത്തിക്കുന്നതായിരിക്കും. കേന്ദ്രഗവർമ്മെൻറ മുഴുവൻ ചിലവും വഹിച്ചു ചെയ്യുന്ന പദ്ധതികളെ സംബന്ധിച്ചു അതിവേഗത്തിൽ ഫലം കൈവരുത്തുവാനായി ബോർഡ് പ്രവിശ്യാഗവർമ്മെൻറുകളുടെയും നാട്ടുരാജ്യഗവർമ്മെൻറുകളുടെയും സഹകരണം ആരായുന്നതായിരിക്കും. ഇതിലേക്കു ലിയേസൻ ആഫീസറന്മാരെ നിയമിക്കുവാനും ഫലപ്രദമായസഹകരണം സുനിശ്ചിതമാക്കുവാൻ യോഗ്യമായ മററതെങ്കിലും ഏജൻസി സ്ഥാപിക്കുവാനും പ്രവിശ്യാഗവർമ്മെൻറുകളെയും നാട്ടുരാജ്യഗവർമ്മെൻറുകളേയും ക്ഷണിക്കുന്നതാണ്. റിലീഫ് ആൻറ് റിഹാബിലിറേഷൻമന്ത്രിയുടെ കീഴിൽ ബോർഡ്പ്രവർത്തനം നടത്തുന്നതാണ്. (എ. പി)

യൂണിയൻഅസംബ്ളി

# അസംബ്ളിയുടെ മുമ്പാകെയുള്ള പ്രമേയങ്ങൾ

(എ. പി. ഐ)

ന്യൂഡെൽഹി, ഫെ: ൬-ഹോമിയോപ്പതിചികിത്സാസമ്പ്രദായം അംഗീകരിക്കുന്നതിനേയും, ഒരു ജനറൽ കൗൺസിലും ഫാക്കൽററിയും ഏർപ്പെടുത്തുന്നതിനെസംബന്ധിച്ചുമുള്ള ശരീഷ്ചന്ദ്രസമന്തായുടെ പ്രമേയം ഫെ: ൧൧-ാംനു-യ്ക്കു മാററിവച്ചു. മററുപ്രമേയങ്ങളുടെ സ്ഥാനക്രമം ചുവടെചേർക്കുന്നു. സക്കാർസർവീസ്സിൽ ഗ്രാമീണർക്കുള്ള പ്രാതിനിദ്ധ്യത്തെസംബന്ധിച്ചു ഡാ. ദേശമുഖിൻെറപ്രമേയം ലൈഫ്, ഫയർ, അപകടം ഇതുടങ്ങിയ ഇൻഷുറൻസുകൾ സ്റ്റേററ് ഏറെറടുക്കുന്നതിനു നിയമംനിർമ്മിക്കണമെന്ന മി. കെ. സന്താനത്തിൻെറ പ്രമേയം പ്രധാനവ്യവസായങ്ങൾ ദേശീയമാക്കിയും, സഹകരണാധിഷ്ഠാനത്തിൽ കൂട്ടുകൃഷിസമ്പ്രദായം നടപ്പിൽവരുത്തിയും മററും രാജ്യത്തിൽ സോഷ്യലിസ്റ്റ്സമ്പ്രദായങ്ങൾ സ്വീകരിക്കണമെന്ന കാസിസയ്യദ്കരിമുദ്ദീൻെറ പ്രമേയം ജാതി, വർഗ്ഗം, മതം മുതലായവ രാജ്യകാര്യങ്ങളിലും ഉദ്യോഗനിയമനങ്ങളിലും അംഗീകരിക്കരുതെന്ന മി: ആർ ദിവാറിൻെറ പ്രമേയം, മെ: വസന്തകുമാർദാസ്, ആർ. കെ. സിധ്വാ, ഉപേന്ദ്രനാഥബർമ്മൻ എന്നിവരുടെ പ്രമേയങ്ങളും അടുത്തപടിയിൽ ആലോചിക്കാൻവച്ചിട്ടുള്ളതു് സ്പീക്കർ ഇഷ്ടമുള്ളപക്ഷം ഫെ: ൧൧-ാം നു- ആലോചിക്കപ്പെടും. ഇതിൽ കുമാരദാസിൻെറ പ്രമേയം തെരഞ്ഞെടുപ്പിനുവേണ്ടി ഉടനെ സെൻസസ് എടുക്കണമെന്നും, ഗവർമ്മെൻറ പ്രത്യേകം അംഗീകരിക്കാത്ത സിനിമ മുതലായവ ൧൮ വയസ്സിൽകുറവായ വിദ്യാർത്ഥികൾ കാണുന്നതു നിരോധിക്കണമെന്നു പറയുന്നു. നേതാജിയുടെ കീഴിൽ ഇന്ത്യൻസ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്ത ഐ. എൻ. ഏ-ക്കാർക്കു മററു ഭടന്മാർക്കുള്ള അവകാശങ്ങൾ അനുവദിക്കണമെന്നുള്ളതാണ് മി: ആർ. കെ. സിധ്വായുടെ പ്രമേയ പ്രസ്താവിക്കുന്നു. മി: ബർമ്മൻെറ പ്രമേയം പശ്ചിമബംഗാളിൻെറ പേരു ബംഗാൾ എന്നു നിശ്ചയിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ്.

# കാൺഗ്രസ്സിനെ ഒരു ലോക സേവകസംഘമായി മാററണം

## മഹാത്മജി ഒടുവിൽ നിർദ്ദേശിച്ച വിപ്ലവകരമായ മാററങ്ങൾ

ന്യൂഡൽഹി, ഫെ: 7—കാൺഗ്രസ്സിനു ഒരു പുതിയ ഭരണഘടന നിർദ്ദേശിച്ചുകൊണ്ടു മഹാത്മജി ഏററവും ഒടുവിലായി എഴുതിയിട്ടുള്ള പൊതുപ്രാധാന്യമുള്ള രേഖ കാൺഗ്രസ്സ് ജനറൽസെക്രട്ടറി ആചാര്യ ജഗൽകിശോർ പ്രസിദ്ധീകരണത്തിനു നൽകിയിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ ചുവടെപറയുന്ന വസ്തുതകൾ വെളിവാകുന്നുണ്ടു്. ഈ രേഖ ഗാന്ധിജി മരിച്ചദിവസം ഉച്ചയ്ക്കുമുമ്പാണു് എന്നെ ഏല്പിച്ചതെന്നു ആചാര്യ ജഗൽകിശോർ പറയുന്നു. കാൺഗ്രസ്സിന്റെ നിലയെ അടിസ്ഥാനമാക്കിയും രാഷ്ട്രസേവകന്മാർ ചെയ്യേണ്ട കാര്യങ്ങളെപ്പററിയും ഗാന്ധിജി തുടർച്ചയായി ഹരിജനിൽ എഴുതാൻ നിശ്ചയിച്ചിരുന്നതാണു്. സ്വാതന്ത്ര്യപ്രാപ്തിമൂലം സംജാതമായ വ്യത്യസ്ത പരിതഃസ്ഥിതികളിൽ കാൺഗ്രസ്സിനു ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുമാറു് അതിന്റെ ഭരണഘടനയിൽ എന്തുവ്യത്യാസങ്ങളാണു വരുത്തേണ്ടതു് എന്നു ആലോചനതുടങ്ങിയിട്ടു കുറേനാളായി. കഴിഞ്ഞ ഏ. ഐ. സി.സി. കാൺഗ്രസ്സ് നിയമാവലിയിൽ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനു ഒരു കമ്മിററിയെ നിയമിച്ചു. ഈ കമ്മിററി പലപ്രാവശ്യംകൂടി ചർച്ചചെയ്തു തയ്യാറാക്കിയ നക്കൽഭേദഗതികൾ ജനുവരിയിൽ ഗാന്ധിജിക്കു സമർപ്പിച്ചു. റിപ്പോർട്ടു തയ്യാർചെയ്യപ്പെട്ടപ്പോഴും ഗാന്ധിജി സന്നിഹിതനായിരുന്നിട്ടുണ്ടു്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ക്ഷണിക്കപ്പെടുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കമ്മിററി മഹാത്മജിയുമായി നിയമാവലിയെപ്പററി ചർച്ചകൾ നടത്തി. ഗാന്ധിജിയുടെ അഭിപ്രായങ്ങൾ അനുസരിച്ചു ഒരു നക്കൽനിബന്ധനകൾ തയ്യാർചെയ്യുവാൻ അദ്ദേഹത്തോടു അഭ്യർത്ഥിച്ചതനുസരിച്ചു് അദ്ദേഹം എഴുതിയുണ്ടാക്കിയ ഭരണഘടന ജനുവരി ൩൦-ാംനു- ഉച്ചയ്ക്കുമുമ്പു് ആചാര്യ ജഗൽകിശോർ ബിർളാമന്ദിരത്തിൽചെന്നു മഹാത്മജിയുടെ പക്കൽനിന്നു വാങ്ങി. അദ്ദേഹവും ശങ്കരറാവുദേവുംകൂടി ഗാന്ധിജിയെ സന്ദർശിച്ചു ചില വകുപ്പുകളെപ്പററി അദ്ദേഹവുമായി ചർച്ചകൾ നടത്തണമെന്നു വിചാരിച്ചിരുന്നെങ്കിലും വിധി അതിനിടയാക്കിയില്ല. മഹാത്മജി ഏററവും ഒടുവിലായി എഴുതിയ ഈ കാൺഗ്രസ് ഭരണഘടന പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നു കാൺഗ്രസ്സിന്റെ ഭാവിയെപ്പററി ഗാന്ധിജിക്കു് എത്രമാത്രം ഉൽക്കണ്ഠയുണ്ടായിരുന്നുവെന്നു, അതു തടയുവാൻ അദ്ദേഹം എത്രമാത്രം ആശിച്ചിരുന്നുവെന്നും കാണാവുന്നതാണു്. ഇതു ഭരണഘടനാകമ്മിററിയുടെ ആലോചനയ്ക്കു് ഇപ്പോൾ വിധേയമായിരിക്കുന്നു. ഗാന്ധിജിയുടെ നിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നവയാണു്.

വിഭജിച്ച രീതിയിലാണെങ്കിലും കാൺഗ്രസ് നിർദ്ദേശിച്ച മാർഗ്ഗത്തിൽകൂടി രാഷ്ട്രീയസ്വാതന്ത്ര്യം നേടിയിരിക്കുന്ന ഇന്നു്, പ്രചരണത്തിനും പാർലമെൻററി പ്രവർത്തനങ്ങൾക്കുമുള്ള ഒരു യന്ത്രമെന്ന നിലയിൽ കാൺഗ്രസ്സിന്റെ ഉപയോഗം അവസാനിച്ചിരിക്കുന്നു. പട്ടണങ്ങളെയും നഗരങ്ങളെയുംകൂടാതെ ഇന്ത്യയിലുള്ള ഏഴു ലക്ഷം ഗ്രാമങ്ങളിലും സാമൂഹ്യവും, സാമ്പത്തികവും, സാന്മാർഗ്ഗികവുമായ സ്വാതന്ത്ര്യം സ്ഥാപിക്കപ്പെടേണ്ടതായിട്ടിരിക്കുന്നു. ജനായത്തപരമായ ലക്ഷ്യം പൂർത്തിയിലെത്തുന്നതെങ്കിൽ സാമൂഹ്യശക്തികൾ സൈനികശക്തിയെ ജയിച്ചുകഴിയും. രാഷ്ട്രീയവും വർഗ്ഗീയവുമായ സ്ഥാപനങ്ങളുടെ മത്സരത്തിൽനിന്നു് അതിനെ ഒഴിച്ചുനിർത്തണം. ഇക്കാരണത്താലും ഇതുപോലെയുള്ള മററു കാരണങ്ങളാലും ഇന്നത്തെ കാൺഗ്രസ്സ് സംഘടനയെ ഒരു ലോകസേവകസംഘമായി മാററുവാനും ആവശ്യംപോലെ അതിന്റെ ചട്ടങ്ങൾ ഭേദപ്പെടുത്തണമെന്നും ഏ. ഐ. സി. സി. തീരുമാനിക്കുന്നു.

ഗ്രാമീണരോ, അല്ലെങ്കിൽ അത്തരം മനഃസ്ഥിതിയുള്ളവരോ ആയ അഞ്ചു പ്രായപൂർത്തിയെത്തിയ സ്ത്രീയോ പുരുഷനോ ഉൾപ്പെട്ട ഒരു പഞ്ചായത്തു ഈ സ്ഥാപനത്തിന്റെ ഒരു യൂണിററ് ആയിരിക്കും. ഇങ്ങിനെയുള്ള രണ്ടു പഞ്ചായത്തുകൾചേർന്നു് ഒരു വർക്കിംഗ് പാർട്ടിയാക്കണം. ഇവർ ചേർന്നു് ഒരു നേതാവിനെ തെരഞ്ഞെടുക്കുകയും അദ്ദേഹത്തെ അനുസരിച്ചു പ്രവർത്തിക്കുകയും വേണം. ഇങ്ങനെയുള്ള നൂറു യൂണിററുകളിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന അൻപതു മെമ്പറന്മാർ ചേർന്നു് ഒരു ലീഡറെ അവരുടെ ഇടയിൽ നിന്നു നിശ്ചയിക്കണം. ഈ അൻപതു പേരും ഈ രണ്ടാംഗ്രേഡ് നേതാവിന്റെ കീഴിൽ പണിയെടുക്കണം. ഇതുരൂപത്തിൽ പഞ്ചായത്തുകളടങ്ങിയ സമാന്തരഗ്രൂപ്പുകൾ ഇന്ത്യയൊട്ടുക്കു സംഘടിപ്പിക്കണം. ആവശ്യമെന്നു തോന്നുമ്പോൾ ഈ രണ്ടാംഗ്രേഡ് നേതാക്കന്മാർ അവരുടെ ഇടയിൽനിന്നു ഒരു ചീഫിനെ തെരഞ്ഞെടുക്കണം. ഇയാൾ എല്ലാ ഗ്രൂപ്പുകളേയും നയിക്കുകയും നിയന്ത്രിക്കുകയും വേണം. പ്രാവിൻസുകളും ഡിസ്ട്രിക്ടുകളും പുനഃസംഘടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ആ അടിസ്ഥാനത്തിൽ ഗ്രൂപ്പ് സേവകന്മാരെ സംഘടിപ്പിക്കണമെന്നു വ്യവസ്ഥചെയ്യാത്തതാണു്. ഈ സേവകന്മാർ സ്വമേധയാ ചെയ്യുന്ന സേവനത്തിൽനിന്നാണു അധികാരം ലഭിക്കുന്നതെന്നു കാണാൻ കഴിയും. ൧) ഓരോ പ്രവർത്തകനും സ്വന്തം നൂൽകൊണ്ടു നിർമ്മിച്ചതോ ഏ. ഐ. എസ് ഏയിൽനിന്നു വാങ്ങിയതോ ആയ ഖദർ പതിവായി ധരിക്കുന്ന ആളായിരിക്കണം. ലഹരിഉപയോഗം അയിത്തോച്ചാരണം ഇവയൊന്നും അയാളുടെ കുടുംബത്തിൽപോലും പാടില്ല, സാമുദായികസൗഹാർദ്ദത്തിൽ അയാൾ വിശ്വസിക്കണം. എല്ലാമതങ്ങളേയും, വർഗ്ഗങ്ങളെയും അയാൾ ഒരുപോലെ കരുതണം.

൨. അയാളുടെ പ്രവർത്തനപരിപരിധിയിലുള്ള ഒരു ഗ്രാമീണനുമായി അയാൾ സമ്പർക്കം പുലർത്തണം. ൩. ഗ്രാമീണർക്കു ആവശ്യമായ പരിശീലനം നൽകുകയും അവരുടെ ഒരു രജിസ്റ്റർ അയാൾ സൂക്ഷിക്കുകയും വേണം. ൪. ഓരോദിവസത്തെയും പ്രവർത്തികളുടെ വിവരം അയാൾ രേഖപ്പെടുത്തിവയ്ക്കണം. ൫ കൃഷിയും കൈത്തൊഴിലുംമുഖാന്തിരം ഗ്രാമീണരെ സ്വയം പര്യാപ്തരും സ്വാശ്രയരും ആക്കിത്തീർക്കാൻ അയാൾ ഗ്രാമീണരെ സംഘടിപ്പിക്കണം. ൬. ആരോഗ്യപരിപാലനം, ശുചീകരണം തുടങ്ങിയ കാര്യങ്ങളിൽ ഗ്രാമീണരെ പരിശീലിപ്പിക്കണം. ൭. ഹിന്ദുസ്ഥാനി തലീമിസംഘത്തിന്റെ മാർഗ്ഗം അവലംബിച്ചു് ഗ്രാമീണർക്ക് വിദ്യാഭ്യാസംലഭിക്കുവാൻ വേണ്ടതുചെയ്യണം. ൮. വിട്ടുപോയിട്ടുള്ളവരുടെ പേരുകൾ വോട്ടറന്മാരുടെ ലിസ്റ്റിൽ ചേർപ്പിക്കുവാൻ അയാൾ ശ്രദ്ധിക്കണം. ൯. വോട്ടവകാശം ലഭിച്ചിട്ടില്ലാത്തവർക്ക് അതു സമ്പാദിച്ചുകൊടുക്കണം. ൧൦. ഇക്കാര്യങ്ങൾ നിർവഹിക്കാൻ സാധ്യമാകത്തക്കവിധം അയാൾ സ്വയം പരിശീലനം സമ്പാദിക്കണം. അഖിലേന്ത്യാ ചർക്കാസംഘം, അഖിലേന്ത്യാ ഗ്രാമവ്യവസായസംഘം, ഹിന്ദുസ്ഥാനി തലീമിസംഘം, ഹരിജനസേവകസംഘം, ഗോസേവാസംഘം എന്നിവയോടു് ഈ സംഘം സംഘടിക്കണം.

—○—

# ഭോർസ്റ്റേററ് ഭരണം

—○—

## ബാംബെഗവമ്മെൻറ് ഏറെറടുത്തു

പൂന, ഫെ: ൭— പൂനായ്ക്കുസമീപം ഡെക്കാണിൽ ഭോർസ്റ്റേററിലെ നിയമസമാധാനപാലനത്തിന്റെ ഭരണച്ചുമതല പൂനാഡിസ്ട്രിക്ട് മജിസ്ട്രേട്ടുമുഖാന്തിരം ബാംബെഗവ: ഏറെറടുത്തിരിക്കുന്നു. അവിടെ നിലവിലിരിക്കുന്ന അസ്വാസ്ഥ്യങ്ങളെയും നിയമസമാധാനപാലനത്തിൽ സഹായിക്കാൻ ഭോർ നാട്ടുരാജ്യവകുപ്പിനോടുചെയ്ത അഭ്യർത്ഥനയെയും പരിഗണിച്ചാണു് ഈ നടപടി കൈക്കൊണ്ടിരിക്കുന്നതു്.

ഫാൽട്ടൺസ്റ്റേററിലെ നിയമസമാധാനപാലനചുമതലയും പൂനാ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു് ഏറെറടുക്കുന്നു. അതിലേക്കുള്ള ഏർപ്പാടുകൾ നടന്നുവരുന്നു. ഫാൽട്ടൺസ്റ്റേററിന്റെ സമ്മതത്തോടുകൂടിയാണു് ഇന്ത്യാഗവ: നാട്ടുരാജ്യവകുപ്പു് ഈ നടപടിയും കൈക്കൊള്ളുന്നതു്. (ഏ-പി)

—○—

# ഗവർണ്ണർജനറലും പ്രധാനമന്ത്രിയും

—○—

## അലഹബാദ് സന്ദർശിക്കും

ന്യൂഡൽഹി ഫെ: ൭-ഇന്ത്യാഗവർണ്ണർജനറലും പത്നിയും പ്രധാനമന്ത്രി പണ്ഡിതനെഹ്റുവും മാസിച്ച ഫെബ്രുവരി ൧൧-നു അലഹബാദിലെത്തി കുംഭമേള വീക്ഷിക്കുന്നു. അതിനുശേഷം കമലാ നെഹ്റു ആശുപത്രിയും ഡഫറിൻ ആശുപത്രിയും സന്ദർശിക്കുന്നതുമാണു്.

(ഏ-പി)


# ടാക്കീസ്

മഹത്തായ ഏഴാംവാരം
കൊല്ലം S. M. P. പാലസ്സിൽ
വരദൻ, എം. എസ്. സരോജിനി, കൃഷ്ണൻ, മധുരം അഭിനയിച്ച
❋ കന്യക ❋

മഹത്തായ രണ്ടാംവാരം
കൊല്ലം ബേബിടാക്കീസിൽ
വീരവനിത
(തമിഴ് ചിത്രം)

മഹത്തായ 2-ാംവാരം
കൊല്ലം ലക്ഷ്മിടാക്കീസിൽ
ബി. എസ്. സരോജ, കമലാശൻ, കുമാരി എൻ. രാജം, പുളിമൂട്ടൈ, അങ്കമുത്തു മുതലായവരഭിനയിച്ച
"ധന അമരാവതി"

ചവറ സുദർശൻ ടാക്കീസിൽ
മിസ്സ് കാഞ്ചനമാല, പുഷ്പവല്ലി, ചെല്ലാറി ലളിത, കനകലിംഗേശ്വരറാവു മുതലായവർ അഭിനയിച്ച
— ബാലനാഗമ്മ —

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
മഹത്തായ രണ്ടാംവാരം
കോരത്തമംഗലം ശീനു, ററി. ആർ. രാമചന്ദ്രൻ, വിജയകുമാരി ബേബികമല അഭിനയിച്ച
മഹാത്മാ ഉദങ്കർ

ചവറ കെ. സി: ടാക്കീസിൽ
പി. യു. ചിന്നപ്പ, ററി. എസ്. ബാലയ്യാ, സന്താനലക്ഷ്മി, എൻ. എസ്. കൃഷ്ണൻ ററി. ഏ. മധുരം, അഭിനയിച്ച
പൃഥിരാജ്
എന്ന ചിത്രം


# ഔന്ധ്

—○—

## ബാംബെയോടുചേരുന്നു

ബാംബെ ഫെ: ൭ —ഡെക്കാൺ സ്റ്റേററുകളിൽപെട്ട ഔന്ധ് ബാംബെ പ്രവിശ്യയിൽ ചേരുന്നതിനുള്ള പ്രമാണത്തിൽ ഒപ്പുവച്ചിരിക്കുന്നു. (ഏ-പി)

# ഗാന്ധിജിയുടെ ശ്രാദ്ധദിനം സംബന്ധിച്ചൊരഭ്യർത്ഥന

## കൊല്ലത്തെ പരിപാടി

മഹാത്മാഗാന്ധിയുടെ ഭൗതികാവശിഷ്ടം അലഹബാദിൽ പ്രയാഗിൽ നിക്ഷേപണം ചെയ്യുന്ന ഫെബ്രുവരി ൧൨-ാം തീയതി (മകരം ൩൦-വ്യാഴം) പ്രസ്തുത നിക്ഷേപണകർമ്മം നടക്കുന്നസമയത്തു കൊല്ലത്തു തിരുമുല്ലവാരം തീർത്ഥക്കരയിൽ ആ വീരാത്മാവിന്റെ നിത്യശാന്തിക്കായി തർപ്പണവും സ്നാനവും നടത്തുന്നതു സമുചിതമായിരിക്കുമെന്നുള്ളതുകൊണ്ടു അതിനാഗ്രഹിക്കുന്നവരെല്ലാം അന്നേദിവസം കാലത്തു ൧൦ മണിക്കു വടയാററുകോട്ട ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിനു മുൻവശം വന്നുചേരണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു. ൧൦ മണിക്കു എല്ലാവരും ക്ഷേത്രസന്നിധിയിൽനിന്നു ചിന്നക്കടയിലൂടെ ഒരു നിശ്ശബ്ദഘോഷയാത്രയായി നഗരത്തിലെ മുഖ്യ തെരുവിൽകൂടി ലക്ഷ്മിനട, രാമേശ്വരം മുതലായ ക്ഷേത്രങ്ങൾ കടന്നു് തിരുമുല്ലവാരത്തു എത്തി സ്നാനവും തർപ്പണവും നടത്തുന്നതാണു്. ഇതു പ്രമാണിച്ചു ഖാദിവസ്ത്രാലയത്തിൽവച്ചു മകരം ൨൮-ാംനു- കാലത്തുമുതൽ ആരംഭിക്കുന്ന ൨൪ മണിക്കൂർനേരത്തെ അഖണ്ഡസൂത്രയജ്ഞം മകരം ൨൯-ാംനു- ൯ൽ മണിയോടെ സമാപിക്കുന്നതാണു്. ഈ പാവനകർമ്മത്തിനുള്ള പരിപാടിയിലേക്കു എല്ലാവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എന്നു്, വിധേയൻ
കെ. ജി. ശങ്കർ

വടയാററുകോട്ട
കൊല്ലം ൨൪-൬-൧൧൨൩

# തമിഴ്നാട് ഹിന്ദുമഹാസഭ

## രാഷ്ട്രീയപ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നു

മദ്രാസ്, ഫെ: ൭-തമിഴ്നാട്ടു് ഹിന്ദുമഹാസഭാ പ്രസിഡൻറു് മി. കെ. എസ്. രാമസ്വാമിശാസ്ത്രി ഒരു പത്രപ്രസ്താവനയിൽ മഹാത്മാഗാന്ധിയുടെ വധം സംബന്ധിച്ചുള്ള വിചാരണതീരുകയും മഹാസഭാനയപരിപാടികളുടെ നവീകരണമുണ്ടാകുകയും ചെയ്യുന്നതുവരെ സംസ്ഥാനിക ഹിന്ദുമഹാസഭയും അതിന്റെ ഡിസ്ട്രിക്ട്ശാഖകളും പ്രാദേശികസഭകളും അവയുടെ രാഷ്ട്രീയപ്രവർത്തനങ്ങളെല്ലാം നിർത്തിവച്ചിരിക്കുന്നതായി പറയുന്നു.

(ഏ പി)

## കാണാതെപോയി

എന്റെവക 20 ഗ്യാലൻ പെട്രോൾ കൂപ്പൺ ഇന്നേദിവസം വിക്ടോറിയാ ആശുപത്രിയുടെ സമീപംവെച്ചു കൈമോശം വന്നിരിക്കുന്നു. കൂപ്പൺ കിട്ടുന്നവർ താഴെപ്പറയുന്ന മേൽവിലാസത്തിൽ എത്തിച്ചുതരുകയോ വിവരം അറിയിക്കുകയോ ചെയ്യണമെന്നപേക്ഷിക്കുന്നു.

എന്നു്, സി. പി. ഉമ്മൻ;
നാഷനൽസ്റ്റോഴ്സ്,
തട്ടാരമ്പലം— മാവേലിക്കര.

(11-ാംപേജിൽനിന്നും തുടർച്ച)

1939 അക്ടോബർ യുദ്ധകാലത്തേയ്ക്കു ഒരു രീതിമാനം ചെയ്യുന്നതിനു ലിൻലിത്ഗോപ്രഭുവുമായി ആലോചനകൾ പരാജയപ്പെട്ടതിനാൽ കാൺഗ്രസ്സുമന്ത്രിസഭകൾ ഉദ്യോഗം ഉപേക്ഷിക്കുന്നു

1940 അക്ടോബർ സിവിൽനിയമലംഘനം

1941 ജനുവരി 26 സ്വാതന്ത്ര്യദിനസന്ദേശം വാർദ്ധാഗവർമ്മെൻറിൽനിന്നു അയയ്ക്കുന്നു. അന്നു സിവിൽനിയമലംഘനം പാടില്ലെന്നു നിർദ്ദേശം

1941 ഫെബ്രുവരി 15 ബ്രിട്ടനെ നഷ്ടപ്പെടുത്തി ഇൻഡ്യയ്ക്കു നന്മയുണ്ടാക്കുന്നതിനു താൻ ആശിക്കുന്നില്ല എന്നു പ്രസ്താവന

1941 മാർച്ച് 28 അലഹബാദിൽ കമലാനെഹ്റുസ്മാരകആശുപത്രി ഉൽഘാടനം ചെയ്യുന്നു.

1941 ഏപ്രിൽ സിവിൽനിയമലംഘനം പിൻവലിക്കുന്നതിനു വിസമ്മതിക്കുന്നു. അക്രമരാഹിത്യത്തിലുള്ള അചഞ്ചലമായ വിശ്വാസം ആവർത്തിക്കുന്നു.

1941 മേ 6 സിൻഡിനെ സിവിൽനിയമലംഘനത്തിൻെറ പരിധിയിൽനിന്നു ഒഴിവാക്കുകയും അവിടത്തെ കാൺഗ്രസ്സുകാർ അവരുടെ സാധാരണ കൃത്യങ്ങളിൽ ഏർപ്പെട്ടുകൊള്ളണമെന്നു ഉപദേശിക്കുകയും ചെയ്യുന്നു. ഹിന്ദുമുസ്ലിം ലഹളകളെപ്പററി ഖേദം പ്രകടിപ്പിക്കുന്നു

1941 ജൂൺ 25 ശ്രീ കെ. എം. മുൻഷി കാൺഗ്രസ്സിൽനിന്നു രാജിവയ്ക്കുന്നതിനു അനുവദിക്കപ്പെട്ടു

1941 ഡിസംബർ 30 കാൺഗ്രസ്സ് നേതൃത്വത്തിൽനിന്നു മഹാത്മജിയെ വർക്കിംഗ്കമ്മററി ഒഴിവാക്കുന്നു

1942 ജനുവരി 8 ഗാന്ധിജി കാൺഗ്രസ്സിൽനിന്നു ഒഴിഞ്ഞതിനെപ്പററി ആസാദിൻെറ വിശദീകരണം

1842 ജനു 15 നെഹ്റുവായിരിക്കണം തൻെറ അനന്തരഗാമിയെന്നു ഗാന്ധിജി അഭിപ്രായപ്പെടുന്നു

1942 ഫെബ്രുവരി 15 "ജർമ്മനി ജയിക്കുമെങ്കിൽ" എന്ന ഹരിജൻ ലേഖനം

1942 ഫെബ്രുവരി 18 കൽക്കട്ടായിൽ ചിയാങ്ങ്കൈഷെക്കുമായി സന്ദർശനം

1942 മാർച്ച് 11 ക്രിപ്സ്ദൗത്യത്തെപ്പററി കാമൺസിൽ ചർച്ചിലിൻെറ പ്രസ്താവന

1942 മാർച്ച് 27 ഡൽഹിയിൽവച്ചു ഗാന്ധിജിയും ക്രിപ്സുമായി സംഭാഷണം

1942 മാർച്ച് 29 ഭാഷാപരമായ അടിസ്ഥാനത്തിൽ പ്രവിശ്യകൾ വിഭജിക്കപ്പെടണമെന്നു — നിശ്ചയം അംഗീകരിക്കപ്പെട്ടതിനുള്ള പ്രധാന ഉത്തരവാദിത്വം ഗാന്ധിജിയ്ക്കാണെന്നു സമ്മതിക്കുന്നു. ക്രിപ്സിൻെറ നിർദ്ദേശങ്ങൾ

1942 മാർച്ച് 30 ക്രിപ്സിൻെറ നിർദ്ദേശങ്ങൾ പ്രക്ഷേപണം ചെയ്യപ്പെടുന്നു.

1942 ഏപ്രിൽ 23 ക്രിപ്സ്ദൗത്യത്തിൻെറ പരാജയം

1942 ഏപ്രിൽ 5 "വിദേശികളെ ഇൻഡ്യ സ്വാഗതം ചെയ്യുന്നു"— ഹരിജൻ ലേഖനം

1942 ഏപ്രിൽ 11 ക്രിപ്സ്നിർദ്ദേശം പിൻവലിക്കപ്പെട്ടെന്നുള്ള ക്രിപ്സിൻെറ പ്രസ്താവന

1942 ഏപ്രിൽ 23 മദ്രാസ് നിയമസഭയിലെ കാൺഗ്രസ്സുകക്ഷി മുസ്ലിംലീഗിൻെറ വിഭജനവാദം അംഗീകരിക്കുന്നു

1942 മേ 1 എ. ഐ. സി. സി. യുദ്ധത്തെ സംബന്ധിച്ചുള്ള പ്രമേയം

1942 മേ 2 ലീഗിൻെറ വിഭജനവാദം അംഗീകരിക്കണമെന്നുള്ള രാജഗോപാലാചാരിയുടെ പ്രമേയം എ ഐ സി. സി. തിരസ്കരിക്കുന്നു. ജഗത്നാരായൻലാലിൻെറ പ്രമേയം അംഗീകരിക്കുന്നു

1942 മേ 31—"സി. ആർ" ൻെറ ഉദ്ദേശശുദ്ധിയെപ്പററി ഗാന്ധിജി വാദിക്കുന്നു.

1942 ജൂൺ 9 –"ഇന്ത്യവിടുക" എന്ന പ്രസ്ഥാനത്തിൻെറ ഉത്ഭവം. ലൂയിഫിഷറുടെ സന്ദർശനം.

1942 ജൂലൈ 26— "ജപ്പാൻകാരോട്".

1943 ജൂലൈ 20—1942 ജൂലൈ 14 ലെ പ്രവർത്തകസമിതി പ്രമേയത്തെപ്പററി സി. ആർ. ഗാന്ധിജിക്കയച്ച കത്തും ഗാന്ധിജിയുടെ മറുപടിയും.

1942 ആഗസ്റ്റ് 6—പിക്കിൾ അയച്ച സർക്കുലർ ഉത്തരവു ഗാന്ധിജി പ്രസിദ്ധപ്പെടുത്തുന്നു.

1942 ആഗ: 7—ചൈനായ്ക്കു സന്ദേശം

1942 ആഗ: 7—ബോംബയിൽ എ. ഐ. സി. സി. സമ്മേളനം ആരംഭിക്കുന്നു.

1942 ആഗ: 8 — "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക." ഗാന്ധിജിയുടെ സന്ദേശം.

1942 ആഗ: 9 ഗാന്ധിജി ബന്ധനത്തിൽ പൂനായിലെ ആഗാഖാൻ കൊട്ടാരത്തിൽ മററു കാൺഗ്രസ്സു നേതാക്കന്മാരും ബന്ധനസ്ഥരാക്കപ്പെടുന്നു ഗാന്ധിജി ഗവണ്മെൻറിൻെറ മേലിലുള്ള കുററപത്രം വൈസ്രായിക്കയയ്ക്കുന്നു.

1942 ആഗ: 14—മഹാദേവദേശായിയുടെ ചരമം

1942 ആഗ: 23—ഗാന്ധിജി ചിയാങ്ങിനയച്ച കത്തു ലൂയിഫിഷർ "നേഷൻ" പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നു.

1943 ഫെ: 10—ആഗാഖാൻ കൊട്ടാരത്തിൽവച്ചുള്ള ഉപവാസം

1943 ഫെ: 26 സി. ആർ. സന്ദർശിക്കുന്നു.

1943 മാർച്ച് 3 - ഉപവാസം അവസാനിക്കുന്നു.

1943 ഫെ. 10— ഗാന്ധിജിയും വൈസ്രായിയുമായുള്ള കത്തുകൾ പ്രസിദ്ധപ്പെടുത്തുന്നു.

1943 ഫെ: 11 ഉപവാസക്കാലത്തേക്കു മോചിപ്പിക്കാമെന്നുള്ള ഗവണ്മെൻറിൻെറ സൗജന്യം നിരസിക്കുന്നു. പ്രഫസർ ഭാൻസലി ഉപവാസം ആരംഭിക്കുന്നു. ടൈംസ്പത്രത്തിലെ ലേഖനം. അക്രമങ്ങൾക്കു ഗാന്ധിജിയ്ക്കു ഉത്തരവാദിത്വമില്ലെന്നു ടൈംസ് സ്ഥാപിക്കുന്നു.

1943 ഫെ: 13—ടോട്ടൻഹാം ആഗസ്ററാക്രമങ്ങൾക്കുള്ള കാൺഗ്രസിൻെറ ഉത്തരവാദിത്വം" എന്ന ലഘുലേഖ പ്രസിദ്ധപ്പെടുത്തുന്നു.

1943 ഫെ: 15—കേന്ദ്രഅസംബ്ളിയിൽ ഉപവാസത്തെപ്പററി പ്രമേയം മാക്സ്വെൽ ഗവണ്മെൻറിൻെറ നിലയെ സാധൂകരിക്കുന്നു.

1943 ഫെ: 17— ഗവണ്മെൻറു നയത്തോടു പ്രതിഷേധിച്ചു മോഡി, സർക്കാർ, അനേ എന്നിവർ വൈസ്രായിയുടെ കൗൺസിലിൽനിന്നു രാജി വയ്ക്കുന്നു.

1944 മേ 6– നിരുപാധികമായി ഗാന്ധിജിയെ മോചിപ്പിക്കുന്നു.

1944 മേ 4—ഗാന്ധിജി ജിന്നായ്ക്കു കത്തെഴുതുന്നു.

1944 ഫെബ്രുവരി 22— കസ്തൂർബാഗാന്ധിയുടെ ചരമം.

1944 മേ 28 ഗാന്ധിജി ജയിലിൽനിന്നയച്ച കത്തിനെപ്പററി മി. ജിന്നായുടെ വ്യാഖ്യാനം.

1944 ജൂൺ 17—ഗാന്ധിജിയും ഗവണ്മെൻറുമായുള്ള കത്തുകൾ ഗവണ്മെൻറു പ്രസിദ്ധപ്പെടുത്തുന്നു.

1944 ജൂലൈ 1—ജൂൺ 17-ാംനു- വൈസ്രായിക്കെഴുതിയ കത്തും ജൂൺ 22-ാംനു- വൈസ്രായി ഗാന്ധിജിക്കയച്ച മറുപടിയും പ്രസിദ്ധപ്പെടുത്തുന്നു.

1944 ജൂലൈ 8 –സി. ആറും ജിന്നായുമായുള്ള കത്തുകൾ പ്രസിദ്ധപ്പെടുത്തുന്നു.

1946 ജൂലൈ 13 - സി. ആർ. ഗാന്ധി പദ്ധതിയെ എതിർക്കുന്നു.

1944 ജൂലൈ 14 —ചർച്ചിലിനു കത്ത്.

1944 സെപ്തം. 9 ഗാന്ധിജി ജിന്നായെ ബോംബയിലെ ജിന്നായുടെ വസതിയിൽവച്ചു സന്ദർശിച്ചു.

1946 ഫെബ്രുവരി - ബ്രിട്ടീഷ്പാർലമെൻറു അംഗങ്ങളുമായി മദ്രാസിൽവച്ചു സന്ദർശനം.

1946 ഫെബ്രുവരി 19 മന്ത്രിസഭാംഗങ്ങളുടെ സന്ദർശനപ്രഖ്യാപനം.

1946 ഏപ്രിൽ 24 മി. ഉൗവറുമായി സന്ദർശനം.

1946 മേ 16 മന്ത്രിസഭാംഗങ്ങളുടെ നിർദ്ദേശം.

1946 ജൂൺ 2– മന്ത്രിസഭാനിർദ്ദേശത്തെ ഗാന്ധിജി പ്രശംസിക്കുന്നു.

1946 സെപ്തംബർ 1— ലീഗുകക്ഷിയുടെ സഹകരണംകൂടാതെ ഇടക്കാലഗവണ്മെൻറു രൂപീകരിക്കുന്നു.

1946 അക്ടോബർ 26 - ലീഗുഇടക്കാലഗവണ്മെൻറിൽ പ്രവേശിക്കുന്നു

1946 ഡിസംബർ —നെഹ്റു ലണ്ടനു സന്ദർശിക്കുന്നു.

1946 ഡിസംബർ 9 - കാണസംബ്ളി ലീഗുഅംഗങ്ങളെക്കൂടാതെ സമ്മേളിക്കുന്നു.

1946 ജനുവരി-ഫെബ്രുവരി ദക്ഷിണേന്ത്യൻപര്യടനം. ഫെബ്രുവരി 3 മധുരമീനാക്ഷിക്ഷേത്രവും പളനിക്ഷേത്രവും സന്ദർശിച്ചു.

1946 ഫെബ്രുവരി 10 "ഹരിജൻ" വീണ്ടും പ്രസിദ്ധീകരണം തുടങ്ങി

1946 മാർച്ച് 9. ബെഗ്ഗുസരായ് എന്ന സ്ഥലത്തു ക്ഷേത്രംപണിയിച്ചു ഗാന്ധിയുടെ വിഗ്രഹം പ്രതിഷ്ഠിച്ചു.

1946 മാർച്ച് 24 സ്വന്തം വിഗ്രഹത്തെ ആരാധിക്കുന്നതിനെ അപലപിച്ചു.

1646 ജൂൺ 30—പൂനായ്ക്കുസമീപം ഗാന്ധിജിയുടെ തീവണ്ടിയ്ക്കു അപകടം ഉണ്ടാക്കുന്നതിനു ശ്രമം.

1946 അക്ടോബർ 22—യു. എസിലെ ജനങ്ങൾക്കു സന്ദേശം: "പാവപ്പെട്ട ഇൗശ്വരനു ഒരു മൂലയെങ്കിലും കൊടുക്കുക."

1946 അക്ടോബർ 18— ബംഗാളിൽ ലഹളസ്ഥലങ്ങളിലെ സ്ത്രീകളോടു ഉപദേശം. 'അപമാനത്തെക്കാൾ ഭേദം വിഷംകഴിച്ചോ, ശ്വാസംമുട്ടിച്ചോ ആത്മഹത്യ വരിക്കുക ...

### കൈപ്പററി

കളരി—സിലോൺമലയാളി മഹാജനസഭയുടെ സാംസ്കാരികവിഭാഗത്തിൽനിന്നു പ്രസിദ്ധപ്പെടുത്തിയ വാർഷികസമ്മേളനവിശേഷാൽപതിപ്പ്, മഹാകവി വള്ളത്തോൾ, ശ്രീ. കേളപ്പൻ തുടങ്ങിയവരുടെ സന്ദേശമുദ്രകളെക്കൊണ്ടും പല ലേഖനോപഹാരങ്ങൾകൊണ്ടും നമ്മുടെ ആശംസയെ ആർജ്ജിക്കത്തക്കതായിരിക്കുന്നു. കളരിയുടെ കാര്യത്തിൽ പ്രസാധകരുടെ പ്രതീക്ഷകൾ അചിരേണ പ്രവൃത്തിരംഗത്തിൽ വരുത്തിക്കാണുവാൻ ആഗ്രഹിക്കുന്നു.

—o—

1946 അക്ടോബർ 29 --ബംഗാൾ കൽക്കട്ട നവകാളിസഞ്ചാരം.

1946 നവംബർ 21 ഏകനായി സഞ്ചരിച്ചു സേവനം നടത്തുന്നതിനുള്ള നിശ്ചയം.

1946 ഡിസംബർ 11 ഗ്രാമങ്ങൾ കാൽനടയായി സഞ്ചരിച്ചു സന്ദർശിക്കുന്നു.

1946 നവംബർ 6 ബീഹാറികൾക്കു കത്ത്. മരണംവരെ ഉപവസിക്കുമെന്ന്.

1946 മാർച്ച് ബീഹാർസഞ്ചാരം

1946 മാർച്ച് 1— ഉപ്പുനികുതി നിർത്തൽചെയ്യുന്നു.

1947 ഏപ്രിൽ 16—ഗാന്ധിജിയും ജിന്നായുമായി അക്രമത്തിനെതിരായുള്ള സംയുക്തപ്രസ്താവന,

1947 ജൂൺ 10 -ജൂൺ 3-ലെ പദ്ധതിപ്രകാരം വിഭജനം അനുപേക്ഷണീയമായിരിക്കുന്നു എന്ന പ്രസ്താവന.

1947 ജൂൺ 10 —വരാൻപോകുന്ന സ്വാതന്ത്ര്യം ആനന്ദമുണ്ടാക്കുന്നില്ല.

1947 ആഗസ്റ്റ് 15 - സ്വാതന്ത്ര്യം. ഗാന്ധിജി കൽക്കട്ടായിൽ ഉപവസിക്കുന്നു.

1947 ആഗസ്ററു 18—"ജീവിതത്തിൽ ശേഷിച്ചകാലം പാകിസ്ഥാനിൽ കഴിച്ചുകൂട്ടും"

1947 സെപ്തംബർ 1— കൽക്കട്ടയിൽവച്ചു ഉപവാസം. പഞ്ചാബ് അക്രമങ്ങളുടെ ഫലമായി ഹിന്ദുക്കൾ ലഹളനടത്തിയതിനോടുള്ള പ്രതിഷേധം.

1947 സെപ്തംബർ 4 73 മണിക്കൂർകഴിഞ്ഞു ഉപവാസലംഘനം.

1947 സെപ്തംബർ 4 ലഹളക്കാർ ഗാന്ധിജിയുടെ മുമ്പിൽ ആയുധങ്ങൾ വയ്ക്കുന്നു.

1947 സെപ്തംബർ 21— ഡൽഹിയിലെ മുസ്ലീങ്ങൾ ആയുധങ്ങൾ സമർപ്പിക്കുന്നു.

1947 നവംബർ, ഡിസംബർ. കൺട്രോളുകൾ നിർത്തണമെന്ന വാദം.

1948 ജനുവരി 13— ഉപവാസം. ഇൻഡ്യയുടെ അഭിമാനം വീണ്ടെടുക്കുന്നതിനായി.

1948 ജനുവരി 17— ഉപവാസം ലംഘിക്കുന്നതിനുള്ള ഏഴു വ്യവസ്ഥകൾ.

1948 ജനുവരി 18—ഉപവാസം അവസാനിപ്പിക്കുന്നു.

1948 ജനുവരി 20 ഗാന്ധിജിയെ അപായപ്പെടുത്തുന്നതിനുള്ള ശ്രമം.

1948 ജനുവരി 21– കുററക്കാരനോടു കരുണ പ്രദർശിപ്പിക്കണമെന്നുള്ള അഭ്യർത്ഥന.

ജനുവരി 30 മഹാസമാധി.

—o—

# പ്രേമാമൃതത്തെപ്പററി

എൻ. കെ. ശിവശങ്കരപ്പിള്ള ബി. എ.

"ഈ കൃതി (പ്രേമാമൃതം) സി വിയുടെ ചരിത്രാഖ്യായികകളെപ്പോലെ ആത്മാർത്ഥമായ ഏതു് പ്രേരണാമൂലം എഴുതിയതാണെന്നു എനിക്കുകൂടി സംശയിച്ചുപോകുന്നു. ആരോ പറഞ്ഞിട്ടു് ആർക്കോവേണ്ടിയെഴുതിയതാണെന്നേ അതു വായിച്ചാൽ തോന്നുകയുള്ളൂ.........കഥാരചനയുടെ ചില പ്രാഥമികതത്വങ്ങൾപോലും പ്രേമാമൃതത്തിൽ വിഗണിക്കപ്പെട്ടിട്ടുണ്ടു്. ഖില്യജ്ജിഹാൻ, മണികണ്യാർ എന്നിങ്ങനെ ഇന്നാട്ടിലെങ്ങും ഒരിക്കലും കേട്ടിട്ടില്ലാത്ത പേരുകളിൽ ഇന്നാട്ടുകാരായ കഥാപാത്രങ്ങളെ സൃഷ്ടിച്ചപ്പോൾതന്നെ പ്രസ്തുത കഥയുടെ അന്തരീക്ഷം അപകടത്തിലായി [illegible]ക്കയോ മനസ്സിൽ വച്ചുകൊണ്ടു് [illegible]മായ ശ്രദ്ധയോ ഭാവനാവിലാസമോ ഇല്ലാ[illegible] എഴുതിയ കൃതിയാണു് പ്രേമാമൃതം." എ[illegible]മാണു് സി വി രാമൻപിള്ള എന്ന [illegible]വചരിത്രം നിരൂപണംചെയ്തുകൊണ്ടു് ശ്രീ ഭാസ്കരൻനായർ മാതൃഭൂമിയിൽ എഴുതിയ ഒരു ലേഖനത്തിൽ പ്രസ്താവിക്കുന്നതു്. എന്തു്? പ്രേമാമൃതം ഇത്ര ക്ഷുദ്രമായ ഒരു കൃതിയോ? എഴുതുന്നതിൽ ആത്മാർത്ഥതയില്ലാതെ വരുന്നതിനെക്കാൾ വലുതായ ഒരപരാധത്തിനു് ഒരു ഗ്രന്ഥകാരൻ പാത്രമാകുന്നുണ്ടോ? 'ആരോ പറഞ്ഞിട്ടു ആർക്കോവേണ്ടി' എഴുതുന്ന ഒരു കൃതി വാസ്തവത്തിൽ നിന്ദ്യംതന്നെയാണു്. അങ്ങിനെ ഒരു കൃതിയെഴുതുന്ന ആൾ സഹൃദയന്മാർക്കു് ശാപകാരിയും സ്വന്തം യശസ്സിനു വിനാശകാരിയുമാണെന്നുള്ളതിനു സംശയമില്ല. പിന്നെ 'ഏകാഗ്രമായ ശ്രദ്ധയും ഭാവനാവിലാസവും' കൂടിയില്ലാതെയാണു് എഴുതിയെങ്കിൽ ഗ്രന്ഥം നിന്ദ്യനിന്ദ്യമെന്നേ പറഞ്ഞുകൂട്ടു. കഷ്ടം! സി: വി: യെപ്പോലെയുള്ള ഒരാൾ ഇങ്ങിനെ ചെയ്യേണ്ടിയില്ലായിരുന്നു; എന്നിങ്ങിനെയാണു മി: ഭാസ്കരൻനായരുടെ ലേഖനം വായിച്ചപ്പോൾ എനിക്കുതോന്നിയതു്. എങ്കിലും എനിക്കു എന്നെത്തന്നെ അവിശ്വസിക്കുവാൻ എങ്ങിനെകഴിയും? ഏതാനും വർഷങ്ങൾക്കുമുൻപു പ്രേമാമൃതംവായിച്ചപ്പോൾ ആ ഗ്രന്ഥത്തിൽ എനിക്കു ഹാർദ്ദമായി രസിക്കുവാൻ കഴിഞ്ഞിരുന്നു. അതിൻെറപ്രത്യേകസരണിയിൽ മലയാളഭാഷയിലെ ഒരു ഉൽകൃഷ്ടഗ്രന്ഥമായിട്ടാണു് എനിക്കു അതനുഭവപ്പെട്ടതു്. ഒരു ഒന്നാംകിട സാഹിത്യകാരൻെറ ഭാവനാവിലാസവും ആത്മാർത്ഥതയും കല്പനാചാതുരിയും അതിൽ പലയിടത്തും കാണ്മാൻ കഴിഞ്ഞു. സി വി-യുടെ ഇതരഗ്രന്ഥങ്ങളോടു തട്ടിച്ചുനോക്കുമ്പോൾ പലവിധ കുറവുകളും കണ്ടേക്കാമെങ്കിലും പ്രേമാമൃതം മലയാളത്തിലുള്ള ആഖ്യായികകളുടെ മുന്നണിയിലുള്ള ഒരു സ്ഥാനത്തു തന്നെ നിൽക്കുമെന്നാണു് എനിക്കു അന്നു തോന്നിയിരുന്നതു്. മി: ഭാസ്കരൻനായരുടെ അഭിപ്രായം വായിച്ചപ്പോൾ എൻെറ പൂർവ്വവിശ്വാസം ഒന്നുകുലുങ്ങിയെന്നു പറയാതെ തരമില്ല. ഞാൻ വീണ്ടും പ്രേമാമൃതം കൂടുതൽ നിഷ്കർഷയോടെ വായിച്ചുനോക്കി. എന്നിട്ടും ആദ്യഭിപ്രായം ഒന്നുകൂടി ഉറപ്പിക്കുന്നതിനല്ലാതെ ഇളക്കുന്നതിനു കാരണം കണ്ടില്ലെന്നുള്ള പരമാർത്ഥം ഈ അവസരത്തിൽ വ്യക്തമാക്കിക്കൊള്ളട്ടെ.

മി: ഭാസ്കരൻനായരുടെ വാദങ്ങളെ പരിശോധിക്കുന്നതിനുമുമ്പ്, അദ്ദേഹത്തെ ഈ അഭിപ്രായസരണിയിൽ കൊണ്ടുചെന്നു ചാടിച്ച പരിതസ്ഥിതികൾ എന്തെന്നു ചിന്തിക്കുന്നതു് രസകരമായിരിക്കും. അദ്ദേഹത്തിൻെറ ലേഖനത്തിൽ അവയുടെ സൂചനകൾ ധാരാളമുണ്ടു്. ഒന്നാമതായി മി. ഭാസ്കരൻനായർക്കു് ചരിത്രാഖ്യായികകളോടൊപ്പം; സമകാലികപശ്ചാത്തലത്തിന്മേൽ നിർമ്മിതമായ ആഖ്യായികകളെ ആസ്വദിക്കാനുള്ള കഴിവില്ല. അദ്ദേഹത്തിൻെറ ഹൃദയമണ്ഡലം മുഴുവൻ കഴക്കൂട്ടത്തു കുടുംബവും, കുട്ടിക്കോത്തീശ്വരനും, ത്രിപുരസുന്ദരിക്കുഞ്ഞമ്മയും കൈവശപ്പെടുത്തി കഴിഞ്ഞിരിക്കുകയാണു്. മണികണ്ഠക്കുറുപ്പിനോ, പങ്കിപ്പണിക്കർക്കോ, അമ്മിണിക്കുട്ടിക്കോ ഒന്നും അവിടെ എത്തിനോക്കുവാൻപോലും സാദ്ധ്യമല്ല. അതുപോലെതന്നെ സി വി-യുടെ സമകാലികമായ സംഭവങ്ങളിലും സാഹചര്യങ്ങളിലും മി: ഭാസ്കരൻനായർ ഉദാസീനനാണു്. അതു മൂലം സീ വി-യുടെ ജീവിതത്തിൻെറ ഒരു പ്രധാനഅംശം മനസ്സിലാക്കുവാൻ അദ്ദേഹത്തിനു കഴിയുന്നില്ല. സീ-വി-യെ ഭാവനാസമ്പന്നനായ സാഹിത്യകാരനായല്ലാതെ അന്നത്തെ സമുദായജീവിതത്തിലെ ഒരു ഗണ്യപുരുഷനായോ, ഒരു വലിയ സുഹൃന്മണ്ഡലത്തിൻെറ നടുനായകവ്യക്തിയായോ മനസ്സിലാക്കുവാൻ മി: നായർ ശ്രദ്ധിക്കുന്നതേ ഇല്ല. ജീവചരിത്രമെഴുതിയ മി: പരമേശ്വരൻനായർ അവയൊക്കെ വിസ്തരിച്ചിട്ടുള്ളതു് ആ ഗ്രന്ഥത്തിനു ഒരു കുറവാണെന്നുപോലും മി: ഭാസ്കരൻനായർ വാദിക്കുന്നു. അദ്ദേഹം തുറന്നുപറഞ്ഞിട്ടുള്ളതു നോക്കുക. "താണുപിള്ളയുടേയും കൃഷ്ണപിള്ളയുടേയും കൂട്ടുകാരനായി തിരുവനന്തപുരത്തു താമസിച്ച രാമൻപിള്ളയുടെ കഥയിൽ എനിക്കു താല്പര്യം ഒന്നും തോന്നുന്നില്ല." സി വി-ക്കു കാലച്ചേരു ദീർഘദൃഷ്ടി ഉണ്ടായിരുന്നെങ്കിൽ ഭാവിയിൽ മി. ഭാസ്കരൻനായർക്കു വരാനിരുന്ന താല്പര്യക്കുറവിനെ ഭയപ്പെട്ടെങ്കിലും 'താണുപിള്ളയുടേയും കൃഷ്ണപിള്ളയുടേയും കൂട്ടുകെട്ടു്' അദ്ദേഹം വിടേണ്ടതായിരുന്നു എന്നു പറവാനാണു് ഈ വാചകം വായിക്കുമ്പോൾ ആദ്യം തോന്നുക. ഏതായാലും മി ഭാസ്കരൻനായർ ഒരു പരമാർത്ഥം ഗ്രഹിച്ചിരിക്കേണ്ടതാണു്. പി താണുപിള്ള, സി കൃഷ്ണപിള്ള, എൻ രാമൻപിള്ള മുതലായവരുമായി സി വിയ്ക്കുണ്ടായിരുന്ന കൂട്ടുകെട്ടും, തന്മൂലമുള്ള സുഹൃന്മണ്ഡലവിഹാരവുംമററും സി.വി.യെപ്പററിയുള്ള വിചിന്തനത്തിൽ നിസ്സാരങ്ങളായി എണ്ണിക്കളയരുതു്. ആ കൂട്ടുകെട്ടുംപ്രവർത്തനങ്ങളുമാണു് സി വി-യെ സാക്ഷാൽ സി വി-ആക്കിയതെന്നു് മി. നായർ ധരിക്കണം. ഐതിഹ്യങ്ങളും പൂർവ്വകാലഗവേഷണങ്ങളും മററുമല്ല സി. വി. യുടെ പ്രതിഭയുടെ മുഖ്യഅംശങ്ങൾ. മനുഷ്യജീവിതപഠനവും വിശാലമായ ലോകപരിചയവും സ്വഭാവമർമ്മജ്ഞതയുമായിരുന്നു സി. വി യെ എക്കാലത്തേയ്ക്കുമുള്ള ഒരു ആഖ്യായികാകാരനാക്കിയതു്. സി. വി യുടെ കൂട്ടുകെട്ടുകളും പൊതുക്കാര്യജീവിതവുംപോലെ, മേൽപറഞ്ഞ ഗുണങ്ങൾ സമാർജ്ജിക്കുവാൻ സഹായിച്ച മററധികം സാഹചര്യങ്ങൾ ആ ജീവിതത്തിലില്ലായിരുന്നു. അതിനാൽ മി. ഭാസ്കരൻനായർക്കു താല്പര്യമില്ലെങ്കിലും "രാമൻപിള്ളയെ" താണുപിള്ളയുടേയും, കൃഷ്ണപിള്ളയുടേയും മററും കൂട്ടുകാരനായി വിട്ടുകൊടുക്കതന്നെവേണം. ആ നിലയിൽ ജീവചരിത്രകാരൻ സി. വിയ്ക്കു കുറച്ചു പ്രാധാന്യം നൽകിയിട്ടുള്ളതു പൊറുക്കുകയുംവേണം. പ്രേമാമൃതത്തിൽ ഒരുചരിത്രാഖ്യായികയുടെഅത്ഭുതരസോദ്ദീപനം കുറവായിരിക്കാം. എന്നാൽ സ്വഭാവമർമ്മജ്ഞതയും ലോകനിരീക്ഷണശക്തിയും ഭാവനാവിലാസവും പരിഗണിക്കുമ്പോൾ സി വി ചരിത്രാഖ്യായികകളിൽ പ്രദർശിപ്പിച്ചിട്ടുള്ള പാടവം പ്രേമാമൃതത്തിലും ഒട്ടും കുറവല്ലെന്നു കാണാവുന്നതാണു്.

"കഥാരചനയുടെ പ്രാഥമികതത്വങ്ങൾപോലും പ്രേമാമൃതത്തിൽ വിഗണിക്കപ്പെട്ടിരിക്കുന്നു"വെന്നുപറയുവാൻ ആസ്പദമെന്തെന്നു മി. ഭാസ്കരൻനായർ വ്യക്തമാക്കുന്നില്ല. കഥാരചനയിൽ ചില വൈകല്യങ്ങൾ ഉണ്ടെന്നു പ്രേമാമൃതത്തിൻെറ പല നിരൂപകന്മാരും ഇതിനു് മുമ്പുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. പക്ഷേ രചനയുടെ പ്രാഥമികതത്വങ്ങൾ വിഗണിക്കപ്പെട്ടിരിക്കുന്നുവെന്നു പറയുന്ന നിരൂപകൻ താൻ എഴുതിയ വാചകങ്ങളുടെ അർത്ഥം ശരിയായി മനസ്സിലാക്കിയാണോ ലേഖനാരംഭത്തിൽ മുഴുകിയിരിക്കുന്നതെന്നു് സംശയം ജനിച്ചുപോകുന്നു. 'ആരോ പറഞ്ഞിട്ടു ആർക്കോവേണ്ടി എഴുതി'എന്നു പറയുന്നിടത്തും ഇങ്ങനെതന്നെയാണു് പററിയിട്ടുള്ളതു്. എന്തിനു? സി വി-യെ പ്രശംസിക്കുന്നിടത്തുപോലും മി: ഭാസ്കരൻനായർ വാക്യരചനയിലുള്ള ആരോപത്തിൽ മുഴുകിപ്പോകുന്നതല്ലാതെ, എന്താണു താൻ പറയുന്നതെന്നാലോചിച്ചിട്ടില്ല. അദ്ദേഹത്തിൻെറ സാഹിത്യപരമായ ലേഖനങ്ങളിൽ പൊതുവേ കണ്ടുവരുന്ന ഈ ദൂഷ്യത്തെ മി. ജോസഫ് മുണ്ടശേരി മുമ്പൊരവസരത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതായി ഓർക്കുന്നു. പ്രകൃതത്തിൽതന്നെ സി. വി-യുടെ ഭാവനയെപ്പററി അദ്ദേഹം പറയുന്നതും ഗ്രന്ഥനിരൂപണത്തിൽ ശീർഷകസ്ഥാനത്തു് ഉദ്ധരിച്ചിട്ടുള്ളതുമായ ആ വാചകംതന്നെ ഒന്നു പരിശോധിക്കുക "തൻെറ വ്യക്തിത്വംസ്ഫുരിച്ചു്, അതിൻെറ സീമകളെ അതിലംഘിച്ചു തൻ സൃഷ്ടിച്ച കഥാപാത്രങ്ങളുടെ ജീവിതം അനുഭവിച്ചിരിക്കുന്ന ഈ അത്ഭുതമനുഷ്യൻ, കാവ്യകലയുടെ കൈലാസശൃംഗത്തിൽ കരുത്തോടെ കയറിച്ചെന്നു്, ഭുവനബന്ധങ്ങൾ ഭഞ്ജിച്ചെറിഞ്ഞു്, ശുദ്ധഭാവനയുടെ ജ്യോതിർഗോളമായി മാറുന്നതു് നമുക്കു കാണുവാൻ സാധിക്കുന്നു" എന്നുള്ള വാചകത്തിൽ ഒട്ടുപകുതിവരെ, അതായതു് കൈലാസശൃംഗത്തിലേക്കുള്ള കയററംവരെ, നമുക്കു് അദ്ദേഹത്തെ വിശ്വസിക്കാം. അപ്പുറം 'ഭുവനബന്ധങ്ങൾ ഭഞ്ജിച്ചെറിഞ്ഞു്' എന്നു വായിക്കുമ്പോഴേക്കും നാം അമ്പരക്കുന്നു. "അതു്, സി വി-യോ?" എന്നു നാം ചോദിച്ചുപോകുന്നു. ഇല്ല; സി-വി-യുടെ ഭാവന "ഭുവനബന്ധങ്ങൾ ഭഞ്ജി"ച്ചെറിയുന്ന തരത്തിലുള്ളതല്ലെന്നു ആർക്കാണു അറിയുവാൻ കഴിവില്ലാത്തതു? അദ്ദേഹം ഭാവനയിൽ എത്ര ഉയർന്നിട്ടും ഒരു 'മിസ്റ്റിക്കാ' മററം ആയില്ല; ലൗകികകാര്യങ്ങൾതന്നെ പ്രതിപാദിച്ചു; മനുഷ്യ

(ശേഷം പത്താംപേജിൽ)


Sanchi Stupa




തൃപ്തികരമാകുന്ന വല്ല സിഗരററു മുണ്ടെങ്കിൽ അതു് ഓറിയൻറ് സിഗരററാണു്. പൂർവ്വദേശത്തെനിന്ന മററുദേശങ്ങളിൽ നിന്നും വ്യത്യാസപ്പെടുത്തുമാറുള്ള ഒരു ചെറിയ വ്യത്യാസം അതിലുണ്ടു്.

ചക്രവർത്തി അശോകൻ ക്രിസ്താബ്ദത്തിനു് 250 സംവത്സരങ്ങൾക്കു മുമ്പു് പണിചെയ്യിപ്പിച്ച സാഞ്ചിയിലെ സ്തൂപം അനവധി ശതാബ്ദങ്ങൾ കഴിഞ്ഞിട്ടും ഒരു അഴിവുകൂടാതെ പണ്ടത്തെ സ്ഥിതിയിൽതന്നെ നിന്നുവരുന്നു.

ORIENT CIGARETTES
ഓറിയൻറ്
ഇന്ത്യാ ദേശീയ സിഗരററ്
നാഷനൽ ടുബാക്കോ കമ്പനി ഓഫ് ഇന്ത്യാ ലിമിററഡ്
ACI

(മൻപത്താംപേജിൽനിന്നും തുടർച്ച)

കഥാപാത്രങ്ങളെത്തന്നെ സൃഷ്ടിച്ചു. എന്നാൽ മി: ഭാസ്കരൻനായരുടേതു അവിടെയും നില്ക്കുന്നു? അവസാനത്തിൽ സി വി-യെ 'ശുദ്ധഭാവനയുടെ ജ്യോതിർഗ്ഗോളം' ആക്കി മാററിയിട്ടേ അദ്ദേഹം പിന്തിരിയുന്നുള്ളു. ഈ രീതിയിലാണദ്ദേഹത്തിന്റെ നിരൂപണത്തിന്റെ പോക്ക. ഇങ്ങനെയുള്ളവർ സാധാരണ ബന്ധരചനയിൽവ്യാപരിക്കുന്നതുകൊണ്ടുതരക്കേടില്ല; പക്ഷേ ഗ്രന്ഥനിരൂപണത്തിനു പുറപ്പെടുന്നതു സാഹസമാണ്. നിരൂപണത്തിലും ഭാവന ചിലപ്പോൾ നല്ലതുതന്നെ. എന്നാൽ നിരൂപകൻ ശുദ്ധഭാവനയുടെ ജ്യോതിർഗോളമായി മാറിപ്പോകാതെ സൂക്ഷിക്കണം.

പ്രേമാമൃതത്തിലെ കഥാപാത്രങ്ങളുടെ നാമകരണത്തെപ്പററിയാണല്ലോ മി. ഭാസ്കരൻനായരുടെ മറൊരു പരാതി. വിദ്യുജ്ജിഹ്വൻ! മണികണ്ഠൻ, എന്നിങ്ങിനെ നാട്ടിലാരും കേട്ടിട്ടില്ലാത്ത പേരുകൾ പ്രേമാമൃതത്തിലെ 'അന്തരീക്ഷത്തെ അപകടത്തിലാക്കി'യെന്നു അദ്ദേഹം പറയുന്നു. മണികണ്ഠക്കുറുപ്പു എന്ന പേരു ഈ നാട്ടിൽ അത്ര പുത്തരിയോ? ഒരു നോവലിൽ അതുപയോഗിച്ചുവെന്നുവച്ചു അന്തരീക്ഷത്തിനു അത്ര വലിയ അപകടം പററിയതെന്താണ്? പിന്നെ ഈ നാട്ടിൽ നടപ്പില്ലാത്തതായി— ആരും കേട്ടിട്ടില്ലാത്തവയെന്നു പറഞ്ഞുകൂടാ— രണ്ടുപേരുകൾകൂടി പ്രേമാമൃതത്തിലുണ്ട്. അവ വിദ്യുജ്ജിഹ്വനും പുരോചനൻപിള്ളയുമാണ്. അവയിൽ അല്പം പ്രാധാന്യം വിദ്യുജ്ജിഹ്വൻ എന്ന പേരിനാണുള്ളതു. അതു സി. വി: ഈ ആഖ്യായികയിലും പിൽക്കാലത്തു എഴുതിയ അപൂർണ്ണമായ ആത്മചരിത്രത്തിലും തന്നെത്തന്നെ കുറിക്കുവാൻ പ്രയോഗിച്ചിട്ടുള്ള ഒരു പ്രച്ഛന്നനാമം മാത്രമാണ്, ഏതാക്കേറെ ഗോൾഡ്സ്മിത്തു എന്ന ഗ്രന്ഥകർത്താവിന്റെ 'Man in the Black' പോലെ. പുരോചനൻപിള്ള പ്രേമാമൃതത്തിൽ ചുരുക്കംസ്ഥലങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ഒരു അപ്രധാന പാത്രവുമാണ്. ഇവരെക്കൊണ്ടെല്ലാം പ്രേമാമൃതത്തിലെ കഥയുടെ അന്തരീക്ഷം അപകടത്തിലായെന്നു ഒരു നിരൂപകൻ പറയുന്നതുകേൾക്കുമ്പോൾ ആർക്കും ഒരു നേരംപോക്കായേ തോന്നുക. നമ്മുടെ ഇടയിലെ പേരുകൾ ഇട്ടൂപ്പുവണ്, മന്മഥൻപിള്ള, ഗുപ്തൻനായർ, ഋഷികേശക്കുറുപ്പ് മുതലായവ വരെ ആയിട്ടുണ്ട്. കേരളത്തിന്റെ അന്തരീക്ഷം അപകടത്തിലാകുമോ എന്തോ?

പ്രേമാമൃതം 'ഏകാഗ്രമായ ശ്രദ്ധയോ, ഭാവനാവിലാസമോ' കൂടാതെ എഴുതിയതാണെന്നും മററും വിദ്യാർത്ഥികളുടെ ഉപന്യാസങ്ങളെപ്പററി അദ്ധ്യാപകന്മാർ പറയുന്ന രീതിയിൽ സി വി-യുടെ മേൽ കുററം ആരോപിക്കുന്നതു വായിക്കുമ്പോൾ ഈ നിരൂപകൻ ഔദ്ധത്യത്തിന്റെ കൈലാസശൃംഗങ്ങളിൽ കയറിനിന്നു ഔചിത്യബോധത്തെ ഭഞ്ജിച്ചെറിയുന്ന കാഴ്ചയാണ് നാം കാണുക. ഒരു ഗ്രന്ഥം രസിപ്പിക്കുന്നുവെന്നോ മുഷിപ്പിക്കുന്നുവെന്നോ അവനവന്റെ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി ആർക്കും പറയുവാൻ അവകാശമുണ്ട്. എന്നാൽ തനിക്കു ഗ്രന്ഥം രസിച്ചില്ലെന്നുവച്ചു അതിന്റെ കർത്താവു അതിൽ ചെലുത്തിയിട്ടുള്ള ശ്രദ്ധയേയും ആത്മാർത്ഥതയേയും ചോദ്യംചെയ്യുന്നതു അപമര്യാദയാണ്. സി വി യെപ്പററിയാണെങ്കിൽ, ഏതെഴുതിയാലും അതിൽ തന്നെത്താൻ മുഴുകുക എന്നുള്ളതു ഒരു നിയതസ്വഭാവമായിരുന്നു; വിശേഷിച്ചു നോവലുകളിൽ. കഥാഘടന മനസ്സിൽ സങ്കല്പിച്ചുകഴിഞ്ഞാൽ പിന്നെ കഥാപാത്രങ്ങളോടുകൂടെന്നെയും ഒരു താദാത്മ്യമാണ് അദ്ദേഹത്തിനുണ്ടാവുക. പ്രേമാമൃതത്തിൽ ഈ ആത്മാർത്ഥത വളരെയുണ്ട്. മേരികാർലിയുടെ ബെൻഡറാം അതിനു ഒരു പ്രചോദനമായി എന്നുമാത്രമേ ഉള്ളു. അതു പുറം ചട്ടക്കൂടു മാത്രം. സി വി സൃഷ്ടിച്ച കഥയുടെ ചൈതന്യം, അദ്ദേഹത്തിന്റെ സഹജമായ വ്യക്തിപ്രഭാവവിലാസംകൊണ്ടു തികച്ചും സ്വായത്തമായിട്ടുണ്ട്. ഒരു അമ്മിണിക്കുട്ടിയേയോ, മണികണ്ഠക്കുറുപ്പിനെയോ 'ഏകാഗ്രമായശ്രദ്ധയോ ഭാവനാവിലാസമോ' കൂടാതെ എങ്ങനെ സൃഷ്ടിക്കാമെന്നു ഞാൻ പഠിക്കാനും. എത്രകാലത്തെ ഹൃദയാനു-

ധ്യാനയും മനനവ്യഗ്രതയും കൊണ്ടായിരിക്കണം ..തുപോലെയുള്ള കഥാപാത്രങ്ങൾ ഒരു ഭാവനയിൽ രൂപമെടുക്കുന്നതു. പ്രേമാമൃതനിർമ്മിതിയിൽ ആത്മാർത്ഥമായ ഏത് 'പ്രയത്നം' ഇല്ലായിരുന്നുവെന്നു തട്ടിമൂളിക്കുന്ന മി: ഭാസ്കരൻനായർ, സി. വി.യുടെ ചരമവാക്യത്തിൽപോലും അമ്മിണിക്കുട്ടിയുടെ നാമത്തിനു സ്ഥാനമുണ്ടായിരുന്നുവെന്നു സ്മരിച്ചിരുന്നാൽകൊള്ളാം. (സി. വി. യുടെ ജീവചരിത്രത്തിന്റെ ൪൩൧-ാംവശം നോക്കുക)

പ്രേമാമൃതത്തിൽ ചരിത്രാഖ്യായികകളിലേക്കാൾ കൂടുതലായി സി. വി. യുടെ ആത്മപ്രഭാവം നിഴലിക്കുന്നുവെന്നു ജീവചരിത്രകാരൻ പറഞ്ഞിട്ടുള്ളതു വളരെ പരമാർത്ഥമായിട്ടാണു ഈ ലേഖകനും തോന്നിയിട്ടുള്ളതു. സി. വി. നേരിട്ടുകണ്ടതും, നേരിട്ടറിഞ്ഞതും, അനുഭവിച്ചതും പ്രേമാമൃതത്തിൽ വളരെയുണ്ട്. അദ്ദേഹത്തിന്റെ യൗവനകാലത്തിലെ ചുററുപാടുകൾ അതിൽ പ്രതിഫലിക്കുന്നു. സി. വി. തന്നെ അതിൽ പലയിടത്തും പ്രത്യക്ഷപ്പെടുന്നു, ഇവയൊന്നും മനസ്സിലാക്കാതെ വായിച്ചാലും പ്രേമാമൃതം പ്രൌഢസരസമായ ഒരു കൃതിയായിത്തന്നെ തോന്നും. പരിതസ്ഥിതികളും സാഹചര്യങ്ങളും മനസ്സിലാക്കി വായിച്ചാൽ അതിന്റെ സ്വാരസ്യം പതിന്മടങ്ങു പ്രവൃദ്ധമായി അനുഭവപ്പെടും. ശ്രീ: പി. കെ. പരമേശ്വരൻനായർ എഴുതിയ ജീവചരിത്രഗ്രന്ഥം വായിച്ചതിനുശേഷം പ്രേമാമൃതം വായിച്ചപ്പോൾ മുമ്പു അനാകർഷകമായിത്തോന്നിയിരുന്ന പല ഭാഗങ്ങളും കൂടുതൽ രസപ്രദമായി തോന്നിയെന്നുള്ള പരമാർത്ഥവും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. എന്നാൽ മി: ഭാസ്കരൻനായരെ സംബന്ധിച്ചിടത്തോളം ഈ അംശത്തിനു പ്രസക്തിയില്ല. എന്തെന്നാൽ അദ്ദേഹം സി. വി. യുടെ ജീവിതസാഹചര്യങ്ങളിൽ താൽപര്യമില്ലാത്ത ആളാണ്. ഇതിനു മററാരും വിചാരിച്ചാൽ പ്രതിവിധി ഉണ്ടാകുന്നതുമല്ല.

—ഠ—

# ബാപ്പുജി

ടി. എൻ. ഗോപിനാഥൻനായർ

ഈശ്വരാ! അതിന്റെ പരിണാമമങ്ങിനെയോ? പരന്നൊഴുകുന്ന ഇരുട്ടിന്റെ പടർപ്പിൽകൂടി ആ ദാരുണവാർത്ത ലോകമാസകലം ചെന്നലച്ചുകഴിഞ്ഞു. ഭാരതത്തിലെ പ്രകാശംപോയ്! വിറയലോടെ — വിസ്മയത്തോടെ — വേദനയോടെ ലോകത്തിന്റെ കണ്ണുകൾ ബിർളാമന്ദിരത്തിലേക്കു തിരിഞ്ഞു.

ഇതാ - ഇതാ - ആ മുറിയുടെ മദ്ധ്യത്തിൽ വെളുത്ത ഖദർമെത്തയിൽ ഇൻഡ്യയുടെ അഭിമാനം ക്ഷതപ്പെട്ടുകിടക്കുന്നു. ആ അടഞ്ഞകണ്ണുകളിൽ മരണശാന്തത ആലിംഗനംചെയ്തിട്ടുണ്ട്. ആ കണ്ണുകൾ—! പരസഹസ്രം ജനങ്ങൾക്കു ഇത്രനാൾ ആശ്വാസവും സമാധാനവുംനൽകി പരിലാളിച്ച ആ കണ്ണുകൾ ഇനി തുറക്കുകയില്ല. ക്രൂരമായ മരണത്തിനുപോലും കവരാൻകഴിയാത്ത ഒരു മന്ദഹാസം ആ മുഖത്തു തങ്ങിനില്പുണ്ട്. ആളിക്കത്തിയ എത്രയെത്ര പ്രശ്നങ്ങൾക്കു അതു സാന്ത്വനം നൽകിയിട്ടില്ല! ആ ഹൃദയത്തിൽനിന്നും — ഭാരതത്തിന്റെ ആത്മനാളത്തിൽനിന്നും, ഇന്നോളം വില പതിപ്പെടുത്തിയിട്ടില്ലാത്ത പവിത്രരക്തം ഇററിറവീഴുന്നു. മഹാരാഷ്ട്രങ്ങളെ അടിയറവു പറയിപ്പിച്ചിട്ടുള്ള ആ ദൃശ്യകഥഹൃദയത്തിൽ മുറിവുണ്ടാക്കിയതു — ദൈവമേ — ഈ മണ്ണിൽപിറന്നവന്റെ കൈയാണോ? ഉവ്വ്. ആ രക്തബിന്ദുക്കൾ ലോകം ഇതിനുമുമ്പും കണ്ടിട്ടുണ്ട്. ശ്രീകൃഷ്ണന്റെ മെയ്യിൽനിന്നും അതു ഒഴുകിയിട്ടുണ്ട്.? നൂററാണ്ടുകൾക്കുമുമ്പു കാൽവേരിയിൽ ഒരു തേജോമയഗാത്രത്തിൽനിന്നും ഇതേ രക്തം ഇററിറവീണു. സ്നേഹിച്ച അപരാധത്തിനു ലോകം നൽകിയ സമ്മാനം. അതും ഉദാത്തർ കാണേണ്ടുന്ന രക്തമായിരുന്നു! അടിമത്തത്തിന്റെ പൊടിമണ്ണിൽനിന്നും അഭിമാനിക്കാവുന്ന

മനുഷ്യരെ പണിതെടുത്തആ കൈകൾ— അതിപ്പോഴും തെഴുകയാണ്—ഇനി ചലിക്കുകയില്ല. അഹിംസയുടെ സന്ദേശം ചിറകററു ആ മെത്തയിൽ കിടക്കുന്നു. ത്യാഗം മുറിവേററു കിടക്കുന്നു. സത്യം രക്തം ചിന്തിക്കിടക്കുന്നു.

ആഗസ്റ്റ് ൧൫-ാംനു- അർദ്ധരാത്രി ദില്ലിയിലെ കാൺസ്റ്റിററ്യൂഷൻ മണ്ഡപത്തിലെ കൊടിമരത്തിൽ സ്വാതന്ത്ര്യഭാരതത്തിന്റെ ആത്മചൈതന്യമെന്നോണം ചുരുളഴിഞ്ഞ ത്രിവർണ്ണപതാക ഒരു നോക്കുകാണുവാൻ ഇരച്ചുപാഞ്ഞ ജനസമൂഹം, ഇന്നിതാ, ആ ആനന്ദം സമ്മാനിച്ച രാഷ്ട്രപിതാവിന്റെ വിയോഗവാർത്തകേട്ടു ബിർളാമന്ദിരത്തിന്റെ പ്രാന്തങ്ങളിലേക്കു പ്രവഹിക്കുന്നു. അവർക്കു ബാപ്പുജിയെക്കാണണം. ആ മൃതദേഹമെങ്കിലുമൊന്നു കാണണം. കണ്ണീർ വാർത്തുകൊണ്ടുനിൽക്കുന്ന സൈനികർ ആ പ്രവാഹത്തെ തടഞ്ഞുനിറുത്തിയിരിക്കുന്നു.

ആ മുറിയിൽനിന്നും വേദനനിറഞ്ഞ പതിഞ്ഞ സ്വരത്തിൽ ഗീതയിലെ ഗാനങ്ങൾ ഉയരുന്നുണ്ട്. മെഴുകുതിരിഞ്ഞിട്ടും പരിസരത്തിനു പരിമളം പരത്തുന്ന ചന്ദനത്തിരികൾ ഒരു മഹൽജീവിതത്തെ മൗനമായി വാഴ്ത്തുകയാണ്.

ആ മൃതദേഹത്തിന്റെ കാല്ക്കലിരുന്നു തേങ്ങിക്കരയുന്നതു ദേവദാസ് ഗാന്ധിയാണ്. ആന്ദ്രയുടെ ശുശ്രൂഷയിൽ ഗാന്ധിജിയുടെ പൗത്രിമാർ തളർന്നുകിടക്കുന്നു. ഒഴിഞ്ഞ ഒരു കോണിൽ മുഖം പൊത്തി കുരിളംകുഞ്ഞിനെപ്പോലെ വിങ്ങിവിങ്ങിക്കരയുന്നതു പണ്ഡിറ്റ്നെഹ്റുവാണ്. മോട്ടിലാലും മഹാത്മജിയും അദ്ദേഹത്തിനു രണ്ടല്ല തന്നെയും കുടുംബത്തെയും ആനന്ദഭവനത്തിലെ രാജകീയപ്രതാപങ്ങളിൽനിന്നും ജനസാമാന്യത്തിന്റെ പാദശുശ്രൂഷയ്ക്കു —സ്വാതന്ത്ര്യസമരത്തിന്റെ മുൻപന്തിയിലേക്കു വലിച്ചിഴച്ച ബാപ്പുജി— തന്റെ അഭയസ്ഥാനം—ശക്തികേന്ദ്രം ഏതാനും മണിക്കൂറിനുള്ളിൽ അപ്രത്യക്ഷനാകും. കഴിഞ്ഞ വത്സരങ്ങളല്ല—വരാനുള്ള ദിവസങ്ങളെപ്പററിയാണ് പാവം ചിന്തിക്കുന്നതു്.

ഉരുക്കുമനുഷ്യനായ വല്ലഭായിപട്ടേലിന്റെ മുഖത്തേക്കു നോക്കാൻവയ്യ. താങ്ങുകനഷ്ടമായപോലെ അദ്ദേഹം തളർന്നുപോയി, പ്രാർത്ഥനനിറഞ്ഞ ഹൃദയത്തോടെ ആസാദ മഹാരാജമൂലയിൽ അശ്രുബിന്ദുക്കൾവാർത്തു നിന്നിരുന്നു. മദ്രാസിൽനിന്നും അപ്പോഴേക്കും വിമാനമാർഗ്ഗം വന്നുചേർന്ന മൗണ്ട്ബാററൻപ്രഭുവും പത്നിയും നിശ്ശബ്ദരായി ആ മുറിയിൽ പ്രവേശിച്ച ബാപ്പുവിന്റെ സമീപം മുട്ടുകുത്തി പ്രാർത്ഥിക്കുന്നതു മററാരും ശ്രദ്ധിച്ചില്ല. സകലരുടെയും കൺമുൻപിൽ നീളുന്ന ആ നിർദ്ദയമായ ശൂന്യത ലോകമാസകലം വ്യാപിക്കുന്നു. 'ഇനിആരുണ്ട്?'

ചുമരോടുചേർന്ന ആ ചെറുമേശയിൽ ബാപ്പുജിയുടെ പ്രാർത്ഥനാപുസ്തകങ്ങൾ ഒരു നിസ്സഹായതയോടെ വിശ്രമിക്കുന്നു. അദ്ദേഹത്തിന്റെ സന്തതസഹചാരിയായ ആ ചർക്കനിശ്ചലമായി നിശ്ശബ്ദമായി വിലപിക്കുകയായിരുന്നു. ആശ്രമത്തിലും, ജയിലിലും, രാജ[illegible]ിരത്തി[illegible]ും അതു സതീർത്ഥ്യനായിരുന്നു. [illegible] കൈകൾ ഇനി അതിനെ ല[illegible]ക്കുകയില്ല.

[illegible]തിനൊന്നുമണിക്കു ആ മൃത[illegible] യമുനാഘട്ടത്തിലേക്കു കൊണ്ടുപോകും. ബിർളാമന്ദിരത്തിന്റെ ചുററിലും ജനവിലാപം വന്നലയ്ക്കുന്നു ബാപ്പുവിനെ കാണാതെ അവർ പിൻവാങ്ങുകയില്ല. പണിപ്പെട്ടു പുറമേ വന്നെത്തിയ പണ്ഡിറ്റ്ജി പറയുന്ന കല്പനയിൽ അവർ ശാന്തമായി പിരിയുന്നമെന്നപേക്ഷിക്കുന്നു. അവർ പോവുകയില്ല. കസ്തൂർബായുടെ സവിധത്തിൽ എത്തിയിരുന്ന ബാപ്പുജി ആ വിലാപം കേൾക്കുകയാണ്.

വാർദ്ധായിലെ വിളക്കണഞ്ഞു അനേകമനേകം വിനോബാഭാവമാരുടെയും മാൻസലിമാരുടേയും ഗുരുദേവ് യാത്രയായി: ഒരുകാലത്തു രാജാക്കന്മാരുടേയും പ്രജകളുടേയും, മൗലാമിമാരുടേയും തെരുവിലാളികളുടേയും, അധഃകൃതരുടേയും ഉന്നതസ്ഥരുടേയും ആത്മമിത്രമാകാൻ കഴിഞ്ഞ പുണ്യദേഹം അന്ത്യയാത്ര പറഞ്ഞുകഴിഞ്ഞു. ആയുധമില്ലാതെ ഏററവുംമികച്ച ആയുധശക്തിയെ പരാജയപ്പെടുത്തിയ മാന്ത്രികപ്രഭാവൻ-ഒരേസമയത്തു ഏററവും നിർധനനും ഏററവും ധനികനുമാണദ്ദേഹം-ഏററവും ശക്തിഹീനനും ഏററവും ശക്തിപ്രഭാവനുമാണദ്ദേഹം-നന്മയുടെ സക്ഷാൽക്കാരം-ഇന്ത്യയുടെ ജീവൻ-ഏഷ്യയുടെ അഭിമാനം ലോകത്തിലെ ഏററവും വലിയ മഹാൻ-എന്നൊക്കെ നമ്മേവിട്ടു യാത്രപറഞ്ഞു കഴിഞ്ഞു.

ആ മൃതശരീരത്തെ പൊതിഞ്ഞിട്ടുള്ള എണ്ണമററ പുഷ്പഹാരങ്ങൾ വാടിപ്പോയേക്കാം. എന്നാൽ അതിനുള്ളിൽ തുടിച്ചുകൊണ്ടിരുന്ന ആ ഗംഭീരഹൃദയത്തിന്റെ ശബ്ദം ഭാരതത്തിന്റെ ഹൃദയത്തിൽ കാലത്തിന്റെ കല്പനകളിലൂടെ പ്രതിധ്വനിക്കും, ചുററും പടരുന്ന ഇരുട്ടിൽ പടർപ്പിൽ നമുക്കു പ്രകാശനാളം കാട്ടുവാൻ ആ ഹൃദയസ്പന്ദനത്തിന്റെ മൃദുലധ്വനിക്കേ കഴിവുള്ളൂ.



ബെൻഡിവാൻസ്റ്റാൻസ് ഒന്നാമത്തെ ലോകമഹായുദ്ധത്തിൽ കാട്ടിക്കൂട്ടിയ ധീരവിക്രമങ്ങൾ സ്മരിക്കപ്പെടുന്നതാണ്. അവരുടെ സേവനം രണ്ടാം ലോകമഹായുദ്ധത്തിൽ ആദ്യംസംഭവിച്ച ദുരന്തവിഭവം ലഭ്യമായിട്ടുണ്ട്. ബെൻഡിവാൻസ്റ്റാൻസിലെ പാചകശാലയിലെ ഒരു ഭാഗം.

# മഹാത്മജിയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ

1869 അക്ടോബർ 2 ജനനം.

1893 ദക്ഷിണാഫ്റിക്കയിലേക്ക്.

1895 ഇൻഡ്യയിലേക്കു മടങ്ങുന്നു.

1896 വീണ്ടും ദക്ഷിണാഫ്റിക്കയിലേക്ക്.

1899 ബൂവർയുദ്ധത്തിൽ ആംബുലൻസ് ഏർപ്പെടുത്തി സേവനം

1901 ഇൻഡ്യയിലേക്കു മടങ്ങുന്നു

1902 ദക്ഷിണ ആഫ്റിക്കയിലേക്കു വീണ്ടും

1904 ജോഹന്നസ്ബർഗ്ഗിൽ പ്ലേഗു ബാധ. രോഗികൾക്കു ശുശ്രൂഷ നൽകുന്നു

1906 നേറ്റാലിലെ നാട്ടുകാരുടെ ലഹളസംബന്ധിച്ചു മഞ്ചൽവാഹകന്മാരെ ഏർപ്പെടുത്തി സേവനം

1906 ഏഷ്യാററിക്കു വി[illegible] ത്തിനെതിരായി സഹനസമരം ആരംഭിക്കുന്നു

1907 ഡിസംബർ 26 കുടിയേറിപ്പാർപ്പു നിയമത്തിനു രാജകീയാനുമതി ലഭിക്കുന്നു

1907 പ്രസ്തുത നിയമത്തിനെതിരായി നടത്തപ്പെട്ട യോഗത്തിൽ പ്രസംഗിക്കുകയും അറസ്റ്റ്ചെയ്യപ്പെടുകയും ചെയ്യുന്നു

1908 ഫെബ്റവരി. സ്വയമേവ രജിസ്ത്രേഷനു വിധേയമാകുന്നതിനു വേണ്ടി വാദിക്കുന്നു. ജനങ്ങൾ ഗാന്ധിജിയെ കയ്യേററംചെയ്യുന്നു

1913 സെപ്തംബർ ഭാരതീയരുടെമേൽ നികുതിചുമത്തുന്നു. സഹനസമരം പുനരാരംഭിക്കുന്നു

1913 ഗാന്ധി-സ്മട്ട്സ്സന്ധി

1914 ജനുവരി ദക്ഷിണാഫ്റിക്കൻ ഗവൺമെൻറുമായി താല്ക്കാലസന്ധി

1914 സെപ്തംബർ ലണ്ടനിലേയ്ക്കു മഹായുദ്ധത്തിൽ സഹായിക്കുന്നതിനു ഇന്ത്യൻവാളൻറിയർസൈന്യത്തെ രൂപീകരിക്കുന്നു.

1915 ഗവർമ്മെൻറ ഗാന്ധിജിക്കു കൈസർ ജഹന്ദ്മെഡൽ സമ്മാനിക്കുന്നു

1916 അഹമ്മദാബാദിൽ സത്യഗ്രഹാശ്രമം സ്ഥാപിക്കുന്നു

1917 ഏപ്രിൽ ചാംപറാനിൽവച്ചു അറസ്ററുചെയ്യപ്പെടുന്നു

1919 ഫെബ്റവരി റൗലററു നിയമം

1919 ഫെബ്റവരി 28—റൗലററു നിയമത്തെ പ്രതിഷേധിച്ചു സത്യഗ്രഹപ്രതിജ്ഞ

1919 ഏപ്രിൽ 18—സത്യഗ്രഹം നിറുത്തിവയ്ക്കുന്നു. ഉപവാസം

1918-19 ഖിലാഫത്തും പഞ്ചാബ് അത്യാഹിതവും സംബന്ധിച്ചുള്ള പ്രക്ഷോഭണം

1920 കൈസർ ഇ ഹിന്ദ് മെഡൽ ഉപേക്ഷിക്കുന്നു. നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നു.

1921 ഫെബ്റവരി - കോണാട്ടുപ്രഭുവിനു തുറന്ന കത്തു്

1921 മേ - റീഡിംഗ്പ്രഭുവുമായി കൂടിക്കാഴ്ച

1921 നവംബർ – വെയിൽസ്രാജകുമാരൻെറ സന്ദർശനം. ബാംബെ ലഹളകൾ

1922 റീഡിംഗ്പ്രഭുവിനു അന്ത്യശാസനം

1922 ഫെബ്റവരി 14—ചൗരി ചൗരായിലെ അനിഷ്ടസംഭവങ്ങൾ

1922 മാർച്ച് 10—അഹമ്മദബാദിൽവച്ചു അറസ്ററുചെയ്യപ്പെടുന്നു. കേസ്സുവിചാരണയും ജയിൽവാസവും

1924 ഫെബ്റവരി – മോചനം

1924 ഏപ്രിൽ - "യങ്ങ്ഇൻഡ്യ"യുടെ പത്രാധിപത്യം വീണ്ടും ഏറെറടുക്കുന്നു

1924 സെ 11—ഉപവാസം. ഡൽഹിസമ്മേളനം

1924 ഡിസംബർ - ബൽഗാം കാൺഗ്രസ്സ്സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നു

1929 മാർച്ച്—കൽക്കട്ടയിൽ വിദേശവസ്ത്രദഹനം

1929 ഡിസംബർ— ലാഹോർ കാൺഗ്രസ്സ് സമ്മേളനം. സ്വാതന്ത്ര്യപ്രഖ്യാപനപ്രമേയം

1930 ഫെബ്റവരി 15 കാൺഗ്രസ്സിൻെറ ഡിക്റ്റേറററായി എ ഐ. സി. സി. ഗാന്ധിജിയെ നിർദ്ദേശിക്കുന്നു. സിവിൽആജ്ഞാലംഘനവും അംഗീകരിക്കപ്പെടുന്നു.

1930 മാർച്ച് 4 ഇർവിൻപ്രഭുവിനു കത്തു്

1930 മാർച്ച് 12 ദണ്ഡിയാത്രാരംഭം

1930 ഏപ്രിൽ 6 ദണ്ഡിയിൽവച്ചു ഉപ്പുനിയമം ലംഘിക്കുന്നു.

1931 ജനുവരി 26 അറസ്ററുചെയ്യപ്പെടുന്നു

1931 മേ 5 മോചനം

1931 ആഗസ്റ്റ് 29 ഇംഗ്ലണ്ടിലേയ്ക്കു പുറപ്പെടുന്നു

1931 ഡിസംബർ 28 ഇൻഡ്യയിലേക്കു തിരിച്ചെത്തുന്നു.

1932 ജനുവരി 4 അറസ്ററുചെയ്യപ്പെടുന്നു

1232 ജൂൺ 7 ജയിലിൽവച്ചുള്ള സന്ദർശനത്തിനുള്ള അവകാശം ഉപേക്ഷിക്കുന്നു

1932 സെപ്തംബർ 12 പ്രധാനമന്ത്രിയുടെ വർഗ്ഗീയതീരുമാനം ഉടൻ ഭേദപ്പെടുത്താത്തപക്ഷം താൻ മരണംവരെ ഉപവസിക്കുന്നതാണെന്നുകാണിച്ചു പ്രധാനമന്ത്രിക്കും ഇന്ത്യാസെക്രട്ടറി സർ സാമുവൽഹോറിനും കത്തെഴുതുന്നു

1932 സെ: 20 മദ്ധ്യാഹ്നത്തിൽ ഉപവാസം ആരംഭിക്കുന്നു. വ്യവസ്ഥകളോടുകൂടിയുള്ള മോചനാനുവാദം നിഷേധിക്കുന്നു

1932 സെ 21 ഡാ: അംബെദ്ക്കർ, മി. എം. സി. രാജ, പണ്ഡിതമാളവ്യ എന്നിവർ മഹാത്മജിയെ യർവാദാജയിലിൽചെന്നു സന്ദർശിക്കുന്നു

1932 സെ 24 മാളവ്യ സമ്മേളനത്തിലെ നിശ്ചയം പ്രധാനമന്ത്രിയെ കേബിൾവഴി അറിയിച്ചു. ഗാന്ധിജിയുടെ ജീവനെ രക്ഷിക്കണമെന്നു അഭ്യർത്ഥിക്കുന്നു

1932 സെ 26 ഗവർമ്മെൻറ പൂനാക്കരാർ അംഗീകരിക്കുന്നതായി അസംബ്ളിയിലും കൗൺസിലിലും പ്രഖ്യാപനം വൈകുന്നേരം 5 മണിക്കു ഉപവാസലംഘനം

1932 സെ: 30— ഉപവാസകാലത്തു അനുവദിക്കപ്പെട്ടിരുന്ന സൗജന്യങ്ങൾ പിൻവലിക്കുന്നു.

1932 നവം: 5—അസ്പൃശ്യതനീക്കുന്നതിനുള്ള പ്രക്ഷോഭണത്തെപ്പററി ഒന്നാമത്തെ പ്രസ്താവന.

1933 ഏപ്രി: 29— മൂന്നുവാരക്കാലത്തേക്കു ഉപവാസം നടത്തുന്നതിനു ഗാന്ധിജി നിശ്ചയിക്കുന്നു

1933 മേ: 8- ഉച്ചയ്ക്കു 12 മണിയ്ക്കു ഉപവാസം ആരംഭിക്കുന്നു. രാത്രി 9 മണിയ്ക്കു മോചിപ്പിക്കപ്പെടുന്നു.

1933 മേ: 9 —സിവിൽ ആജ്ഞാലംഘനം ആറുവാരക്കാലത്തേക്കു നിറുത്തിവയ്ക്കുന്നതായി പ്രസ്താവിക്കുകയും അടിയന്തിരനിയമങ്ങൾ പിൻവലിയ്ക്കുന്നതിനു ഗവൺമെൻറിനോടു ആവശ്യപ്പെടുകയും ചെയ്യുന്നു

1933 മേ: 29 - ഉച്ചയ്ക്കു 12-30-നു് ഉപവാസം അവസാനിപ്പിയ്ക്കുന്നു.

1933 ജൂലൈ: 15—സന്ദർശനാനുവാദത്തിനു വൈസ്രോയിയ്ക്കു കമ്പി സന്ദേശം.

1933 ജൂലൈ 17—സന്ദർശനം നിഷേധിക്കപ്പെടുന്നു.

1933 ജൂലൈ 18—അപൽക്കരമായ നിലയാണു വൈസ്രോയിയുടെ മറുപടിസംജാതമാക്കുന്നതെന്നു പത്രപ്രവർത്തകരോടു ഗാന്ധിജി പ്രസ്താവിക്കുന്നു.

1933 ജൂലൈ 26—സബർമതി ആശ്രമം പിരിച്ചുവിടുന്നതിനു നിശ്ചയിച്ചിരിക്കുന്നതായ് പ്രസ്താവിക്കുന്നു.

1933 ജൂലൈ 30 - താൻ 33 അനുയായികളുമായി അഹമ്മദബാദിൽനിന്നു റാസ്ഗ്രാമത്തിലേക്ക് മാർച്ചു ചെയ്യുന്നതാണെന്നു ബോംബെ ഗവൺമെൻറിനെ അറിയിപ്പു നൽകുന്നു.

1933 ജൂലൈ 31— ഗാന്ധിജിയേയും 33 അനുയായികളേയും അറസ്ററു ചെയ്തു സബർമതി ജയിലിൽ ബന്ധനസ്ഥരാക്കുന്നു.

1933 ആഗസ്ററു 2—ഗാന്ധിജിയെ എറവാദാ ജയിലിലേയ്ക്കു മാററുന്നു.

1933 ആഗസ്ററു 4—ഗാന്ധിജി ബന്ധനവിമുക്തനാകുന്നു നിരോധനാജ്ഞാ ലംഘനത്തിനു വീണ്ടും അറസ്ററു ചെയ്യപ്പെടുന്നു

1933 ആഗസ്റ്റ് 16 ഉപവാസം

1933 ആഗസ്റ്റ് 21 —സാസൂൺ ആശുപത്രിയിലേയ്ക്കു ഗാന്ധിജിയെ മാററുന്നു.

1933 ആഗസ്റ്റ് 23 - നിരുപാധികമായി ഗാന്ധിജിയെ മോചിപ്പിക്കുന്നു.

1933 സെ: 14– 1934 ആഗസ്റ്റ് വരെ സിവിൽ നിയമലംഘനം നിർത്തിവയ്ക്കുന്നതായി പ്രസ്താവന.

1933 നവം: 7 ഹരിജനോദ്ധാരണത്തിനു സി. പി. യിൽ യാത്രതുടങ്ങുന്നു.

1934 മാർച്ച് 11 - ഭൂകമ്പബാധിതപ്രദേശ സന്ദർശനാർത്ഥം പാട്നായിൽ എത്തുന്നു.

1934 ഏപ്രിൽ 7 സിവിൽ നിയമലംഘനം നിർത്തിവയ്ക്കുന്നു. മേ 20 ൽ എ. ഐ. സി. സി. സിവിൽ നിയമലംഘനം നിർത്തിവയ്ക്കുന്നു.

1934 ജൂൺ 25 – ഗാന്ധിജിയുടെമേൽ ബോംബു എറിയുന്നു. അദ്ദേഹത്തിനു അപായം സംഭവിച്ചില്ല.

1934 ആഗസ്റ്റ് 3 –ഹരിജനോദ്ധാരണാർത്ഥമുള്ള സഞ്ചാരം സമാപിക്കുന്നു.

1934 ആഗസ്റ്റ് 7 വാർദ്ധായിൽ വച്ചു ഒരു വാരത്തേക്കുള്ള ഉപവാസം ആരംഭിക്കുന്നു.

1934 ആഗസ്റ്റ് 14 ഉപവാസം അവസാനിക്കുന്നു.

1934 സെ: 4 – കാൺഗ്രസിൽ നിന്നു ഒഴിയുന്നെന്നുള്ള വാർത്തയെപ്പററി ഗാന്ധിജിയുടെ പ്രസ്താവന. സെ: 17—കാൺഗ്രസിൽ നിന്നു മാറുന്നതിനു ആലോചിക്കുന്നതിനെപ്പററി മറെറാരു പ്രസ്താവന.

1934 സെ: 20 –അടുത്തു വരുന്ന അസംബ്ളി തിരഞ്ഞെടുപ്പിനെപ്പററി ശ്രീ അണേയുമായി ഒരു സംയുക്തപ്രസ്താവന,

1934 അക്ടോ: 1[illegible]— കാൺഗ്രസ്സു ഘടന പരിഷ്കരിക്കുന്നതു സംബന്ധിച്ചു ഒരു പ്രസ്താവന. കാൺഗ്രസിൻെറ ഘടനയിൽ ഭേദഗതികൾ നിർദ്ദേശിച്ചു കൊണ്ടു പ്രസ്താവന അക്ടോബർ 31

1934 ഡിസം: 12—അതിർത്തി പ്രവിശ്യ സന്ദർശിക്കുന്നതു സംബന്ധിച്ചു വൈസ്രോയിയ്ക്കയച്ച കത്തുകൾ ഗാന്ധിജി പ്രസിദ്ധപ്പെടുത്തുന്നു.

1935 മാർച്ച് 23 നാലാഴ്ചക്കാലത്തേക്കു മൗനവ്രതം.

1936 ഏപ്രിൽ 30 – വാർദ്ധായിൽനിന്നു 5 മൈൽ അകലെയുള്ള സീഗാൺ ഗാന്ധിജിയുടെ ഹെഡ്ക്വാർട്ടേഴ്സ് ആകുന്നു

1936 ഡിസം: 27 - ഫൈസ്പുരി കാൺഗ്രസ്സുസമ്മേളനത്തിൽ ഗാന്ധിജി പ്രസംഗിക്കുന്നു.

1936 ഏപ്രിൽ 9—ഇന്ത്യൻ പ്രശ്നത്തിൻെറ ഋഷ്യടസ്വഭാവത്തെപ്പററി സെററലൻഡു പ്രഭു പാർലമെൻറിൽ ഒരു പ്രസ്താവന ചെയ്യുന്നു.

1936 ഏപ്രിൽ 16 ഒരു മദ്ധ്യസ്ഥ സമിതിനിയമിക്കപ്പെടണമെന്നു ഗാന്ധിജി ആവശ്യപ്പെടുന്നു.

1937 ജൂലൈ 17 കാൺഗ്രസ്സ്മന്ത്രിസഭകളെപ്പററി ഗാന്ധിജിയുടെ ഒരു പ്രസ്താവന

1937 സെപ്തംബർ 26 ഗാന്ധിവാരം ആരംഭിക്കുന്നു

1937 നവംബർ 20 വർഗ്ഗീയലഹളകളെയും തൊഴിലാളിബഹളങ്ങളെയും അമർച്ചചെയ്യുന്നതിനു കാൺഗ്രസ്സുമന്ത്രിമാർ ബലപ്രയോഗത്തെ അവലംബിക്കുന്നതിനെപ്പററി താക്കീതുചെയ്യുന്നു

1938 അക്ടോബർ പ്രധാനപ്രശ്നങ്ങളെ പക്ഷപാതബുദ്ധിയോടുകൂടി വീക്ഷിക്കുന്നതായി കാണുന്നതിൽ ഖേദം പ്രകടിപ്പിക്കുകയും, സോഷ്യലിസ്ററുകക്ഷി അംഗങ്ങൾ എ. ഐ സി. സി ൽനിന്നും പുറത്തിറങ്ങിപ്പോയതിനെ വിമർശിക്കുകയും ചെയ്യുന്നു.

1938 - 1939 നാട്ടുരാജ്യപ്രജകളുടെ കാര്യത്തിൽ താല്പര്യം പ്രദർശിപ്പിക്കുന്നു

1939 ജനുവരി സുഭാഷ്ബോസിനെ കാൺഗ്രസ്പ്രസിഡൻറായി തിരഞ്ഞെടുക്കുന്നതിനെപ്പററി പ്രതികൂലാഭിപ്രായം പ്രകടിപ്പിക്കുന്നു


1939 മാർച്ച് രാജ്കോട്ടിലെ ഉപവാസം രാജാവു ജനങ്ങളോടുചെയ്ത പ്രതിജ്ഞ ലംഘിച്ചതിനോടുള്ള പ്രതിഷേധം. വൈസ്രോയി ഇടപെട്ടു ഫെഡറൽകോടതി ചീഫ്ജസ്റ്റീസിൻെറ തീരുമാനത്തിനു പ്രസ്തുത തർക്കം സമർപ്പിക്കുന്നു.

1939 ഏപ്രിൽ മേ് നാട്ടുരാജ്യപ്രക്ഷോഭണം നിർത്തിവയ്ക്കുന്നു

(ശേഷം എട്ടാംപേജിൽ)



ആലൻപാറ്റേർസൺ ബ്രിട്ടീഷുകായികാഭ്യാസികളിൽ അദ്വിതീയനായ ഒരു പത്തൊൻപതുവയസ്സുകാരനാണ്. അടുത്തകളിമ്പിക്ഷമത്സരത്തിൽ പങ്കെടുക്കുന്നതിനായി അദ്ദേഹത്തെ സിംഗപ്പൂരിലേക്കു മാറിയ ഉത്തരവു റദ്ദുചെയ്തിരിക്കുന്നു.



അമ്മയും മകളും — ബ്രിട്ടനിലെ ഒരു പ്രശസ്തസിനിമാതാരമായ മാർഗററ ലോക്കവുഡിന്റെ പുത്രി ൭ വയസ്സു പ്രായമുള്ള "ടൂട്ട്സ്" സ്വമാതാവിനോടു കൂടി ഒരു പുതിയ ചിത്രത്തിൽ നടിക്കുന്നു. ഒരു നിമിഷനേരത്തെ ആനന്ദാനുഭവത്തിനുവേണ്ടിയുള്ള ഒരു സ്ത്രീയുടെ ത്യാഗപൂർണ്ണമായ സമരത്തിന്റെ ചരിത്രമാണു ഇതിൽ ചിത്രീകരിക്കപ്പെടുന്നതു്.

## ഒരു വാർത്താവിതരണസ്ഥാപനത്തിന്റെ പുനഃസംഘടനം

ലണ്ടൻ ജനു: ൩൧ — പല പത്രങ്ങളുടേയും പ്രസിദ്ധീകരണകർത്താവായ എഡ്വേർഡ് ഹ്യൂംട്ടന്റെ വാർത്താവിതരണ ഏജൻസി ഒരു പുതിയകമ്പനി ഏറെറടുത്തിരിക്കുന്നു. മധ്യധരണ്യാഴിമുതൽ വിദൂരപൌരസ്ത്യദേശം വരെ വ്യാപിച്ചു കിടക്കുന്ന ഈ ഏജൻസിയുടെ നിയന്ത്രണം കൈയേററിട്ടുള്ളതു 'ഡർ ആൻറ് ഫാർഈസ്റ്റ് ന്യൂസ് ലിമിററഡ്' എന്ന പേരിൽ രജിസ്റ്റർ ചെയ്ത ഒരു കമ്പനിയാണ്. ഈ കൈമാററം "ഗ്ലോബ് ഏജൻസി (ഹ്യൂംട്ടൺ) ലിമിററഡ് ഓഫ് ഇൻഡ്യ" 'സ്റ്റാർന്യൂസ് ഏജൻസി ലിമിററഡ് പാകിസ്ഥാൻ' അറബ് ന്യൂസ് ഏജൻസി-ലിമിററഡ് ഈജിപ്റ്റ്" എന്നീ ഏജൻസികളേയും തുക്കിയിൽ ഹ്യൂംട്ടനുള്ള താൽപ്പര്യങ്ങളേയും ബാധിക്കുന്നു.

ഈ വാർത്താസംഭരണവിതരണശൃംഖല തുടർന്നുപോവാനും വികസിപ്പിക്കുവാനുമുള്ള സാമ്പത്തികസഹായങ്ങൾ ചെയ്യുന്നതു ടോമ ക്ലാർക്ക്, ബഹു: അലൻഹെയർ, മോറീസ് മാക്മില്ലൻ എന്നിവരാണ്. ടോമ്ക്ലാർക്ക് ഫ്ലീററ്സ്ട്രീററിലെ ഒരു പ്രാമാണികവ്യക്തിയാണ്. ലിസ്റ്റോവൽ പ്രഭുവിന്റെ സഹോദരനാണ് അലൻ ഹേർ. മാക്മില്ലൻ പ്രസിദ്ധീകരണാലയവുമായി ബന്ധമുള്ള ആളാണ് മോറിസ മാക്മില്ലൻ.

ഇന്നു ഈ സംയുക്ത ഏജൻസികൾ അതാതു ദേശങ്ങളിലുള്ള അനേകം പ്രധാനപത്രങ്ങൾക്കു വാർത്തകൾ വിതരണം ചെയ്യുന്നുണ്ട്. പുതിയ കമ്പനിയുടെ പ്രവർത്തനം ലോകത്തിന്റെ മററു ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കേണ്ട കാര്യം ആലോചനയിലിരിക്കുന്നു.

ഗ്ലോബിനു ബർമ്മ, സയാം, മലയ, ഇന്ത്യ എന്നീ സ്ഥലങ്ങളിൽ പ്രതിനിധികളുണ്ട്. (ഗ്ലോബ്)

—o—

# കൊടുംകല്ലൂരും പൂണിത്തുറയും

റി. കെ. ജോസഫ്, ബി. എ., എൽ. റി.

കൊടുങ്ങല്ലൂരിനെപ്പററി മകരം ൧൮-ലെ മലയാളരാജ്യം വാരികയിൽ ശ്രീ: രാജം അവർകൾ രസകരമായ പല കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. കൊടുങ്ങല്ലൂരിന്റെ ഏററവും പ്രാചീനരൂപം (ഏകദേശം ക്രി: ൮-ാം-ശതകത്തിലേത്) മലയാളരേഖകളിലല്ല, തമിഴ്രേഖകളിലാണു കാണുന്നതു്. കൊടുംകോളൂർ എന്നാണ് ആ രൂപം. അന്നോ അതിനുമുമ്പോ മലനാട്ടിലുണ്ടായിരുന്ന രൂപം എന്തെന്നു നിശ്ചയിപ്പാൻ നിവൃത്തിയില്ല. കൊടുംകോളൂരല്ല പില്ക്കാലത്തു കൊടുങ്ങല്ലൂരായതു്. കൊടുങ്ങല്ലൂരെന്നു പറയുന്നതും ധാരാളമുണ്ട്, അതു നാക്കിന്റെ പിശകാണ് എന്നു പറയാമോ? അടുത്തുതന്നെ ഇളങ്ങല്ലൂരും (ഇടപ്പള്ളി) ഉണ്ട്. അതാണ് ഇളങ്ങല്ലൂരാക്കിയിട്ടില്ലെന്നു തോന്നുന്നു. കൊടുങ്ങല്ലൂർ ഇളങ്ങല്ലൂർ എന്നിവ ശരിയാണെന്നു സങ്കല്പിച്ചാൽ അവ കൊടും-കൽ ഊരും ഇളം-കൽ-ഊരും ആണെന്നു വ്യാഖ്യാനിക്കാം. കൊടുംകല്ല് കൊടുങ്ങല്ലൂർ ഭദ്രകാളിയുടെ കൊടിയശിലാവിഗ്രഹമാണെന്നു പറയാം. മററു ഊരിലെ വിഗ്രഹം അത്ര കൊടുമയുള്ളതല്ലായിരിക്കാം.

ആദിമരൂപം കടുങ്ങല്ലൂർ എന്നായിരുന്നോ? കടുങ്ങനല്ലൂർ എന്നൊരു സ്ഥലം വടക്കൻതിരുവിതാംകൂറിൽ (കോടിൽ) ഉണ്ട്. കടും കൽ-നല്ലൂർ=കടുങ്ങനല്ലൂർ=കടുങ്ങല്ലൂർ എന്നു പരിണമിക്കാനിടയുണ്ട്.

കടുങ്ങല്ലൂ-കടുങ്ങനല്ലൂർ എന്നിവയുംവേറൊരു നിഷ്പത്തിയും പറയാം. സുപ്രസിദ്ധനായ ചെങ്കുട്ടുവപ്പെരുമാളുടെ പിൻവഴിയായി ക്രി: മൂന്നാംശതകത്തിൽ 'പെരുംകടുംകോ' എന്ന ബിരുദമുള്ള ഒരു ചേരൻ ഉണ്ടായിരുന്നു. തിനുമുമ്പും ആ ബിരുദമുണ്ടായിരുന്നിരിക്കാം: അവരിലൊരുവന്റെ നല്ല ഊരിനുകടുംകോനല്ലൂർ എന്നു പേരിട്ടു എന്നു വിചാരിക്കാം. കടുംകോനല്ലൂരിലെ കോ ഹ്രസ്വമായും നകാരം ലോപിച്ചും കടുംകൊല്ലൂരുണ്ടായിട്ട്, അതു പിന്നെ കടുങ്കല്ലൂർ കടുങ്ങല്ലൂരായി എന്നുവിചാരിക്കാം. ഇളംകോനല്ലൂർ ഇളങ്ങല്ലൂ(ളൂ)രും ആയി എന്നുവരാം. ഇളംകോ=ഇളയരാജാവു്. (കോടിലിംഗപുരം, കോടരപുരം എന്ന സംസ്കൃതരൂപങ്ങൾ ഗണ്യങ്ങളല്ല.)

കൊടുങ്ങല്ലൂർപ്പുഴയുടെ തീരത്തുണ്ടായിരുന്ന ഒരു അറവുമുഖമായിരുന്നു മുശിരി (മുയിരിക്കോട്.) ക്രി: ൬൦-ൽ മുശിരിത്തുറമുഖം ഉണ്ടായിരുന്നു. മുയിരിക്കോടു എന്ന രൂപത്തിൽ അതു കൊച്ചി ശ്ശൈമാണിയായിരുന്ന ഇരവിചാത്തന്റെ (ഏകദേശം ക്രി. ൧൦൦൦-മാണ്ടത്തെ) ചെപ്പേടിൽ കാണുന്നു. ഈ മുശിരിത്തുറമുഖം പരദേശികൾവന്നു സ്ഥാപിച്ചതാണെന്നു തോന്നുന്നു. കപ്പദോക്കിയാ (Caprdocia)യിൽ Musiris എന്നു പേരുള്ളൊരു പട്ടണമുണ്ടായിരുന്നു അപ്പേരുതന്നെ ഇവിടെ സ്ഥാപിച്ചതുമാകും കൊടുത്തു എന്നുവരാം. തമിഴ്നാട്ടിൽ ഒരു മുശിരി ഇന്നുണ്ട്. അതും പ്രാചീനമായിരിക്കാം.) മുശിരിക്കു അർത്ഥമെന്തോ? ക്രി. നാലാംശതകത്തിൽ ഒരു സഞ്ചാരിവന്നു താമസിച്ച മുശിരിയിലെ മണ്ണുപരിശോധിച്ചെന്നു രേഖയുണ്ട്.

മകോതൈ എന്നൊരുപട്ടണവും കൊടുങ്ങല്ലൂരുണ്ടായിരുന്നു. അതു 'കുടകരമേൽ' ആയിരിക്കുന്നെന്നു പുരാതന തമിഴ്കൃതിയിൽ പറഞ്ഞിരിക്കുന്നു. ക്രി. ൯-ാംവു-ാം ശതകത്തിനുമുൻപു മകോതൈ എന്ന പേരു തമിഴിലോ മലയാളത്തിലോ കാണുന്നില്ല. മണിഗ്രാമ (=വണിക-രാഷ്ട്ര) പട്ടം കിട്ടിയ ഇരവികൊർത്തന്റെ (ക്രി. ൧൩൨൦ലെ ചെപ്പേടിൽ മകോതൈ എന്ന പഴയ പേരു 'മകോതൈയർ പട്ടിണം" ആയി. അർത്ഥം മകോതൈയിലെ രാജാവിന്റെ പട്ടണം ഇതാണു മഹോ(മഹാ)ദേവർപട്ടണം എന്നാണു നസ്രാണികളുടെ ആധാരങ്ങളിലും മററും എഴുതുന്ന പേരു്.

ഇതു ഒരു പരദേശിനസ്രാണിവന്നു സ്ഥാപിച്ചതാണെന്നാണ് മലങ്കരനസ്രാണികളുടെ (= മലയാളത്തെ അതിപ്രാചീന ക്രിസ്ത്യാനികളുടെ) ഐതിഹ്യം അതിന്നാധാരമായി ഒരു ചെപ്പേടുണ്ടായിരുന്നു. ക്രി ൧൫൪൪-ൽ അതു പറങ്കിയെ ഏല്പിച്ചു പിന്നെ അതു കണ്ടിട്ടില്ല! അന്നു കൊച്ചിയിലെ ഒരു യൂദനെക്കൊണ്ടു പറങ്കി ചെയ്യിച്ച തർജ്ജിമയുടെ പറങ്കിപ്പരിഭാഷ ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ട്. മലങ്കര നസ്രാണികളുടെ രണ്ടുമുതൽ (=ആദിമസ്ഥാനങ്ങളിൽ ആദ്യത്തേതാണ് മകോതൈപട്ടണം (മഹാദേവ എന്നു ശ്രീ രാജംവിന്റെ ലേഖനത്തിൽ കാണുന്നതു് മകോതൈ ആണ്. വരാപ്പുഴയാണ് അല്ലാതെ വീരപ്പള്ളി Verapoly ആക്കിയതു്.)

മകോതപട്ടണം സ്ഥാപിച്ച പരദേശിയുടെ സുറിയാനിഭാഷയിൽ മഹോസാ=പട്ടണം. മഹോസാ തമിഴിൽ മകോതൈയും സംസ്കൃതത്തിൽ മഹാദേവവും ആയി. അയാളുടെ ദേശത്തു മഹോസാ എന്നുതന്നെ പേരുള്ള രണ്ടുമൂന്നു പട്ടണങ്ങളുണ്ടായിരുന്നുതാനും: നമ്മുടെ Patna വെറും പട്ടണത്തിന്റെ രൂപമാണല്ലോ. പട്ടണം പൊടി. പട്ടണം പക്കം എന്നിവയിലെ പട്ടണം മദ്രാസാണ്. പട്ടണംമുതലാളി സുപ്രസിദ്ധനായ പൂവാററുമുതലാളി (മുസ്ലിം) ആണല്ലോ.

മുശിരിയും മകോതയും (കൊല്ലംതുറമുഖവും) പരദേശികൾവന്നു സ്ഥാപിച്ചപോലെ തൃപ്പൂണിത്തുറയും പരദേശി നിർമ്മിതമാണെന്നുതോന്നുന്നു. പൂനി (Phoeni) എന്നു പ്രാചീനഫിനിഷ്യർക്കു പേരുണ്ടായിരുന്നു. Phoeni (പൂനികൾ) വന്നു സ്ഥാപിച്ച തുറ പൂനി(ണി)ത്തുറ. തൃപ്പൂണിത്തുറയല്ലാതെ ഒരു പൂണിത്തുറയും കായൽക്കരയിൽ (തെക്ക്) ഉണ്ടെന്നു കേട്ടു. സൂക്ഷ്മം അറിഞ്ഞില്ല. രണ്ടു പൂണിത്തുറയും ഫിനീഷ്യർ വന്നു സ്ഥാപിച്ചതായിരിക്കാം. അന്ന് അവ കടൽത്തുറകളായിരുന്നു എന്നും വിചാരിക്കാം. ഇന്നവ കായൽത്തുറകളാണല്ലോ.

—o—

Printed and published by N Chandrasekharan Nair at the Sree Rama Vilas Press, Quilon.